# മഹാത്മാഗാന്ധി സർവ്വകലാശാല

## 2024 ഡിസംബർ 31, ചൊവ്വാഴ്ച രാവിലെ 10.30-ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (24.08) നടപടിക്കുറിപ്പുകൾ

**(27.12.2024, 28.12.2024 തീയതികളിൽ കൂടാൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ യോഗം)**

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. ടി. അരവിന്ദകുമാർ | വൈസ് ചാൻസലർ (അദ്ധ്യക്ഷൻ) |
| 2. | ശ്രീ. ഹരികൃഷ്ണൻ പി. | സിൻഡിക്കേറ്റംഗം |
| 3. | ഡോ. സുമേഷ് എ എസ് | സിൻഡിക്കേറ്റംഗം |
| 4. | ഡോ. ജോജി അലക്സ് | സിൻഡിക്കേറ്റംഗം |
| 5. | ഡോ. സുജ ടി വി | സിൻഡിക്കേറ്റംഗം |
| 6. | ശ്രീ. അരുൺ കെ ശശീന്ദ്രൻ | സിൻഡിക്കേറ്റംഗം |
| 7. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 8. | അഡ്വ. റെജി സഖറിയ | സിൻഡിക്കേറ്റംഗം |
| 9. | ശ്രീ. പി. ബി. രതീഷ് | സിൻഡിക്കേറ്റംഗം |
| 10. | ഡോ. ബീന മാത്യു | സിൻഡിക്കേറ്റംഗം |
| 11. | ഡോ. ബൈജു കെ. ആർ. | സിൻഡിക്കേറ്റംഗം |
| 12. | ഡോ. പി. എസ്. രാധാകൃഷ്ണൻ | സിൻഡിക്കേറ്റംഗം |
| 13. | ഡോ. സെനോ ജോസ് | സിൻഡിക്കേറ്റംഗം |
| 14. | ഡോ. അജിമോൻ ജോർജ്ജ് | സിൻഡിക്കേറ്റംഗം |
| 15. | ഡോ. ബിബിൻ കുര്യാക്കോസ് | സിൻഡിക്കേറ്റംഗം |
| 16. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 17. | അഡ്വ. പി. ബി. സതീഷ് കുമാർ | സിൻഡിക്കേറ്റംഗം |
| 18. | അഡ്വ. ജോബ് മൈക്കിൾ എം എൽ എ | സിൻഡിക്കേറ്റംഗം |

സിൻഡിക്കേറ്റ് അംഗങ്ങളായ, ശ്രീ. അമൽ എബ്രഹാം, ശ്രീമതി. സിനി ജെ. ഷുക്കൂർ (അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്) എന്നിവർ ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും സന്നിഹിതയായിരുന്നു.

<u>അനുശോചന പ്രമേയം</u>

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവകലാശാലാ സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു. 2004 മുതൽ 2014 വരെ തുടർച്ചയായി രണ്ടു തവണ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന അദ്ദേഹം രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉദാരവത്കരിക്കുന്ന നിരവധി ഘടനാപരമായ പരിഷ്കരണങ്ങൾക്ക് തുടക്കമിടുകയുണ്ടായി. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വിവരാവകാശ നിയമം, വനാവകാശ നിയമം തുടങ്ങിയ സുപ്രധാന നിയമ നിർമാണങ്ങൾ ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള സർക്കാരാണ് നടപ്പാക്കിയതെന്നത് ഈ അവസരത്തിൽ സ്മരിക്കുന്നു.

മലയാളത്തിന്റെ പ്രിയപ്പെട്ട സാഹിത്യകാരൻ എം.ടി. വാസുദേവൻ നായരെയും 2024-ാമാണ്ടിന്റെ അവസാനത്തിൽ നമുക്ക് നഷ്ടമായി. സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര ചാർത്തുകയും നിരവധി എഴുത്തുകാരുടെ വളർച്ചയ്ക്ക് വഴികാട്ടിയാകുകയും ചെയ്ത അദ്ദേഹം അക്കാദമിക മേഖലയ്ക്ക് അതുല്യ സംഭാവനകൾ നൽകി. 1996 നവംബർ മാസത്തിൽ എം.ടി.-ക്ക് ഡിലിറ്റ് നൽകി ആദരിക്കാൻ സർവകലാശാലയ്ക്ക് കഴിഞ്ഞത് അഭിമാനപൂർവ്വം സ്മരിക്കുന്നു.

പ്രശസ്ത തബല വിദ്വാൻ ഉസ്താദ് സാക്കിർ ഹുസൈൻ, കർണാടക മുൻ മുഖ്യമന്ത്രിയും, വിദേശകാര്യ മന്ത്രിയുമായിരുന്ന എസ്. എം. കൃഷ്ണ, ഹരിയാന മുൻ മുഖ്യമന്ത്രി ഓംപ്രകാശ് ചൗതാല, ഹോളിവുഡിൽ ഉൾപ്പെടെ പ്രവർത്തിച്ച ചലച്ചിത്ര നടനും നിർമാതാവും തിരക്കഥാകൃത്തുമായ തോമസ് ബർലി, വിഖ്യാത ചലച്ചിത്ര സംവിധായകൻ ശ്യാം ബെനഗൽ, ചലച്ചിത്ര അഭിനേതാക്കളായ മേഘനാഥൻ, മീന ഗണേഷ്, എസ്. ശിവൻ, ദിലീപ് ശങ്കർ, എഴുത്തുകാരൻ ഓംചേരി നാരായണപിള്ള, പ്രശസ്ത ജ്യോതിഷിയും വാഗ്മിയും ഗ്രന്ഥകാരനുമായ പൂഞ്ഞാർ മിത്രൻ നമ്പൂതിരിപ്പാട്, ആകാശവാണി മുൻ സ്റ്റേഷൻ ഡയറക്ടർ എൻ.എസ്.

കൃഷ്ണമൂർത്തി, സിനിമ നിർമ്മാതാവ് മനു പത്മനാഭൻ നായർ എന്നിവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചിക്കുന്നു.

**<u>അനുമോദന പ്രമേയം</u>**

നാലു വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ആദ്യ സെമസ്റ്റർ പരീക്ഷ പൂർത്തിയായി മൂന്നാം ദിവസം ഫലം പ്രസിദ്ധീകരിക്കാൻ മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ഭാഗമായ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ തയ്യാറെടുപ്പ് ഘട്ടത്തിൽ പുലർത്തിയ ജാഗ്രതയും മികവും പ്രോഗ്രാമുകളുടെ നടത്തിപ്പിലും നിലനിർത്താൻ സർവകലാശാലയ്ക്കും അഫിലിയേറ്റഡ് കോളജുകൾക്കും കഴിയുന്നു എന്നതാണ് ഇതിലൂടെ വ്യക്തമാകുന്നത്.

പരീക്ഷാ ഫലം വളരെ വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിന് മുൻകൈ എടുത്ത വൈസ് ചാൻസലർ ഡോ. സി. ടി. അരവിന്ദകുമാർ, പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഓണേഴ്സ് ബിരുദവുമായി ബന്ധപ്പെട്ട സബ് കമ്മിറ്റി കൺവീനർമാർ, കോളജ് മാനേജ്മെന്റുകൾ, പ്രിൻസിപ്പൽമാർ, അധ്യാപകർ, അനധ്യാപക ജീവനക്കാർ, സർവകലാശാലാ ജീവനക്കാർ എന്നിവരെ സർവകലാശാലാ സിൻഡിക്കേറ്റ് യോഗം അഭിനന്ദിക്കുന്നു.

ഭാഭ ആണവ ഗവേഷണ കേന്ദ്രത്തിന്റെ സംസ്ഥാനത്തെ ആദ്യത്തെ അഡ്വാൻസ്ഡ് നോളജ് ആന്റ് റൂറൽ ടെക്നോളജി ഇംപ്ലിമെന്റേഷൻ സെന്റർ (അകൃതി) മഹാത്മാഗാന്ധി സർവകലാശാലയിൽ തുറക്കുന്നതിനുള്ള ധാരണാപത്രം നവംബർ 25-ന് ഒപ്പുവച്ചു. ഗ്രാമീണ മേഖലയുടെ പുരോഗതിക്ക് ഉപകരിക്കുന്ന രീതിയിൽ പുത്തൻ ശാസ്ത്ര-സാങ്കേതിക വിദ്യകൾ സാധാരണക്കാർക്ക് ലഭ്യമാക്കുകയാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.

കൃഷി, മാലിന്യ സംസ്കരണം, ശുദ്ധജല വിതരണം, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട *12* സാങ്കേതികവിദ്യകൾ അകൃതി കേന്ദ്രത്തിലൂടെ വളരെ ചെറിയ തുകയ്ക്ക് സാധാരണക്കാർക്ക് ലഭിക്കും. ഈ സാങ്കേതിക വിദ്യകൾ സംരംഭങ്ങളാക്കി മാറ്റാൻ അകൃതി കേന്ദ്രത്തിന്റെ പിന്തുണയും ലഭിക്കും. സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിനാണ് അകൃതി കേന്ദ്രത്തിന്റെ ചുമതല. സർവകലാശാലയ്ക്കും പൊതുജനങ്ങൾക്കും പ്രയോജനകരമായ പുതിയ ചുവടുവയ്പ്പ് നടത്താൻ കഴിഞ്ഞതിൽ വൈസ് ചാൻസലറെയും ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ മേധാവി ഡോ. ഇ.കെ രാധാകൃഷ്ണനെയും ഈ യോഗം അഭിനന്ദിക്കുന്നു.

അക്കാദമിക, ഗവേഷണ മേഖലകളിൽ സഹകരണത്തിന് Ghent University, Belgium-മായും സെർബിയയിലെ ബൽഗ്രേഡിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സു(ഐപിബി) മായും കോഴിക്കോട്ടെ ജലവിഭവ വികസന വിനിയോഗ കേന്ദ്രവു(സി.ഡബ്ല്യൂ.ആർ.ഡി.എം) മായും സർവകലാശാല ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. മൂന്ന് സ്ഥാപനങ്ങളുമായുള്ള സഹകരണത്തിന് മുൻകൈ എടുത്ത വൈസ് ചാൻസലർ ഉൾപ്പെടെയുള്ളവരെ അഭിനന്ദിക്കുന്നു. പുതിയ ധാരണകൾ സർവകലാശാലയുടെ അക്കാദമിക ഗവേഷണ മേഖലകളിലെ മുന്നേറ്റത്തിന് ഊർജ്ജം പകരട്ടെ എന്നു ആശംസിക്കുന്നു.

പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്ന കരിക്കിന്റെ തൊണ്ടിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ മഹാത്മാഗാന്ധി സർവകലാശാലയിലെ ഗവേഷകർ വിജകരമായി വികസിപ്പിച്ചെടുക്കുകയുണ്ടായി. സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ എബിൻ ജോൺ വർഗീസിന്റെ എം.ടെക് പ്രോഗ്രാമിന്റെ ഭാഗമായുള്ള ഗവേഷണത്തിലാണ് കണ്ടെത്തൽ.

സസ്യങ്ങളുടെ കോശഭിത്തിയിലെ ജൈവ പോളിമെറായ ലീഗിനിൻ ഘടകം കൂടുതലുള്ള കരിക്കിൻതൊണ്ടിൽ നിന്നും 48 മണിക്കൂറിനുള്ളിൽ സൂക്ഷ്മാണുക്കളുടെ പ്രവർത്തനത്തിലൂടെ ജൈവ വിഘടനം നടത്തി ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന ജെ. പി കിരൺ എന്ന സാങ്കേതിക വിദ്യ കണ്ടെത്തിയ എബിൻ ജോൺ വർഗീസിനും ഗവേഷണത്തിന് മേൽനോട്ടം വഹിച്ച മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ. കെ. രാധാകൃഷ്ണൻ, സ്കൂൾ ഓഫ് എൻയവയോമെന്റൽ സയൻസസ് മേധാവി ഡോ. മഹേഷ് മോഹൻ, ഡോ. സി. ചന്ദന എന്നിവർക്കും സിൻഡിക്കേറ്റിന്റെ അഭിനന്ദനം. ഗവേഷണ മേൽനോട്ടത്തിൽ പങ്കാളിയായിരുന്ന അന്തരിച്ച കാർഷിക ശാസ്ത്രജ്ഞൻ ഡോ. സി. എ. ജയപ്രകാശിനെ ഈ അവസരത്തിൽ അനുസ്മരിക്കുന്നു.

ഇന്ത്യൻ ഭരണഘടന നിർമാണ സഭയിലെ ഏക ദളിത് വനിതയും ഏറ്റവും പ്രായം കുറഞ്ഞ അംഗവുമായിരുന്ന ദാക്ഷായണി വേലായുധനെ പുതു തലമുറയ്ക്ക് വിശദമായി പരിചയപ്പെടുത്തുന്ന ഡിജിറ്റൽ ആർക്കൈവ്സ് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ വ്യവസായ, നിയമ വകുപ്പ് മന്ത്രി പി. രാജീവ് നവബർ 26-ന് ഉദ്ഘാടനം ചെയ്യുകയുണ്ടായി. രാജ്യാന്തര നിലവാരത്തിലുള്ള ആർക്കൈവ്സ് തയ്യാറാക്കിയതിൽ സ്കൂൾ ഡയറക്ടറായ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും ആർക്കൈവ്സ് കോ-ഓർഡിനേറ്റർ ഡോ. പി. എം.ആരതിക്കും സഹപ്രവർത്തകർക്കും സിൻഡിക്കേറ്റിന്റെ അഭിനന്ദനങ്ങൾ.

കസാഖ്സ്ഥാനിലെ സത്ബയേവ് സർവകലാശാല ഹോണററി പ്രഫസർ പദവി ലഭിച്ച മഹാത്മാഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലറായ പ്രഫ. സാബു തോമസിനെ ഈ യോഗം അഭിനന്ദിക്കുന്നു.

സർവകലാശാലയുടെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ കെ. പി. എസ്. മേനോൻ ചെയറിന്റെ ചെയർ പ്രഫസറായി ചുമതലയേറ്റ മുൻ നയതന്ത്ര ഉദ്യോഗസ്ഥൻ വേണു രാജാമണി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ, നൊബേൽ സമ്മാന ജേതാക്കളായ ജോൺ ബി ഗുഡ്നൗഫ്, എം. സ്റ്റാൻലി വിറ്റിംഗ്ഹാം, അകിര യോഷിനോ എന്നിവരുടെ പേരിലുള്ള ചെയറിൽ ചെയർ പ്രഫസറായി പുനർനിയമിക്കപ്പെട്ട ഫ്രാൻസിലെ ഐ.എം.ടി. മൈൻസ് ആ.ബി. സർവകലാശാലയിലെ പ്രൊഫ. ആൻജ്ജ് സീഹ എന്നിവർക്കും അഭിനന്ദനങ്ങൾ.

ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ പുരുഷ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്, അഖിലേന്ത്യാ അന്തർ സർവ്വകലാശാല 3x3 ബാസ്കറ്റ് ബോൾ വനിതാ വിഭാഗം എന്നിവയിൽ കിരീടം നേടിയ മഹാത്മാഗാന്ധി സർവകലാശാലാ ടീമിനും, സൗത്ത് സോൺ ബാസ്കറ്റ് ബോൾ വനിതാ വിഭാഗം റണ്ണറപ്പ് ആയ സർവ്വകലാശാല ടീമിനും പരിശീലകർക്കും സിൻഡിക്കേറ്റ് യോഗത്തിന്റെ അനുമോദനങ്ങൾ അർപ്പിക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിലെ 2023 വർഷത്തെ മികച്ച നാഷണൽ സർവീസ് സ്കീം യൂണിറ്റിനുള്ള എവർ റോളിംഗ് ട്രോഫി പാലാ അൽഫോൻസാ കോളജ് നേടുകയുണ്ടായി. ഇതേ കോളജിലെ റവ. ഡോ. ഷാജി ജോൺ മികച്ച എൻ.എസ്.എസ് സൗഹൃദ പ്രിൻസിപ്പലും ഡോ. സിമി മോൾ സെബാസ്റ്റ്യൻ മികച്ച പ്രോഗ്രാം ഓഫീസറുമായി തിരഞ്ഞെടുക്കപ്പെട്ടു. തൊടുപുഴ ന്യൂമാൻ കോളജ് രണ്ടാം സ്ഥാനം നേടി. പുരസ്കാരം നേടിയ കോളജുകളെയും, പ്രിൻസിപ്പൽമാരെയും പ്രോഗ്രാം ഓഫസർമാരെയും സിൻഡിക്കേറ്റ് യോഗം അഭിനന്ദിച്ചുകൊള്ളുന്നു.

<u>റിപ്പോർട്ടിംഗ്</u>

പി.എം. ഉഷ പദ്ധതിയുടെ ഭാഗമായി സർവ്വകലാശാലയ്ക്ക് 20 കോടി രൂപ ലഭിച്ചതായി വൈസ് ചാൻസലർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ 01/24.08/128180/ACA16-2/2024**

**German ഡിസിപ്ലിൻ നൽകുന്ന കോഴ്സുകളുടെ End Semester Evaluation ചോദ്യ പേപ്പർ പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു:വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024-ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 06.11.2024 തീയതിയിൽ കൂടിയ ജർമ്മൻ (യു.ജി.) വിദഗ്ദ്ധ സമിതി യോഗം, German ഡിസിപ്ലിൻ നൽകുന്ന ഒന്നാം സെമസ്റ്ററിലെ AEC (for Science, Humanities and Commerce), MDC എന്നീ വിഭാഗങ്ങളിലെ കോഴ്സുകളുടെ End Semester Evaluation-ന് വേണ്ടി നൽകിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകൾ, സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16.11.2024 തീയതിയിലെ 10363/ACA 16/2024/MGU നമ്പർ സർവ്വകലാശാലാ ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ 02/24.08/126418/AC A12-1/2024

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Inter University Centre for Disability Studies (IUCDS) - ലെ Master of Social Work Programme(MSW)- -ന്റെ പരിഷ്ക്കരിച്ച സിലബസ് - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 ഛേദം 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച് -**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Inter University Centre for Disability Studies (IUCDS)ലെ Master of Social Work Programme(MSW)-ന്റെ പരിഷ്കരിച്ച സിലബസ് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം, 29.10.2024 തീയതിയിൽ ബഹു: വൈസ് ചാൻസലർ അംഗീകരിച്ച ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 02.11.2024 തീയതിയിലെ 9959/ACA12/2024 /MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ 03/24.08/80343/P&D1/3/2020

**മഹാത്മാഗാന്ധി സർവ്വകലാശാലാ ഡോക്യുമെന്റ് ഡിജിറ്റിസേഷൻ രണ്ടാം ഘട്ടം' പ്രാരംഭ ഘട്ടമായി പൂർത്തിയാക്കിയ പ്രവൃത്തിയുടെ പേയ്മെന്റ് (₹ 6,49,000/- ) സിൻഡിക്കേറ്റ് തീരുമാന പ്രകാരം അനുവദിച്ചതിൽ നിർദേശിച്ചിരുന്ന ബജറ്റ് ശീർഷകം മാറ്റി " 25 101 06 - Modernisation of the University Administration, Academic Departments & Examination Infrastructure " എന്ന ശീർഷകംനിർദേശിച്ച് കൊണ്ട് ബഹു വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ അധ്യായം 3 പരിച്ഛേദം 10 (17) പ്രകാരം ഉത്തരവായതും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവ് സിന്റിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നതും - സംബന്ധിച്ച് :-**

സർവകലാശാലയിലെ ഡോക്യുമെന്റുകളുടെ രണ്ടാം ഘട്ട ഡിജിറ്റൈസേഷൻ ജോലികൾ നിർവ്വഹിക്കുന്നതിനായി 'Uralungal Labour Contract Co-operative Society Ltd (ULCCS)' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി സർവകലാശാല ഉത്തരവ് നമ്പർ 1650/P&D1/2023/MGU Dated 10/02/2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനവുമായി സർവകലാശാല കരാറിൽ ഏർപ്പെടുകയും വർക്ക് ഓർഡർ നൽകി ഡിജിറ്റൈസേഷൻ ജോലികൾ നടക്കുകയും ചെയ്തിട്ടുള്ളതാണ്. ടി ജോലിയുമായി ബന്ധപ്പെട്ട് 50,000 (അൻപതിനായിരം) പേജുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ വകയിൽ CGST&SGST-യും ഉൾപ്പെടെ 6,49,000/-(ആറ് ലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരം മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ '21 101 06 - Office Automation, Computerisation & Networking' എന്ന ശീർഷകത്തിൽ അനുവദിച്ചതാണ് ഉത്തരവായിരുന്നത്. എന്നാൽ, ഡിജിറ്റൈസേഷൻ പ്രക്രിയയുമായി ബന്ധപ്പെട്ട ചെലവുകൾ സർവകലാശാലയ്ക്ക് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ടിൽ നിന്ന് വകയിരുത്തേണ്ടതായതിനാൽ മേൽ ചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തെ "25 101 06 - Modernisation of the University Administration, Academic Departments & Examination Infrastructure" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിന് ഫിനാൻസ് വിഭാഗം ശിപാർശ ചെയ്തു. മേൽ ശിപാർശ വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 15.11.2024-ലെ 10344/പി&ഡി 1/2024/എംജിയു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 04/24.08/87150/EB 3-3/2024** **Complaints from External Examiners against the Principal, Devamatha College, Kuravilangad and constant abeyance by the college authorities from attending the hearings scheduled by the University - Referring all related issues to the Enquiry Commission constituted by the Syndicate held on 26.09.2024.**

Many External Examiners, who were posted for conducting practicals and viva-voce, had raised complaints against the Principal, Devamatha College, Kuravilangad, regarding non - issuance of Duty Certificate after the conduct of practical examinations. A hearing was conducted on 22.08.2024 by the Controller of Examinations, as per orders of the Hon'able Vice Chancellor for enquiring the matter. The External Examiners who attended the hearing, stated that they had a humiliating experience at Devamatha College, Kuravilangad while performing examination duties. All of them had also requested that they may be exempted from going to that college for further examination related duties. On the other hand, the Principal and the Manager of the College were reluctant to attend the hearings scheduled, even after repeated intimations from the University. Considering that all external examiners are appointed by the University, the act amounts to serious insubordination from the part of the college authorities.

Considering the above, sanction was accorded by the Vice Chancellor, exercising powers as provided in Chapter III, Section 10(17) of the Mahatma Gandhi University Act 1985, to refer the matter to the Enquiry Commission constituted as per U.O. No:9217/AC A1/2024/MGU dated 15.10.2024 and U.O. No:9858/EB 3/2024/MGU dated 30.10.2024 was issued in this regard.

The action taken by the Vice Chancellor exercising powers under section 10(17) of Chapter III of the Mahatma Gandhi University Act, 1985 and consequent issuance of University order No. 9858/EB 3/2024/MGU dated 30.10.2024 was reported to the Syndicate.

**ഇനംനമ്പർ 05/24.08/59284/P&D 1-3/2024** **ഗ്രാജ്ജുവേറ്റ് സ്കൂൾ ജോയിന്റ് ഡയറക്ടർ നിയമനം - സംബന്ധിച്ച്**

സർവകലാശാലയിലെ ഗ്രാജ്ജുവേറ്റ് സ്കൂൾ ജോയിന്റ് ഡയറക്ടറായി ഉത്തരവ് നമ്പർ 4446/P&D1/2024/MGU, തീയതി 29.05.2024 പ്രകാരം നിയമിതനായ ഡോ. അബ്ദുൾ ജബ്ബാർ പി (അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്) മറ്റൊരു മുഴുവൻ സമയ ജോലിയിൽ പ്രവേശിക്കുന്ന സാഹചര്യം ചൂണ്ടിക്കാട്ടി തന്നെ ടി സ്ഥാനത്തു നിന്നും വിടുതൽ ചെയ്യണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ആയതു പരിഗണിച്ച്, ഡോ. അബ്ദുൾ ജബ്ബാർ .പി-യെ ഗ്രാജ്ജുവേറ്റ് സ്കൂൾ ജോയിന്റ് ഡയറക്ടർ സ്ഥാനത്തു നിന്ന് വിടുതൽ ചെയ്യുന്നതിനും ഡോ. ഡിറ്റി ഡിക്സൺ (അസോസിയേറ്റ് പ്രൊഫസർ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്)-നെ ടി സ്ഥാനത്തു നിയോഗിക്കുന്നതിനും മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.11.2024 തീയതിയിലെ 10568/P&D 1/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 06/24.08/151401/AD A3-4/2023** **സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത്- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.**

സംസ്ഥാന സർക്കാർ നേരിട്ട് നിയന്ത്രിക്കുന്ന ജനറൽ പ്രോവിഡന്റ് ഫണ്ട്, മറ്റ് സമാന പ്രോവിഡന്റ് ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 01.10.2024 മുതൽ 31.12.2024 വരെയുള്ള കാലയളവിലേക്ക് 7.1% പലിശ നിരക്ക് നിശ്ചയിച്ച് കൊണ്ടുള്ള 01.11.2024-ലെ സ.ഉ (അച്ചടി)നം.93/2024/ധന നമ്പർ സർക്കാർ ഉത്തരവ്, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച പുറത്തെഴുത്ത് നം.151401/AD A3-4/2023/AD A3 തീയതി 19/11/2024 സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ 07/24.08/66854/Ac A1/2/2024

**2024-2025 അദ്ധ്യയന വർഷം പുതുതായി രൂപീകരിച്ച ഗ്രാജ്വേറ്റ് സ്കൂളിലെ 4 +1 വർഷ പി.ജി / യു.ജി. പ്രോഗ്രാമുകളുടെ ഫീ ഘടന അംഗീകരിച്ച് സർവകലാശാല പുറത്തിറക്കിയ നമ്പർ. 5381 /AC A1/2024/എം.ജി.യു തീയതി 19.06.2024 എന്ന ഉത്തരവിലെ ചില ഭേദഗതികൾ അംഗീകരിച്ചു കൊണ്ട് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം ബഹു.വൈസ് ചാൻസലർ ഉത്തരവായ നടപടിയും തുടർന്ന് സർവകലാശാല പുറത്തിറക്കിയ നമ്പർ. 10523 /Ac A1/2024/എം.ജി.യു തീയതി 20.11.2024 എന്ന സർവകലാശാല ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

2024-2025 അദ്ധ്യയന വർഷം പുതുതായി രൂപീകരിച്ച ഗ്രാജ്വേറ്റ് സ്കൂളിലെ 4 +1 വർഷ പി.ജി/യു.ജി പ്രോഗ്രാമുകളുടെ ഫീ ഘടന അംഗീകരിച്ചുകൊണ്ട് സർവകലാശാല നമ്പർ. 5381 /AC A1/2024/എം.ജി.യു തീയതി 19.06.2024 എന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ ചില ഭേദഗതികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് Graduate School ഡയറക്ടർ സമർപ്പിച്ച ശുപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.11.2024-ലെ 10523/Ac A1/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ 08/24.08/116806/AC A8-3/2024

**12.09.2024-ൽ തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജിൽ നടന്ന സംഘർഷങ്ങളിൽ ഉൾപ്പെട്ടതായി കണ്ടെത്തിയതിനെത്തുടർന്ന് കോളേജിൽ നിന്നും ഡിസ്മിസ് ചെയ്യപ്പെട്ട രണ്ട് വിദ്യാർത്ഥികൾ (ശ്രീ. നവനീത് രമേശ് പി, മൂന്നാം വർഷ ബി.എ.ഇംഗ്ലീഷ്), ശ്രീ അഭിഷേക് സുരേഷ് (ഒന്നാം വർഷ ബി.എ.ഹിസ്റ്ററി), തങ്ങൾക്കെതിരെ കോളേജ് സ്വീകരിച്ച നടപടിയെ ചോദ്യംചെയ്തുകൊണ്ട് സർവകലാശാല യൂണിയൻ അധ്യക്ഷൻ മുഖാന്ത രം ബി.എ.എസ്.ജി. മുൻപാകെ സമർപ്പിച്ച പരാതി- ബി എ എസ് ജി ശിപാർശകൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച ഉത്തരവും- സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് .**

12.09.2024-ൽ തൃപ്പൂണിത്തുറ ഗവൺമെന്റ് കോളേജിൽ നടന്ന സംഘർഷങ്ങളിൽ ഉൾപ്പെട്ടതായി കണ്ടെത്തിയതിനെത്തുടർന്ന് കോളേജിൽ നിന്നും ഡിസ്മിസ് ചെയ്യപ്പെട്ട രണ്ട് വിദ്യാർത്ഥികൾ (ശ്രീ. നവനീത് രമേശ് പി, മൂന്നാം വർഷ ബി.എ.ഇംഗ്ലീഷ്), ശ്രീ അഭിഷേക് സുരേഷ് (ഒന്നാം വർഷ ബി.എ.ഹിസ്റ്ററി), തങ്ങൾക്കെതിരെ കോളേജ് സ്വീകരിച്ച നടപടിയെ ചോദ്യംചെയ്തുകൊണ്ട് സർവകലാശാല യൂണിയൻ അധ്യക്ഷൻ മുഖാന്തരം സമർപ്പിച്ച പരാതിയിന്മേൽ, ലഭ്യമായ മൊഴികളും രേഖകളും വിശദമായി പരിശോധിച്ചശേഷം ബി.എ.എസ്.ജി താഴെ പറയുംപ്രകാരം ശിപാർശചെയ്തു.
"പരാതിക്കാരായ വിദ്യാർത്ഥികൾക്കെതിരെ കോളേജ് സ്വീകരിച്ച നടപടിയിൽ നിയമവിരുദ്ധമായി ഒന്നും കാണാൻ സാധിച്ചില്ല എങ്കിലും സാധാരണ കുടുംബങ്ങളിൽ നിന്നുവരുന്ന രണ്ട് വിദ്യാർത്ഥികളുടെ ഭാവിയെക്കരുതി അഭിഷേക് സുരേഷ്, നവനീത് രമേശ് പി, എന്നീ വിദ്യാർത്ഥികയുടെയും അവരുടെ രക്ഷാകർത്താക്കളുടെയും പക്കൽനിന്നും മാപ്പപേക്ഷ എഴുതിവാങ്ങി കർശന ഉപാധികളോടെ ഈ വിദ്യാർത്ഥികളെ കോളേജിൽ പുനഃപ്രവേശിപ്പിക്കുന്ന വിഷയം അനുഭാവപൂർവം പരിഗണിക്കുവാൻ കോളേജ് കൗൺസിലിനോട് നിർദ്ദേശിക്കാൻ ശിപാർശ ചെയ്യുന്നു."

ബി.എ.എസ്.ജി.-യുടെ മേൽ ശിപാർശ വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 25.11.2024 തീയതിയിലെ 10651/Ac A 8/2024/MGU നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 09/24.08/134366/AD A9-2/2024**

**2024 - 2025 ലെ അന്തർ കലാലയ/ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പ് ചെലവിലേയ്ക്കായി രണ്ടാം ഗഡു തുക ₹ 30,00,000/- രൂപ താൽക്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്-ന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് വകുപ്പിലെ 2024 -25 വർഷത്തിലെ അന്തർ സർവകലാശാല/അന്തർ കലാലയ മത്സരങ്ങളുടെ നടത്തിപ്പ് ചെലവുകൾക്കായി രണ്ടാം ഗഡു തുക ₹30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്-ന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 28.11.2024 തീയതിയിലെ 10780/AD A 9/2024/എം.ജി.യു നമ്പർ സർവകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (b) സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് (മറ്റിനം)

**ഇനംനമ്പർ 10/24.08/133083/AC A16-3/2024**

**Bachelor of Science (Honours) Zoology പ്രോഗ്രാമിന്റെ സിലബസിൽ നൽകിയിരിക്കുന്ന Course Outcome Numbers പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

MGU-UGP (Honours) Regulations, 2024 -ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 18.11.2024 തീയതിയിൽ കൂടിയ സുവോളജി (യു ജി), വിദഗ്ദ്ധ സമിതി യോഗം, Bachelor of Science (Honours) Zoology പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ DSC വിഭാഗത്തിൽപ്പെട്ട MG1DSCZGY 100 - Introduction to Zoology കോഴ്സിന്റെ Course Outcome Numbers പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകിയിരുന്നു. പ്രസ്തുത ശിപാർശ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.11.2024 തീയതിയിലെ 10543 /ACA 16/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 11/24.08/127698/ACA16-SO/2024**

**Bachelor of Arts (Honours) Malayalam പ്രോഗ്രാം, താരതമ്യപഠനം (Minor), സാഹിത്യപഠനം (Minor) എന്നിവയുടെ സിലബസുകളിൽ നൽകിയിരിക്കുന്ന Course Outcome Numbers പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശകൾ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവുകളും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

MGU-UGP (Honours) Regulations, 2024 -ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 31.10.2024 തീയതിയിൽ കൂടിയ മലയാളം (യു ജി) വിദഗ്ദ്ധ സമിതി യോഗം, Bachelor of Arts (Honours) Malayalam പ്രോഗ്രാമിന്റെ ഒന്ന്, രണ്ട് സെമസ്റ്ററുകളിലെ ചില കോഴ്സുകൾ, താരതമ്യപഠനം (Minor) -ന്റെ രണ്ടാം സെമസ്റ്ററിലെ DSC വിഭാഗത്തിൽപ്പെട്ട കോഴ്സ്, സാഹിത്യപഠനം (Minor)-ന്റെ രണ്ടാം

സെമസ്റ്ററിലെ DSC വിഭാഗത്തിൽപ്പെട്ട കോഴ്സ് എന്നിവയുടെ Course Outcome Numbers പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച, 10364/ACA 16/2024/MGU തീയതി. 16.11.2024 , 10366/ACA 16/2024/MGU തീയതി. 16.11.2024, 10367/ACA 16/2024/MGU തീയതി. 16.11.2024 എന്നീ സർവ്വകലാശാല ഉത്തരവുകളും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 12/24.08/127723/ACA16-2/2024** **Bachelor of Arts (Honours) Political Science പ്രോഗ്രാമിന്റെ സിലബസിൽ Course Outcome Numbers ഉൾപ്പെടുത്തുന്നതിനും, Learning Domains പരിഷ്ക്കരിക്കുന്നതിനും, Unit Number രേഖപ്പെടുത്തിയതിലുണ്ടായ ടൈപ്പിംഗ് പിഴവ് തിരുത്തുന്നതിനുമുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

MGU-UGP (Honours) Regulations, 2024 -ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 25.10.2024 തീയതിയിൽ കൂടിയ പൊളിറ്റിക്കൽ സയൻസ് (യു ജി) വിദഗ്ദ്ധ സമിതി യോഗം, Bachelor of Arts (Honours) Political Science പ്രോഗ്രാമിന്റെ സിലബസിൽ ഒന്നാം സെമസ്റ്റർ DSC, MDC എന്നീ വിഭാഗത്തിൽപ്പെട്ട കോഴ്സുകളുടെ Course Content-ൽ നൽകിയിരിക്കുന്ന Programme Outcome Numbers -ന് പകരം Course Outcome Numbers നൽകുന്നതിനും ഒന്നാം സെമസ്റ്റർ MDC വിഭാഗത്തിൽപ്പെട്ട കോഴ്സുകളുടെ Learning Domains പരിഷ്ക്കരിക്കുന്നതിനും, MGIMDCPOL101: Ecological Governance കോഴ്സിന്റെ Unit Number രേഖപ്പെടുത്തിയതിലുണ്ടായ ടൈപ്പിംഗ് പിഴവ് തിരുത്തുന്നതിനും ശിപാർശകൾ നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾ, സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.11.2024 തീയതിയിലെ 10485/ACA 16/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 13/24.08/701124/AC A16-1/2024** **Bachelor of Sports Management (Honours) പ്രോഗ്രാം സിലബസ്, Strength and Conditioning (Minor) സിലബസ് എന്നിവയിൽ Continuous Comprehensive Assessment (CCA), End Semester Evaluation (ESE) ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്കരിക്കുന്നതിനും Strength and Conditioning (Minor) സിലബസിലെ Course Outcome Numbers പരിഷ്കരിക്കുന്നതിനും ഉള്ള ശിപാർശകൾ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവുകളും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

MGU - UGP (Honours) Regulations, 2024 - ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം തുടങ്ങാനിരിക്കെ ചോദ്യ പേപ്പർ തയ്യാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി, ഫിസിക്കൽ എജ്യൂക്കേഷൻ (യു.ജി.) ഓൺലൈൻ ആയി ചേർന്ന യോഗത്തിൽ Bachelor of Sports Management (Honours) പ്രോഗ്രാമിന്റെ സിലബസിൽ ഒന്നാം സെമസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന DSC, MDC വിഭാഗത്തിലെ കോഴ്സുകളുടെ Continuous Comprehensive Assessment(CCA), End Semester Evaluation(ESE) ഇവയ്ക്കായി ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്ക്കരിക്കേണ്ടതിന്റെയും, Strength and Conditioning, മൈനർ കോഴ്സ് സിലബസിലെ ഒന്നാം സെമസ്റ്ററിലെ DSC വിഭാഗത്തിലെ കോഴ്സുകളുടെ Course Outcome Numbers, Continuous Comprehensive

Assessment(CCA), End Semester Evaluation(ESE) ഇവയ്ക്കായി ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേണുകൾ ഇവ പരിഷ്ക്കരിക്കേണ്ടതിന്റെയും, ആവശ്യകത ചർച്ച ചെയ്യുകയും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകൾ മഹാത്മാ ഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും അതിൻ തദനുസരണം പുറപ്പെടുവിച്ച സ.ഉ.നം.10370/ACA 16/2024/MGU, തീയതി 16.11.2024 ; സ.ഉ.നം. 10371/ACA 16/2024/MGU, തീയതി 16.11.2024 എന്നീ സർവ്വകലാശാല ഉത്തരവുകളും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 14/24.08/181124/AC A16-1/2024**

**Bachelor in Computer Applications (Honours) പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ സിലബസിലെ വിവിധ കോഴ്സുകളുടെ Course Code, Course Type ഇവ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശകൾ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

2024 – 2025 അദ്ധ്യയന വർഷം മുതൽ AICTE –യ്ക്ക് കീഴിലേയ്ക്ക് മാറ്റിയിട്ടുള്ള Bachelor in Computer Applications (Honours) പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ സിലബസ് തയ്യാർ ചെയ്ത് അക്കാദമിക് കൗൺസിൽ അംഗീകരിച്ച് സർവ്വകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ടി പ്രോഗ്രാമിലെ കോഴ്സുകളുടെ കോഡ്, ടൈപ്പ് എന്നിവ സംബന്ധിച്ച് AICTE പുറപ്പെടുവിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് Bachelor in Computer Applications (Honours) പ്രോഗ്രാമിന്റെ നിലവിലെ സിലബസിൽ പരിഷ്ക്കരണങ്ങൾ വരുത്തുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (യു.ജി.), ഓൺലൈൻ ആയി യോഗം ചേരുകയും ചുവടെ പരാമർശിച്ചിരിക്കുന്ന ശിപാർശകൾ നൽകുകയും ചെയ്തിരുന്നു .

Course Code & Course Type – Modification

| Semester | Course Title | Course Code | | Course Type | | Page No. |
|---|---|---|---|---|---|---|
| | | Existing | Modified | Existing | Modified | |
| 1 | Fundamentals of Programming using C | MG1DSCBCA100 | MG1SECBCA100 | DSC | SEC | 4,5,9,12,15 & 18 |
| | Digital Fundamentals | MG1DSCBCA101 | MG1CCRBCA100 | DSC | CC | |
| | Software lab in C | MG1DSCBCA102 | MG1SECBCA101 | DSC | SEC | |
| | Discrete Mathematics | MG1DSCBCA103 | MG1CCRBCA101 | DSC | CC | |
| | Cyber Laws and Security | MG1MDCBCA100 | MG1MDEBCA100 | MDC | MDE | |
| | CC – Core Course , MDE – Multi Disciplinary Elective , SEC – Skill Enhancement Course | | | | | |

വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.11.2024 തീയതിയിലെ 10540/ACA 16/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 15/24.08/51124/AC A16-1/2024**

**Bachelor in Business Administration (Honours) പ്രോഗ്രാമിന്റെ സിലബസിൽ ഒന്നാം സെമസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ കോഴ്സുകളുടെ Course Outcome Numbers, End Semester Evaluation (ESE)-ന്റെ ചോദ്യ പേപ്പർ പാറ്റേൺ ഇവ പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ – സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

2024-2025 അധ്യയന വർഷം മുതൽ AICTE-യുടെ കീഴിലേക്ക് മാറ്റിയിട്ടുള്ള Bachelor in Business Administration (Honours)-ന്റെ സിലബസ് (ഒന്നാം സെമസ്റ്റർ) AICTE മാനദണ്ഡമനുസരിച്ച് തയ്യാർ ചെയ്ത് അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ മാസം തുടങ്ങാനിരിക്കെ ചോദ്യ പേപ്പർ തയ്യാർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധ സമിതി, ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ/മാനേജ്മെന്റ് സ്റ്റഡീസ് (യു.ജി.) ഓൺലൈൻ ആയി ചേർന്ന യോഗത്തിൽ Bachelor in Business Administration (Honours) പ്രോഗ്രാമിന്റെ സിലബസിൽ ഒന്നാം സെമസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്ന CC,VAC വിഭാഗത്തിലെ കോഴ്സുകളുടെ course outcome numbers, End Semester Evaluation(ESE)-ന്റെ ചോദ്യ പേപ്പർ പാറ്റേൺ ഇവ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശകൾ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.11.2024 തീയതിയിലെ 10426/ACA 16/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 16/24.08/148618/AC A12-3/2023**

**ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകളുടെ മറ്റേർണിറ്റി അവധി സംബന്ധിച്ച National Council for Teacher Education (NCTE) നിർദേശം സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട അക്കാദമിക് കൗൺസിൽ മിനുട്സിൽ വന്ന തെറ്റ് തിരുത്തുന്നതിനായി, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ 3 സെക്ഷൻ 10(17) പ്രകാരം, ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമുകളുടെ മറ്റേർണിറ്റി അവധി സംബന്ധിച്ച National Council for Teacher Education (NCTE) നിർദേശം, ഉന്നതവിദ്യാഭ്യാസവകുപ്പ് തുടർനടപടിക്കായി സർവ്വകലാശാലയിലേക്കു കൈമാറിയിരുന്നു.
സർവ്വകലാശാലയിലെ UG, PG, Integrated, Professional പ്രോഗ്രാമുകൾക്ക് മറ്റേർണിറ്റി അവധി അനുവദിച്ചുകൊണ്ട്, U.O. No. 490/ACA1/2023/MGU, Dated : 16.01.2023, U.O. No. 6524/ACA1/2023/MGU, Dated :12.06.2023 എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. NCTE നിർദേശം സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച B.O.S. (Education -UG), Expert committee for Education – PG, Dean (Faculty of Education) – എന്നിവരിൽ നിന്നും ശിപാർശ തേടിയിരുന്നു. പ്രസ്തുത ശിപാർശകൾ 30.09.2024 തീയതിയിൽ കൂടിയ അക്കാഡമിക് കൗൺസിൽ യോഗം പരിഗണിക്കുകയും ചുവടെ പറയുന്ന ശിപാർശകൾ അംഗീകരിക്കുയും ചെയ്തു.

1. To implement NCTE norms and regulations (2014) as amended vide F.No.NCTE - Leg 1011/59/2023-Legal section-NRC/120871, dated: 16.08.2023, regarding maternity leave/child care leave for students pursuing B.Ed Program.
2. The amendment in the NCTE Regulation 2014 shall be made applicable to the M.Ed. Programme of Mahatma Gandhi University. Further the University Orders dated 16.01.2023 and 12.06.2023, for students admitted to the UG/PG/Integrated/ Professional Programmes shall be made applicable to the students of M.Ed. Programme of this University too.

3. Students availing maternity leave as per the existing norms beyond the condonable limit as specified by University shall be allowed to continue the semester along with the next academic batch without re-admission. Prior permission shall be obtained from the competent authority in this regard.

പ്രസ്തുത മിനുട്സിന്റെ ആദ്യത്തെ റെസൊല്യൂഷൻ BOS (Education-UG) ന്റെ ശിപാർശ അംഗീകരിച്ചതാണ്. ടി ശിപാർശയിൽ പരാമർശിക്കുന്ന NCTE-യുടെ കത്ത് നമ്പറിൽ Legl011/59/2023 എന്നതിന് പകരം Leg 1011/59/2023 എന്നതാണ് B.O.S. ശിപാർശയിൽ നൽകിയിരുന്നത്. (* Legl-ന പകരം Leg 1 എന്നാണ് തെറ്റായി നൽകിയത്.) പ്രസ്തുത ശിപാർശ ഉൾപ്പെടുത്തി തയ്യാറാക്കിയ അക്കാദമിക് കൗൺസിലിലേക്കുള്ള കുറിപ്പിലും, ശിപാർശ അംഗീകരിച്ച ലഭ്യമായ അക്കാദമിക് കൗൺസിൽ മിനുട്സിലും ഇതേ തെറ്റ് വന്നിട്ടുണ്ട്.

പ്രസ്തുത അക്കാദമിക്ക് കൗൺസിൽ മിനിട്സിൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതിനും, തദനുസരണം അനുബന്ധ സർവ്വകലാശാല ഉത്തരവ് പരിഷ്കരിച്ച് പുറപ്പെടുവിക്കുന്നതിനും വൈസ് ചാൻസലർ 18.11.2024 തീയതിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം ഉത്തരവായി. തദനുസരണം സർവ്വകലാശാല ഉത്തരവ് നമ്പർ : 10510/ACA12/2024/MGU, തീയതി : 20.11.2024 പുറപ്പെടുവിച്ചു. ആദ്യ ശിപാർശ ചുവടെ രേഖപ്പെടുത്തിയ പ്രകാരം പരിഷ്കരിച്ചു.
1. To implement NCTE norms and regulations (2014) as amended vide F.No.NCTE - Legl011/59/2023-Legal Section-NRC/120871, dated: 16.08.2023, regarding maternity leave/child care leave for students pursuing B.Ed Program.
മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 17/24.08/115493/AC A5-1/2024** **MOOC ഓൺ ഓർഗാനിക് ഫാർമിംഗ് -ന്റെ സിലബസ് അംഗീകരിച്ച ഉത്തരവായത് - സിൻഡിക്കേറ്റിൻ്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച.-**

MOOC ഡയറക്ടർ MOOC ഓൺ ഓർഗാനിക് ഫാർമിംഗ് -ന്റെ സിലബസ് മഹാത്മാഗാന്ധി സർവകലാശാല അംഗീകരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു.
പ്രസ്തുത സിലബസ്, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.10.2024 തീയതിയിലെ 8992/AC A5/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 18/24.08/59813/AC A9-2/2024 (PART I)** **Decision to include B.Sc (Hons.) Agriculture and B.Sc (Hons.) Food Processing and Technology in the eligibility criteria of M.Sc. Food Technology and Quality Assurance programme and to regularise the admission of Sri. Christo Joseph Sunil, Sri Melwin Minnu Thomas , and Sri. Akarsh S to M. Sc. Food Technology and Quality Assurance programme- Action taken by the Vice Chancellor exercising powers of Academic Council under Chapter 3, Section 10(17) of Mahatma Gandhi University Act 1985 - Reporting to Syndicate -reg.**

Sri. Christo Joseph Sunil, Sri Melwin Minnu Thomas, students who had completed B.Sc (Hons.) Agriculture from Sam Higginbottom University of Agriculture, Technology and Sciences and Sri. Akarsh S who had completed B.Sc (Hons.) Food Processing and Technology from MS Ramaiah University of Applied Sciences had been admitted to the M.Sc. Food Technology and Quality Assurance programme being conducted in the affiliated colleges of the University.
But the eligibility criteria for M. Sc. Food Technology and Quality Assurance programme do not include B.Sc (Hons.) Agriculture or B.Sc (Hons.) Food Processing and Technology. Hence the examination section concerned had sought remarks on the matter of including B.Sc (Hons.) Agriculture and B.Sc (Hons.) Food Processing and Technology in the eligibility criteria of M. Sc. Food Technology and Quality Assurance

programme. It was also pointed out that the admission of the above mentioned students needs to be regularized.

Hence the matter was brought to the notice of the Expert Committee, Food Technology and Quality Assurance and opinion was sought on it. The Convener, Expert Committee, had submitted recommendations, to include B.Sc (Hons.) Agriculture and B.Sc (Hons.) Food Processing and Technology in the eligibility criteria of M. Sc. Food Technology and Quality Assurance programme.

The above recommendations of the Expert Committee, has been approved and the admission of Sri. Christo Joseph Sunil, Sri Melwin Minnu Thomas ,and Sri. Akarsh S to M. Sc. Food Technology and Quality Assurance programme has been regularised by the Hon'ble Vice Chancellor on 27.11.2024, exercising the powers of the Academic Council under the Mahatma Gandhi University Act 1985, Chapter 3, Section 10 (17). Accordingly a University Order No. 10843/AcA9/2024/MGU dtd 29.11.2024 has been issued.

The action taken by the Vice Chancellor exercising powers under section 10(17) of Chapter III of the Mahatma Gandhi University Act, 1985 and consequent issuance of University order No. 10843/AcA9/2024/MGU dated 29.11.2024 was reported to the Syndicate.

## (II) ക്രമ ഇനങ്ങൾ

## (i) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ 19/24.08/121114/EL 1-4/2024**

**പരീക്ഷ നടത്തിപ്പ് – B.Voc. Bachelor of Vocation – Advanced Course in Multisports and Fitness Training – മാറമ്പള്ളി, എം.ഇ.എസ്. കോളേജിലെ 2023 അഡ്മിഷൻ വിദ്യാർത്ഥി ശ്രീ. HASEEB V A (PRN : 230041001779)–യ്ക്ക് ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകളിൽ നോഷനൽ രജിസ്ട്രേഷൻ അനുവദിക്കുന്നത് സംബന്ധിച്ച്.**

ഒന്നാം സെമസ്റ്ററിൽ സൂപ്പർ ഫൈനോടുകൂടി ഫീസ് ഈടാക്കിക്കൊണ്ട് ടി സെമസ്റ്ററിന്റെ പരീക്ഷ രജിസ്ട്രേഷൻ നടത്താവുന്നതാണെന്നും, രണ്ടാം സെമസ്റ്ററിൽ നോഷണൽ രജിസ്ട്രേഷൻ അനുവദിച്ചുകൊണ്ട് ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷാ രജിസ്ട്രേഷൻ ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 20/24.08/124510/AC A1-2/2023**

**സർവകലാശാല സർട്ടിഫിക്കറ്റിലെ പേര് തിരുത്തലുമായി ബന്ധപ്പെട്ട നമ്പർ.7146/Ac A1/2024 തീയതി 02.08.2024 എന്ന ഉത്തരവിലെ സീരിയൽ നമ്പർ ഒന്ന്, നാല്, എട്ട് എന്നിവ പുനഃ പരിശോധിക്കുന്നത് സംബന്ധിച്ച്:-**

സർവകലാശാല സർട്ടിഫിക്കറ്റിലെ പേര് തിരുത്തലുമായി ബന്ധപ്പെട്ട നമ്പർ.7146/Ac A1/2024 തീയതി 02.08.2024 എന്ന ഉത്തരവിലെ സീരിയൽ നം 1,2,4,8 എന്നിവ പുനഃപരിശോധിച്ച് സമർപ്പിച്ച താഴെപറയുന്ന ശുപാർശകൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

- സർവ്വകലാശാല ഉത്തരവ് നമ്പർ. 6514/AcA4/2024/എം.ജി.യു തീയതി 18.07.2024 പ്രകാരം Name Change/Name Correction സംബന്ധിച്ച് ഫീസ് വ്യവസ്ഥ ചെയ്തിട്ടുള്ള 10000/- രൂപ ഫീസ് ഒഴിവാക്കുന്നതിനും
- നമ്പർ.7146/AcA1/2024/എം.ജി.യു, തീയതി - 02.08.2024 എന്ന ഉത്തരവ് പ്രകാരം Grade Correction നുമായി ബന്ധപ്പെട്ട് 2000/- രൂപ ഈടാക്കുന്നതിനുള്ള വ്യവസ്ഥ റദ്ദ് ചെയ്യുന്നതിനും
- Duplicate Degree Certificate നൽകുന്നത് സംബന്ധിച്ച് നിലവിലെ നടപടികൾ തന്നെ തുടരുന്നതിനും (പരീക്ഷാ കൺട്രോളർ തലത്തിൽ അംഗീകരിക്കുന്നത്)
- പേരുമായി ബന്ധപ്പെട്ട spacing, dots in initials എന്നിവ മാറ്റുന്നതിന് നിലവിലെ സർട്ടിഫിക്കറ്റിനായി ഈടാക്കുന്ന ഫീസിനു പുറമെ 500/- രൂപ അധികമായി ഈടാക്കുന്നതിനും

**ഇനംനമ്പർ 21/24.08/148147/EJ1 SO/2022** — **UG /PG പരീക്ഷ – മൂല്യനിർണയവും പുനർമൂല്യനിർണയവും തമ്മിലുള്ള മാർക്ക് വ്യത്യാസം 15 ശതമാനത്തിൽ കൂടുതൽ ആകുന്ന സാഹചര്യത്തിൽ വിദഗ്ധ സമിതിയെ നിയോഗിച്ച് വീഴ്ച വരുത്തിയ അധ്യാപകർക്കെതിരെ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി – എക്സാമിനേഷന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 22/24.08/112967/CBCSS 29-1/2024** — **മുരിക്കാശ്ശേരി, മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ ബി.സി.എ വിദ്യാർത്ഥികളായ ALBIN GEORGE (PRN-220021087458), ALBIN GEORGE, (PRN- 220021087459) എന്നിവരുടെ നാലാം സെമസ്റ്റർ ഏപ്രിൽ 2024 പരീക്ഷയിലെ internal മാർക്കുകൾ പരസ്പരം മാറിപ്പോയത് സംബന്ധിച്ച്.**

മുരിക്കാശ്ശേരി, മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ (ഒരേ പേരുകൾ ഉള്ള) ALBIN GEORGE (PRN-220021087458), ALBIN GEORGE, (PRN- 220021087459) എന്നീ ബി.സി.എ വിദ്യാർത്ഥികളുടെ നാലാം സെമസ്റ്റർ ഏപ്രിൽ 2024 പരീക്ഷയിലെ മുഴുവൻ വിഷയങ്ങളുടെയും internal മാർക്കുകൾ പരസ്പരം മാറിയ വിഷയത്തിൽ സർവ്വകലാശാല നിയമപ്രകാരമുള്ള പിഴ ഈടാക്കി ടി വിദ്യാർത്ഥികളുടെ ഫലം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 23/24.08/114978/CBCSS 14-2/2024** — **പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ 2022 അഡ്മിഷൻ ബി. എ. മലയാളം മോഡൽ I വിദ്യാർത്ഥിയായ NIKHILDAS R. സ്പെഷ്യൽ എക്സാം നടത്തുന്നതിനായി സമർപ്പിച്ച അപേക്ഷ.**

സ.ഉ.നം. 10829/EA 2/2022/MGU, DATED, 25.10.2022, സ. ഉ. നം. 11395/ EA 2/ 2023/ MGU, DATED, 13.11.2023 എന്നീ ഉത്തരവുകളിൽ ഒന്നും തന്നെ ടി വിദ്യാർത്ഥി പങ്കെടുത്തിട്ടുള്ള ഇനമായ NCC- PRE IDSSC (Inter Directorate Sports Shooting Competition) പരാമർശിച്ചിട്ടില്ലാത്തതിനാൽ സ്പെഷ്യൽ എക്സാം നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 24/24.08/40993/AC A3-1/2024** — **കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്ക്രൈബ് അലവൻസ് കാലോചിതമായി പരിഷ്കരിക്കുന്നതും, ആയത് പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച്.**

കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്ക്രൈബ് അലവൻസ് പരീക്ഷ ഒന്നിന് Rs. 250/- (ഇരുന്നൂറ്റി അൻപത്) രൂപയായി നിശ്ചയിക്കുന്നതിനും ആയത് പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 25/24.08/88854/AD A5-2/2024** — **സ്കൂൾ ഓഫ് ജൻഡർ സ്റ്റഡീസ് – ഒന്നാം സെമസ്റ്റർ എം.എ ജൻഡർ സ്റ്റഡീസ് ഫലപ്രഖ്യാപനത്തിൽ ഉണ്ടായ പിഴവ് പരിശോധിക്കുന്നത് സംബന്ധിച്ച് രൂപീകൃതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച് :-**

സ്കൂൾ ഓഫ് ജൻഡർ സ്റ്റഡീസിലെ ഒന്നാം സെമസ്റ്റർ എം. എ. ജൻഡർ സ്റ്റഡീസ് ഫലപ്രഖ്യാപനത്തിൽ ഉണ്ടായ പിഴവ് പരിശോധിക്കുന്നത് സംബന്ധിച്ച് രൂപീകൃതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 26/24.08/88289/EG 3-3/2024

**St. Aloysius College, Edathua പരീക്ഷാ കേന്ദ്രമായി B.Com Model 1- Co Operation (പ്രൈവറ്റ്) രജിസ്റ്റർ ചെയ്ത Rony Joseph (PRN: 180050045908) എന്ന വിദ്യാർത്ഥി B.Com. CBCS Fifth Semester October 2023 പരീക്ഷയിൽ Financial Management കോഴ്സിന്റെ പുനർമൂല്യനിർണ്ണയം- മെമ്മോയിലെ മാർക്ക് തിരുത്തി ഫല വ്യത്യാസം അനുവദിക്കുന്നതിനായി സമർപ്പിച്ചത് - സംബന്ധിച്ച്-**

St. Aloysius College, Edathua പരീക്ഷാ കേന്ദ്രമായി രജിസ്റ്റർ ചെയ്തിട്ടുള്ള B.Com Model 1-Co Operation വിദ്യാർത്ഥിയായ Rony -Joseph (PRN: 180050045908), Fifth Semester October 2023 പരീക്ഷയിൽ Financial Management കോഴ്സിന് പുനർമൂല്യനിർണയത്തിലൂടെ ലഭിച്ച മാർക്ക് ഉൾപ്പെടുത്തി പുതിയ മാർക്ക് ലിസ്റ്റ് നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം) -നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 27/24.08/138173/AD B2-1/2024

**ഇൻറ്റർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ ബയോ മെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യലിറ്റി ഹോസ്പിറ്റലിൽ ഉപയോഗിച്ച് വരുന്ന HIGH END EQUIPMENTS-ന് വാർഷിക പരിപാലന കരാർ ആരംഭിക്കുന്നതിനുള്ള തുക 29,08,605/- (ഇരുപത്തി ഒമ്പത് ലക്ഷത്തി എണ്ണായിരത്തി അറുന്നൂറ്റി അഞ്ചു രൂപ മാത്രം) രൂപ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും വകയിരുത്തി അനുവദിക്കുന്നത് - സംബന്ധിച്ച്.**

ഇൻറ്റർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ ബയോ മെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യലിറ്റി ഹോസ്പിറ്റലിൽ ഉപയോഗിച്ച് വരുന്ന HIGH END EQUIPMENTS-ന് വാർഷിക പരിപാലന കരാർ ആരംഭിക്കുന്നതിനുള്ള തുക സർവ്വകലാശാലയിൽ നിന്നും അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്വ. പി. ബി. സതീഷ് കുമാർ (സിൻഡിക്കേറ്റ് അംഗം)-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 28/24.08/30524/AD A9-3/2023

**സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് - NAAC വിസിറ്റുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് വകുപ്പിൽ സൗകര്യങ്ങൾ ക്രമീകരിക്കുന്ന ചിലവിലേക്കായി സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ജോയിന്റ് ഡയറക്ടർ ഡോ.അനിത.സി.കുമാർ -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച 5,00,000/- രൂപയുടെ (അഞ്ചു ലക്ഷം രൂപ മാത്രം ) ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് - സംബന്ധിച്ച്:-**

- നാക് വിസിറ്റുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് വകുപ്പിൽ സൗകര്യങ്ങൾ ക്രമീകരിക്കുന്ന ചെലവിലേക്കായി ഡോ. അനിത സി. കുമാർ ആകെ ചെലവഴിച്ച തുകയായ 5,00,255/- രൂപ (അഞ്ചു ലക്ഷത്തി ഇരുന്നൂറ്റി അൻപത്തി അഞ്ചു രൂപ മാത്രം) അംഗീകരിക്കുന്നതിനും,
- അധികമായി ചെലവഴിച്ച തുകയായ 255/- രൂപ (ഇരുന്നൂറ്റി അൻപത്തി അഞ്ചു രൂപ മാത്രം) ടിയാൾക്ക് തിരികെ നൽകുന്നതിനും,
- നാക് വിസിറ്റുമായി ബന്ധപ്പെട്ട് അടിയന്തിര പ്രാധാന്യത്തോടെ ചെയ്ത പ്രവൃത്തി എന്നത് പരിഗണിച്ച് സർവകലാശാല ഉത്തരവ് നമ്പർ 4304 /AD A 9/2023/ എം.ജി. യു തീയതി 20.04.2023 പ്രകാരം ഡോ.അനിത.സി.കുമാർ ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച 5,00,000/- രൂപ (അഞ്ചു ലക്ഷം രൂപ മാത്രം) പിഴപ്പലിശ ഒഴിവാക്കി ക്രമപ്പെടുത്തുന്നതിനും,
- പ്രസ്തുത തുക നടപ്പ സാമ്പത്തിക വർഷത്തിലെ സർവകലാശാല ബഡ്ജറ്റിലെ " 21 101 69 - NAAC VISIT " എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 29/24.08/183862/AD A9-3/2022** | **സ്കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസ്- NAAC സന്ദർശനത്തിനു മുന്നോടിയായി ടോയ്ലെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി വകുപ്പ് മേധാവിയായിരുന്ന ഡോ. ബൈജു കെ.ആർ - ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹2,50,000/- (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം ) രൂപയുടെ ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച്:-** |

- സ്കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസ്-ൽ NAAC സന്ദർശനത്തിനു മുന്നോടിയായി ടോയ്ലെറ്റുകളുടെ അറ്റകുറ്റ പ്രവർത്തികൾ നടത്തിയ വകയിൽ ആകെ ചെലവഴിച്ച തുകയായ ₹2,50,367/- (രണ്ട് ലക്ഷത്തി അൻപതിനായിരത്തി മുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) അംഗീകരിക്കുന്നതിനും,

- അധികരിച്ച് ചെലവഴിച്ച ₹367/- (മുന്നൂറ്റി അറുപത്തിയേഴ് രൂപ മാത്രം) ഡോ. ബൈജു കെ.ആർ - ന്റെ പേരിൽ തിരികെ നൽകുന്നതിനും,

- സർവകലാശാല ഉത്തരവ് നമ്പർ 1143/AD A 9/2023/എം.ജി.യു.തിയതി 30.01.2023 പ്രകാരം നാക് വിസിറ്റുമായി ബന്ധപ്പെട്ട് അടിയന്തിര പ്രാധാന്യത്തോടെ ചെയ്ത പ്രവൃത്തി എന്നത് പരിഗണിച്ച് ഡോ. ബൈജു കെ.ആർ - ന്റെ പേരിൽ താൽക്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹2,50,000/- (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പിഴപ്പലിശ ഒഴിവാക്കി ക്രമീകരിക്കുന്നതിനും,

- മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 21 101 69 - NAAC VISIT എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 30/24.08/134024/P&D 1-1/2024** | **മഹാത്മാഗാന്ധി സർവ്വകലാശാല സെന്റർ ഫോർ യോഗ & നാച്ചുറോപ്പതി(CYN) -അനുബന്ധ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് :-** |

മഹാത്മാഗാന്ധി സർവ്വകലാശാല സെന്റർ ഫോർ യോഗ & നാച്ചുറോപ്പതി (CYN) അനുബന്ധ വികസന പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ സർവ്വകലാശാല എഞ്ചിനിയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 31/24.08/7052/AD A9-3/2024** | **സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് - NAAC വിസിറ്റുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പിന്റെ ഓഫീസ്, ലൈബ്രറി എന്നിവ നവീകരിക്കുന്നതിനായി IQAC കോർഡിനേറ്റർ ഡോ.ചിത്ര മോഹൻ-ന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹5,00,000/- (അഞ്ച് ലക്ഷം രൂപാ മാത്രം) രൂപയുടെ ക്രമീകരണം - സംബന്ധിച്ച് :-** |

- NAAC വിസിറ്റുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പിന്റെ ഓഫീസ്, ലൈബ്രറി എന്നിവ നവീകരിക്കുന്നതിനായി IQAC കോർഡിനേറ്റർ ഡോ.ചിത്ര മോഹൻ -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹ 5,00,000/- (അഞ്ചു ലക്ഷം രൂപാ മാത്രം) രൂപയും ബാങ്ക് പലിശ ഇനത്തിൽ ലഭിച്ച ₹ 1,266/ - (ആയിരത്തി ഇരുന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) രൂപയും ചേർത്ത് ₹ 5,01,266/ - (അഞ്ച് ലക്ഷത്തി ആയിരത്തി ഇരുന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) ആകെ വരവായി അംഗീകരിക്കുന്നതിനും,
- NAAC വിസിറ്റുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പിന്റെ ഓഫീസ്, ലൈബ്രറി എന്നിവിടങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയ വകയിൽ ആകെ ചെലവഴിച്ച തുകയായ ₹.5,01,266/ - (അഞ്ച് ലക്ഷത്തി ആയിരത്തി ഇരുന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം ) അംഗീകരിക്കുന്നതിനും,
- സർവകലാശാല ഉത്തരവ് നമ്പർ 827/AD A9/2024/എം ജി യു തീയതി 29.01.2024 പ്രകാരം ഡോ.ചിത്ര മോഹൻ -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹.5,00,000/- (അഞ്ചു ലക്ഷം രൂപാ മാത്രം) ക്രമീകരിക്കുന്നതിനും,

- മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ " 21 101 69 - NAAC VISIT " എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 32/24.08/84111/ADA9 SO/2024** | **Inter University Centre for Social Science Research and Extension (IUCSSRE) - NAAC സന്ദർശനവുമായി ബന്ധപ്പെട്ട് IUCSSRE -ന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ഡോ അഭിലാഷ് ബാബുവിന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി ₹.2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം )യുടെ ക്രമീകരണം - പിഴപ്പലിശ, ബാങ്ക് പലിശ ഈടാക്കുന്നത് സംബന്ധിച്ച് :-** |

- NAAC സന്ദർശനവുമായി ബന്ധപ്പെട്ട് Inter University Centre for Social Science Research and Extension (IUCSSRE) -ന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ആകെ ചെലവഴിച്ച തുകയായ ₹2,00,575/ -(രണ്ട് ലക്ഷത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം ) അംഗീകരിക്കുന്നതിനും,
- അധികരിച്ച് ചെലവഴിച്ച ₹575/- (അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) തിരികെ നൽകേണ്ടതില്ലായെന്നും,
- സർവകലാശാല ഉത്തരവ് നമ്പർ 2698/AD A 9/2023/എം ജി യു തീയതി 08.03.2023 പ്രകാരം ഡോ. അഭിലാഷ് ബാബുവിന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) ക്രമീകരിക്കുന്നതിനും,
- മേൽ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 21 101 69 -NAAC VISIT എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 33/24.08/128114/AD A9-2/2024** | **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് - 2020-2021, 2021-2022 വർഷങ്ങളിലെ സ്പോർട്സ് സ്കോളർഷിപ്പ് അവാർഡ് വിതരണം-മുൻകൂർ തുക അനുവദിക്കുന്നത് - സംബന്ധിച്ച്** |

2020-2021, 2021-22 അധ്യയന വർഷങ്ങളിൽ സ്പോർട്സ് ടൂർണമെന്റുകൾ നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഫയൽ പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 34/24.08/108807/AD A9-3/2022** | **സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് - കമ്പ്യൂട്ടർ, പ്രിന്റർ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അനീസ പി യുടെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുക ₹ 1,00,000/- (ഒരു ലക്ഷം രൂപ മാത്രം ) രൂപയുടെ ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച് :-** |

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ കമ്പ്യൂട്ടർ, പ്രിന്റർ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. അനീസ പി യുടെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് കണക്കാക്കിയ പിഴപ്പലിശയായ 9,962/- (ഒൻപതിനായിരത്തി തൊള്ളായിരത്തി അറുപത്തി രണ്ട് രൂപ മാത്രം) രൂപയിൽ നിന്നും അധികമായി ചെലവഴിക്കപ്പെട്ട 1,340/- (ആയിരത്തി മുന്നൂറ്റി നാൽപ്പത് രൂപ മാത്രം) രൂപ കിഴിച്ച് 8,622/- (എണ്ണായിരത്തി അറുനൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) രൂപ പിഴപ്പലിശ ഇനത്തിൽ ടിയാളിൽ നിന്നും ഈടാക്കിയതിനുശേഷം സർവ്വകലാശാല ഉത്തരവ് നമ്പർ 8247/Ad A9/2022/എം.ജി.യു. തീയതി 02.08.2022 പ്രകാരം അനുവദിച്ച മുൻകൂർ തുക ക്രമീകരിച്ച് നൽകുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 35/24.08/59596/AD A7-3/2023** | **ബിസിനസ്സ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ (BIIC) - പ്രോജെക്ട് അസിസ്റ്റന്റ് (Technology / Management) എന്ന താൽക്കാലിക തസ്തിക -വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്** |

ബിസിനസ്സ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ (BIIC)-ലെ പ്രോജക്ട് അസിസ്റ്റന്റ് (Technology/Management) എന്ന താത്കാലിക തസ്തികയുടെ വേതനം Rs. 25,000/-(ഇരുപത്തയ്യായിരം രൂപ മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 36/24.08/116141/AD B 3-3/2024** — **സർവകലാശാലയിലെ Used answer sheet/Used Waste paper എന്നിവ KPPL എന്ന സ്ഥാപനത്തിന് നൽകുന്നത് – തീരുമാനം സംബന്ധിച്ച് .**

സർവകലാശാലയിലെ പഴയ ചോദ്യപേപ്പറുകൾ വിൽക്കുന്നതിനുള്ള ക്വട്ടേഷൻ 18.12.2025 വരെയും ബുക്കുകൾ, മാഗസിനുകൾ, ബൈൻഡ് ചെയ്ത പുസ്തകങ്ങൾ എന്നിവ വിൽക്കുന്നതിനുള്ള ക്വട്ടേഷൻ 31.03.2026 വരെയും മൂല്യനിർണ്ണയം കഴിഞ്ഞ ഉത്തരക്കടലാസ് വിൽക്കുന്നതിനുള്ള ഒറ്റത്തവണ ക്വട്ടേഷനും നിലവിലുള്ളതിനാൽ സർവകലാശാലയിലെ Used answer sheet/Used Waste paper എന്നിവ KPPL എന്ന സ്ഥാപനത്തിന് തൽക്കാലം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 37/24.08/97356/P&D 2-2/2024** — **ഗവേഷക – അക്കാദമിക ആവശ്യങ്ങൾക്കായി വിദേശ സർവ്വകലാശാലകളിൽ പോകുവാൻ തെരഞ്ഞെടുക്കപ്പെടുന്ന മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഗവേഷകർക്ക്, 2024-25 സർവ്വകലാശാല ബജറ്റ് ശീർഷകം "21 101 03 a Students Mobility Fund for Research Students / PG Students" – ൽ നിന്നും തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നത് – സംബന്ധിച്ച്:-**

- ഗവേഷക – അക്കാദമിക ആവശ്യങ്ങൾക്കായി വിദേശ സർവ്വകലാശാലകളിൽ പോകുവാൻ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നതിനും,
- ഒരോ വർഷവും വിവിധ പഠന വകുപ്പുകളിലെ 5 വീതം വിദ്യാർത്ഥികൾക്ക് ഇത് അനുവദിക്കുന്നതിനും, 5-ൽ രണ്ട് പേരെങ്കിലും വനിതകൾ ആയിരിക്കേണ്ടതുമാണെന്നും,
- പ്രസ്തുത നയത്തിന് ദാക്ഷായണി വേലായുധൻ അക്കാദമിക് ഗ്രാന്റ് എന്ന പേര് നൽകുന്നതിനും,
- ടി തുക 2024-25 സർവ്വകലാശാല ബജറ്റ് ശീർഷകം "21 101 03 a Students Mobility Fund for Research Students/PG Students"-ൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 38/24.08/122206/EV -1-3/2024** — **TA തുക അനുവദിക്കുന്നതിനുള്ള monthly/quarterly പരിധിയിൽ നിന്നും ഒഴിവാക്കി സർവകലാശാലയുടെ പരീക്ഷ സംബന്ധിയായ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന എല്ലാ ദിവസങ്ങൾക്കുമുള്ള അനുവദനീയമായ TA തുക അനുവദിച്ച് നൽകണമെന്ന EN 1 സെക്ഷനിലെ ക്ലറിക്കൽ അസിസ്റ്റൻറ്റുമാരുടെ അപേക്ഷ സംബന്ധിച്ച്:-**

സർവകലാശാലയുടെ പരീക്ഷ സംബന്ധിയായ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന റൂട്ട് ഓഫീസർമാരായ EN 1 സെക്ഷനിലെ ക്ലറിക്കൽ അസിസ്റ്റൻറ്റുമാർക്ക് യാത്ര ചെയ്യുന്ന എല്ലാ ദിവസങ്ങൾക്കും അനുവദനീയമായ TA തുക monthly/quarterly പരിധി ഒഴിവാക്കി നല്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 39/24.08/75293/AD A9-3/2023** — **സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് (SOBS) – NAAC വിസിറ്റിനോടനുബന്ധിച്ച് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ചെലവിലേക്കായി വകുപ്പുമേധാവി ഡോ. വിനോദ് കുമാർ എസ് -ന്റെ പേരിൽ താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച ₹ 5,00,000/- (അഞ്ചു ലക്ഷം രൂപ മാത്രം)ക്രമീകരണം – സംബന്ധിച്ച് :-**

- NAAC വിസിറ്റിനോടനുബന്ധിച്ച് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ ചെലവഴിച്ച തുകയായ 5,00,185/- രൂപ (അഞ്ചു ലക്ഷത്തി നൂറ്റി എൺപത്തി അഞ്ചു രൂപ മാത്രം) അംഗീകരിക്കുന്നതിനും,

- അധികമായി ചെലവഴിച്ച തുകയായ 185/- രൂപ (നൂറ്റി എൺപത്തി അഞ്ചു രൂപ മാത്രം) ഡോ. വിനോദ് കുമാർ എസ്-ന് തിരികെ നൽകുന്നതിനും,
- NAAC വിസിറ്റിനോടനുബന്ധിച്ച് അടിയന്തിര പ്രാധാന്യത്തോടെ ചെയ്ത പ്രവൃത്തി എന്നത് പരിഗണിച്ച് ഡോ. വിനോദ് കുമാർ എസ്-ന്റെ പേരിൽ സർവകലാശാല ഉത്തരവ് നമ്പർ 3097/AD A 9/2023/എം.ജി.യു തീയതി 17.03.2023 പ്രകാരം താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപ പിഴപ്പലിശ ഒഴിവാക്കി ക്രമപ്പെടുത്തുന്നതിനും,
- പ്രസ്തുത തുക നടപ്പ സാമ്പത്തിക വർഷത്തിലെ സർവകലാശാല ബഡ്ജറ്റിലെ " 21 101 27 - others " എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 40/24.08/83654/AD A9-3/2022**

**സ്കൂൾ ഓഫ് കെമിക്കൽ സയൻസിലെ ഓഫീസ് റൂമിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, ഫർണ്ണീച്ചർ ( Table, Chair, Visiting Chairs, Safe, Cupboard, Computer table & chair) എന്നിവ വാങ്ങി ടി ഓഫീസ് റൂം സജ്ജമാക്കുന്നതിനുള്ള ചെലവിലേയ്ക്കായി സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പ് മേധാവി ഡോ.അനിത സി കുമാർ ന്റെ പേരിൽ താൽക്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) ക്രമീകരണം - പിഴപ്പലിശ ഈടാക്കുന്നത് സംബന്ധിച്ച് :-**

സ്കൂൾ ഓഫ് കെമിക്കൽ സയൻസിലെ ഓഫീസ് റൂമിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, ഫർണ്ണീച്ചർ (Table, Chair, Visiting Chairs, Safe, Cupboard, Computer table & chair) എന്നിവ വാങ്ങി ടി ഓഫീസ് റൂം സജ്ജമാക്കുന്നതിനുള്ള ചെലവിലേയ്ക്കായി, സർവകലാശാല ഉത്തരവ് നമ്പർ 6440/AD A 9/2022/എം ജി യു തിയതി 22.06.2022 പ്രകാരം, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പ് മേധാവി ഡോ. അനിത സി. കുമാറിന്റെ പേരിൽ അനുവദിച്ച താൽക്കാലിക മുൻകൂർ തുകയായ ₹2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) താഴെപറയും പ്രകാരം ക്രമീകരിച്ചു നൽകുന്നതിന് തീരുമാനിച്ചു.

- താൽക്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) ക്രമീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് കണക്കാക്കിയ പിഴപ്പലിശയായ ₹33,041/- (മുപ്പത്തിമൂവായിരത്തി നാൽപത്തിയൊന്ന് രൂപ മാത്രം) രൂപ ടിയാളിൽ നിന്നും ഈടാക്കുന്നതിനും,
- ആയതിനു ശേഷം മുൻകൂർ തുകയിൽ നിന്നും അധികരിച്ച് ചെലവഴിച്ച തുകയായ ₹7,000/- (എഴായിരം രൂപ മാത്രം) രൂപയിൽ നിന്നും ബാങ്ക് പലിശ ഇനത്തിൽ ലഭിച്ചിട്ടുള്ള ₹3,580/- (മൂവായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) കുറവ് ചെയ്തു ബാക്കി തുകയായ ₹3420/- (മൂവായിരത്തി നാനൂറ്റി ഇരുപത് രൂപ മാത്രം) ടിയാളുടെ പേരിൽ തിരികെ നൽകുന്നതിനും,
- താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച 2,00,000/- രൂപ ക്രമീകരിച്ചു നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 41/24.08/172997/P&D 2-1/2022**

**ഡോ. ബിജുലാൽ എം. വി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്ററായ "Effect of Social Institutional and Technological Interventions on Access to Healthcare Among Interstate Migrant Labourers in Kerala"എന്ന ANRF (DST SERB) പ്രോജക്റ്റിന്റെ രണ്ടാം ഗഡുവിനത്തിൽ സർവ്വകലാശാലയ്ക്ക് അനുവദിച്ച ഓവർഹെഡ് ചാർജ്ജ് - ൽ നിന്നും 1,23,000/- രൂപ (ഒരു ലക്ഷത്തി ഇരുപത്തിമൂവായിരം രൂപ മാത്രം) ആകസ്മിക ചെലവുകൾക്കായി അനുവദിക്കണമെന്ന ടിയാന്റെ അപേക്ഷ - പ്രസ്തുത തുകയിൽ നിന്നും ബഹു. വൈസ് ചാൻസലർ 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) അനുവദിച്ചത് - ശേഷിക്കുന്ന തുകയായ 63,000/- രൂപ (അറുപത്തിമൂവായിരം രൂപ മാത്രം) അനുവദിക്കുന്നത് - സംബന്ധിച്ച്:-**

ഡോ. ബിജുലാൽ എം. വി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്ററായ "Effect of Social Institutional and Technological Interventions on Access to Healthcare Among Interstate Migrant Labourers in Kerala"എന്ന ANRF (DST SERB) പ്രോജക്റ്റിന്റെ രണ്ടാം ഗഡുവിനത്തിൽ സർവ്വകലാശാലയ്ക്ക് അനുവദിച്ച ഓവർഹെഡ് ചാർജ്ജിലെ അവശേഷിക്കുന്ന തുകയായ 63,000/- രൂപ (അറുപത്തിമൂവായിരം രൂപ മാത്രം)

അനുവദിക്കണമെന്നാവശ്യപ്പെട്ട് ഡോ. ബിജുലാൽ എം. വി. സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 42/24.08/117478/DSS 2/2024/DSS** **തായ്പെയിലെ തായ്ചുങ്ങിൽ ഒക്ടോബർ 15 മുതൽ 19 വരെ നടന്ന 4-മത് ഏഷ്യൻ യൂണിവേഴ്സിറ്റി വനിതാ സോഫ്റ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത വിവിധ അഫിലിയേറ്റഡ് കോളേജുകളിലെ രണ്ട് വിദ്യാർത്ഥിനികൾക്ക് ചെലവിനത്തിൽ ₹1,53,860/ – (ഒരു ലക്ഷത്തി അമ്പത്തി മൂവായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) വീതം സർവകലാശാല അനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ച് .**

ഏഷ്യൻ യൂണിവേഴ്സിറ്റി വനിതാ സോഫ്റ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത വിദ്യാർത്ഥിനികൾ ചെലവിനത്തിൽ ഉണ്ടായ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 43/24.08/7133/AD A9-2/2024/SPESS** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് – NAAC സന്ദർശനം- വകുപ്പിൽ 3D ബോർഡ് സ്ഥാപിക്കാനും മേൽക്കൂര മാറ്റുന്നതിനുമുള്ള ചെലവിലേക്കായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹ 5,00,000/- (അഞ്ചു ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നത് സംബന്ധിച്ച്.**

ഫയൽ പുനഃപരിശോധിക്കുന്നതിനായി സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-ഫിനാൻസ്-ന് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 44/24.08/240008** **11.12.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി – ഫിനാൻസ് -ന്റെ യോഗ നടപടിക്രമം**

**ഒ.എ.30/24.07** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യുക്കേഷൻ കെട്ടിടം നവീകരിക്കുന്നത് സംബന്ധിച്ച്.**

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യുക്കേഷൻ കെട്ടിടം നവീകരിക്കുന്നതിലേക്കായി സർവ്വകലശാല എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലും ആയതിന് കണക്കാക്കിയ Rs.11,35,500/- (പതിനൊന്ന് ലക്ഷത്തി മുപ്പത്തി ആയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 45/24.08/42839/AC A1-2/2024** **സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജിയുടെ കീഴിലുള്ള വിവിധ പ്രോഗ്രാമുകളുടെ സെമസ്റ്റർ ഫീ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് :-**

പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ഹരികൃഷ്ണൻ പി., ഡോ. സെനോ ജോസ്, പ്രൊഫ. ബീന മാത്യു, ഡോ. ബൈജു കെ. ആർ., പ്രൊഫ. പി. എസ്. രാധാകൃഷ്ണൻ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 46/24.08/94286/AD B4-1/2021** **സർവ്വകലാശാലയിലെ നെറ്റ്വർക്ക് സെക്യൂരിറ്റി കൈകാര്യം ചെയ്യുന്ന UTM Firewall – (Sophos XG 550 )- ന്റെ ലൈസൻസും, വാലിഡിറ്റിയും, സെപ്റ്റംബർ 2024 - ൽ അവസാനിച്ച സാഹചര്യത്തിൽ, പുതിയ Firewall – ലൈസൻസ് വാങ്ങുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാലയുടെ Networking സംവിധാനത്തിന്റെ security-ക്ക് ആവശ്യമായ UTM-Firewall-Sophos XG 550 ലൈസൻസ് ഇ-ടെൻഡർ ക്ഷണിച്ച് വാങ്ങുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 47/24.08/35899/COE 1 -SO/2023** — **ഓൺലൈൻ എം. കോം. പ്രോഗ്രാമിന്റെ വീഡിയോ ക്ലാസുകളുടെ റെക്കോർഡിങ് എഡിറ്റിംഗ് ജോലികൾക്ക് MGUIF സമർപ്പിച്ചിരിക്കുന്ന ബില്ലുകൾക്ക് അനുസൃതമായ തുകകൾ നൽകുന്നത് സംബന്ധിച്ച്.**

രണ്ടാം സെമസ്റ്റർ ഓൺലൈൻ എം. കോം. പ്രോഗ്രാമിന്റെ വീഡിയോ ക്ലാസുകളുടെ റെക്കോർഡിങ് എഡിറ്റിംഗ് ജോലികൾ പൂർത്തീകരിച്ചതിന് MGUIF-ന് 15 മിനിറ്റ് വീഡിയോയ്ക്ക് ₹3020/- (മൂവായിരത്തി ഇരുപത് രൂപ മാത്രം) + GST എന്ന നിരക്കിൽ 4 വിഷയങ്ങളുടെ വീഡിയോ ക്ലാസുകൾ തയ്യാറാക്കിയതിന് GST ഉൾപ്പടെ ₹12,82,896/- (പന്ത്രണ്ട് ലക്ഷത്തി എൺപത്തി രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയാറ് രൂപ മാത്രം) നടപ്പ സാമ്പത്തിക വർഷത്തെ '22 355 009 a Technical Services' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി അനുവദിക്കുന്നതിന് തീരുമാനിച്ചു.

## (ii) മുൻ ഇനങ്ങൾ

**ഇനംനമ്പർ OA 10/24.07/188403/AcA4/3/Fees for NC-clarification/2022** — **ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള സർവ്വകലാശാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പേര് മാറ്റം (Name Change) വരുത്തി നൽകുന്നതിലും, പേര് തിരുത്തി (Name Correction) നൽകുന്നതിലും നിലനിൽക്കുന്ന അവ്യക്തതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്.**

ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള സർവ്വകലാശാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പേര് മാറ്റം (Name Change) വരുത്തി നൽകുന്നതിലും പേര് തിരുത്തി (Name Correction) നൽകുന്നതിലും നിലനിൽക്കുന്ന അവ്യക്തതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് രജിസ്ട്രാറുടെ യോഗത്തിലെ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ OA 14/24.07/126430/CBCSS 5-3/2024** — **ചങ്ങനാശേരി, സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിലെ 2017 അഡ്മിഷൻ സി ബി സി എസ് ബി എ വിഷ്വൽ കമ്മ്യൂണിക്കേഷൻ മോഡൽ III വിദ്യാർത്ഥി Adithlal H (170021022724)ന് ആറാം സെമസ്റ്റർ CBCS മാർച്ച് 2024 സപ്ലിമെന്ററി പരീക്ഷയിൽ കോളേജിൽ നിന്നും ഇന്റേണൽ മാർക്ക് രേഖപ്പെടുത്തിയതിൻ പ്രകാരം റിസൾട്ട് പ്രസിദ്ധീകരിച്ചത് തിരുത്തി നൽകുന്നത് സംബന്ധിച്ച്:-**

സർവ്വകലാശാല നിയമപ്രകാരമുള്ള പിഴ ഈടാക്കി ഇന്റേണൽ മാർക്ക് തിരുത്തി പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ OA 25/24.07/157773/P&D 1-2/2022** — **മഹാത്മാഗാന്ധി സർവകലാശാലയിൽ സ്ത്രീകൾക്കും, പുരുഷന്മാർക്കുമുള്ള വിശ്രമ കേന്ദ്രം, പുതിയ കാന്റീൻ കെട്ടിടം എന്നീ നിർമ്മാണ പ്രവൃത്തികളുടെ ആർകിടെക്ച്ചറൽ കൺസൾട്ടൻസി ഫീസ് ആയി Pencil Dezign pvt. Ltd, Kozhikode കോട്ട് ചെയ്ത 2.5 % of the project cost , മൾട്ടിപർപ്പസ് ആംഫി തീയറ്റർ നിർമ്മാണ പ്രവൃത്തിയുടെ ആർകിടെക്ച്ചറൽ കൺസൾട്ടൻസി ഫീസ് ആയി Capital Engineering Consultancy Ltd, Pala കോട്ട് ചെയ്ത 2% of the project cost അംഗീകരിക്കുന്നത് -സംബന്ധിച്ച്**

സ്ത്രീകൾക്കും, പുരുഷന്മാർക്കുമുള്ള വിശ്രമ കേന്ദ്രം, പുതിയ കാന്റീൻ കെട്ടിടം എന്നീ നിർമ്മാണ പ്രവൃത്തികളുടെ ആർകിടെക്ച്ചറൽ കൺസൾട്ടൻസി ഫീസ് ആയി Pencil Dezign pvt. Ltd, Kozhikode കോട്ട് ചെയ്ത 2.5% of the project cost ഉം, മൾട്ടിപർപ്പസ് ആംഫി തീയറ്റർ നിർമ്മാണ പ്രവൃത്തിയുടെ ആർകിടെക്ച്ചറൽ കൺസൾട്ടൻസി ഫീസ് ആയി Capital Engineering Consultancy Ltd, Pala കോട്ട് ചെയ്ത 2% of the project cost-ഉം അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**അഡീഷണൽ അജൻഡ**

**(I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:**

**ഇനംനമ്പർ 48/24.08/138986/EA 2-1/2024**

**അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2009 - 2012 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷ, ഒക്ടോബർ 2022 - പരീക്ഷാഫലത്തിലെ അപാകത പരിഹരിച്ച് പരീക്ഷാഫലം പുന: പ്രസിദ്ധീകരിക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

അഞ്ചാം സെമസ്റ്റർ സിബിസിഎസ്എസ് (2009 - 2012 അഡ്മിഷൻ മേഴ്സി ചാൻസ്) ഒക്ടോബർ 2022 പരീക്ഷയുമായി ബന്ധപ്പെട്ട് 17 വിദ്യാർത്ഥികളുടെ പരീക്ഷാഫലത്തിലെ അപാകത പരിഹരിച്ച്, പ്രസ്തുത റിസൾട്ട് പുനഃപ്രസിദ്ധീകരിക്കുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അനുമതി നൽകി ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 04.12.2024 തീയതിയിലെ 10947/EA 2/2024/എം.ജി.യു. നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 49/24.08/125804/ACA16-2/2024**

**Bachelor of Science (Honours) Statistics പ്രോഗ്രാമിന്റെ End Semester Evaluation ചോദ്യ പേപ്പർ പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024 -ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 28.10.2024 തീയതിയിൽ കൂടിയ സ്റ്റാറ്റിസ്റ്റിക്സ് (യു.ജി.) വിദഗ്ദ്ധ സമിതി യോഗം, Bachelor of Science (Honours) Statistics പ്രോഗ്രാമിന്റെ സിലബസിൽ ഒന്ന്, രണ്ട് സെമസ്റ്ററുകളിലെ MDC വിഭാഗത്തിലെ കോഴ്സുകളായ MG1MDCSTA100: Statistical Data Collection, MG1MDCSTA101: Data Analysis Using Libre Calc, MG2MDCSTA100: Time Series Methods and Their Applications & MG2MDCSTA101: Data Analysis Using JAMOVI and Introduction to R എന്നിവയുടെ End Semester Evaluation -ന് വേണ്ടി നൽകിയിരിക്കുന്ന ചോദ്യ പേപ്പർ പാറ്റേണുകൾ പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 04.11.2024-ലെ 9989/ACA 16/2024/MGU നമ്പർ സർവ്വകലാശാലാ ഉത്തരവും Mahatma Gandhi University Act 1985, Chapter V Section 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 50/24.08/45593/AC A3-1/2024** **കാലിക്കറ്റ് സർവകലാശാലയിൽ നിന്നും ഓപ്പൺ ലിബറലൈസ്ഡ് സ്കീം വഴി ബി.എ ഇംഗ്ലീഷ് ഡിഗ്രി കരസ്ഥമാക്കി മഹാത്മാഗാന്ധി സർവകലാശാലയിൽ, 2011 വർഷത്തിൽ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ അഡ്മിഷൻ നേടി എം.എ അറബിക് ബിരുദാനന്തര ബിരുദം വിജയിച്ച ശ്രീ. മുഹമ്മദ് റെഷിൻ എം.വി എന്ന വിദ്യാർത്ഥിയുടെ പി.ജി. ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്ന വിഷയത്തിൽ അന്വേഷണ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്:-**

കാലിക്കറ്റ് സർവകലാശാലയിൽ നിന്നും ഓപ്പൺ ലിബറലൈസ്ഡ് സ്കീം വഴി ബി.എ ഇംഗ്ലീഷ് ഡിഗ്രി കരസ്ഥമാക്കി മഹാത്മാഗാന്ധി സർവകലാശാലയിൽ, 2011 വർഷത്തിൽ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ അഡ്മിഷൻ നേടി എം.എ അറബിക് ബിരുദാനന്തര ബിരുദം വിജയിച്ച ശ്രീ. മുഹമ്മദ് റെഷിൻ എം.വി എന്ന വിദ്യാർത്ഥിയുടെ പി.ജി. ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, ഡോ. ജോജി അലക്സിന്റെ അധ്യക്ഷതയിൽ കൂടിയ അന്വേഷണ കമ്മിറ്റി-യുടെ ശിപാർശകൾ അടങ്ങിയ ഹിയറിങ്ങിന്റെ മിനിറ്റ്സ് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 07.10.2024 തീയതിയിലെ 8991/AC A3/2024/എം.ജി.യു. നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 51/24.08/138174/P&D 2-1/2024** Institute of Physics Belgrade (IPB), **സെർബിയയും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക ഗവേഷണ സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് – സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

Institute of Physics Belgrade (IPB), സെർബിയയും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ അക്കാദമിക ഗവേഷണ സഹകരണത്തിനായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.12.2024 തീയതിയിലെ 11203/P&D 2/2024/MGU നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 52/24.08/3379/AD B4-1/2022 (PART III)** **സർവ്വകലാശാലയിൽ** Time & Attendance Face Recognition System **സ്ഥാപിക്കുന്നതിന്** Uralungal Labour Contract Co-operative Society Ltd (ULCCS), Kozhikode **സമർപ്പിച്ചിട്ടുള്ള 30,58,489/- രൂപയുടെ പ്രൊപോസൽ അംഗീകരിച്ച് വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) പ്രകാരം കൈക്കൊണ്ട തീരുമാനം – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്- സംബന്ധിച്ച്.**

സർവ്വകലാശാലയിലെ നിലവിലുള്ള ബയോ മെട്രിക് സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 72 എണ്ണം ബയോമെട്രിക് പഞ്ചിങ്ങ് മെഷീനുകൾ ഉൾക്കൊള്ളുന്ന Time & Attendance Face Recognition System സ്ഥാപിക്കുന്നതിനും ആയതിന് 5 വർഷത്തെ വാറന്റി നൽകുന്നതിനും ഉൾപ്പെടെ സർക്കാർ അംഗീകൃത TSP ആയ Uralungal Labour Contract Co-Operative Society Ltd. (ULCCS), Kozhikode എന്ന

സ്ഥാപനം സമർപ്പിച്ചിട്ടുള്ള 30,58,489/- രൂപയുടെ (18% GST ഉൾപ്പെടെ) പ്രൊപ്പോസൽ അംഗീകരിച്ചും സ്ഥാപനത്തിന്റെ payment terms പ്രകാരം ആകെ തുകയുടെ 30% മുൻകൂറായും, 60% ഉപകരണങ്ങളുടെ വിതരണത്തിന് ശേഷവും, ബാക്കിയുള്ള 10% Face Recognition സംവിധാനത്തിന്റെ ഇൻസ്റ്റലേഷൻ കഴിഞ്ഞ് 6 മാസത്തിന് ശേഷവും സ്ഥാപനത്തിന് അനുവദിച്ചും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 12.02.2024 തീയതിയിലെ 1358/ADB4/2024/MGU നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 53/24.08/37270/AC B7-2/2024 (PART I) തൃക്കാക്കര ഭാരതമാതാ സ്വയംഭരണ കോളേജിൽ പുതിയ നാല് പ്രോഗ്രാമുകൾ സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതും, നിലവിലെ ഒരു പ്രോഗ്രാമിന് അധിക ബാച്ച് അനുവദിക്കുന്നതും സംബന്ധിച്ച വിഷയത്തിൽ പരിശോധന സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് 1985 - ലെ മഹാത്മാ ഗാന്ധി സർവകലാശാല നിയമം, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

തൃക്കാക്കര ഭാരത മാതാ കോളേജ് പുതിയ നാല് പ്രോഗ്രാമുകൾ [ബിഎസ്‌സി സൈക്കോളജി (50 സീറ്റ്), ബിഎസ്‌സി ഡേറ്റ സയൻസ് (50 സീറ്റ്), ബിഎസ്ഡബ്ല്യു (50 സീറ്റ്), ബിസിഎ (60സീറ്റ്)] സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനും, ഒരു സ്വാശ്രയ പ്രോഗ്രാമിന് [ബിബിഎ (120 സീറ്റ് - നിലവിൽ 50 സീറ്റ്)] ഒരു അധിക ബാച്ച് അനുവദിക്കുന്നതിനും വേണ്ടി 27.03.2024 - ൽ അപേക്ഷ സമർപ്പിച്ചിരുന്നു.
പ്രസ്തുത അപേക്ഷ പരിഗണിച്ച്, കോളേജിൽ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരിശോധനാ സമിതിയെ നിയോഗിച്ചുകൊണ്ട് 05.08.2024 തീയതിയിലെ 7206/ACB7/2024/എം.ജി.യു. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.
തുടർന്ന്, അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച്, തൃക്കാക്കര ഭാരത മാതാ സ്വയംഭരണ കോളേജിൽ 40 സീറ്റുകൾ വീതമുള്ള പുതിയ നാല് പ്രോഗ്രാമുകൾ [ബിഎസ്‌സി സൈക്കോളജി, ബിഎസ്‌സി ഡേറ്റ സയൻസ്, ബിഎസ്ഡബ്ല്യു, ബിസിഎ] സ്വാശ്രയ ധാരയിൽ ആരംഭിക്കുന്നതിനും, ഒരു സ്വാശ്രയ പ്രോഗ്രാമിന് [ബിബിഎ] 40 സീറ്റിന്റെ ഒരു അധിക ബാച്ച് അനുവദിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 06.12.2024 തീയതിയിലെ 11035/ACB7/2024/എം.ജി.യു. നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 54/24.08/44878/AC B7-2/2024 (PART I) തൃക്കാക്കര ഭാരത മാതാ സ്വയംഭരണ കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-2025 അക്കാദമിക വർഷത്തിലേക്ക് നീട്ടി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ പരിശോധന സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് 1985- ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല നിയമം, അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തൃക്കാക്കര ഭാരത മാതാ സ്വയംഭരണ കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-2025 അക്കാദമിക വർഷത്തിലേക്ക് നീട്ടി നൽകുന്നതിനായി പ്രിൻസിപ്പൽ BMC/1/Pro.Aff(SF)/2024 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച്, കോളേജിൽ പ്രോഗ്രാമുകൾ നടത്തുന്നതിന് ആവശ്യമായ പഠനഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ടി ഡോ. സുജ.ടി.വി. (സിൻഡിക്കേറ്റംഗം)-യെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിക്കുകയും അതിൻ പ്രകാരം 23.08.2024-ലെ 7725/ACB7/2024/എം.ജി.യു. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 06.12.2024 തീയതിയിലെ 11034/ACB7/2024/എം.ജി.യു. നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ 55/24.08/134855/AC A1-3/2024

**International Educational Trust, Thrikkakara എന്ന എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് 'KMM Law College, Thrikkakara' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ വ്യവസ്ഥകളോടുകൂടിയ അനുമതി പത്രം, സർക്കാർ നിരാക്ഷേപപത്രം എന്നിവ പരിഗണിച്ചു കൊണ്ട് 2024-25 അക്കാദമിക വർഷം 'KMM Law College, Thrikkakara' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജിൽ 60 സീറ്റുകളോടുകൂടി Three year LL.B, Five year Integrated B.Com LL.B(Hons.) എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള താത്ക്കാലിക അഫിലിയേഷൻ നൽകികൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III വകുപ്പ് 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:-**

Bar Council of India (BCI) നിന്നും 09.11.2024 തീയതിയിൽ ലഭിച്ച BCI:2313:2024(LE/Std. 05.11.2024, സർക്കാരിൽനിന്നും ലഭിച്ച Administrative Sanction - G.O.(Rt)No.504/2024/H.Edn dated 30.04.2024, NOC - G.O.(Ms)No.664/2024/HEDN - Dated 21.11.2024 എന്നിവ പരിഗണിച്ചുകൊണ്ട്, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം, International Educational Trust, Thrikkakara എന്ന വിദ്യാഭ്യാസ ഏജൻസിയ്ക്ക് 2024-25 അക്കാദമിക വർഷം 'KMM Law College, Thrikkakara' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജിൽ 60 സീറ്റുകളോടുകൂടി Three year LL.B, Five year Integrated B.Com LL.B(Hons.) എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള താത്ക്കാലിക അഫിലിയേഷൻ നൽകുവാൻ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.12.2024-ലെ 11013/ACA1/2024/MGU നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇനംനമ്പർ 56/24.08/99043/CBCSS 8-2/2024

**വിശ്വബ്രാഹ്മണ കോളേജ് വെച്ചൂച്ചിറ - CBCS ബി.എസ്.സി രണ്ടാം സെമസ്റ്റർ സൈബർ ഫോറൻസിക് സപ്ലിമെന്ററി പരീക്ഷ മെയ് 2024 - ടി കോളേജിൽ നിന്നും റിപ്പോർട്ട് ചെയ്ത പരീക്ഷ ക്രമക്കേടിൻമേലുള്ള സിൻഡിക്കേറ്റ് തല അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവായത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

വെച്ചൂച്ചിറ വിശ്വബ്രാഹ്മണ കോളേജിൽ നടന്ന CBCS ബിഎസ്സി. രണ്ടാം സെമസ്റ്റർ സൈബർ ഫോറൻസിക് മെയ് 2024 സപ്ലിമെന്ററി പരീക്ഷയിലെ Data Structure Using C++ എന്ന വിഷയത്തിന്റെ പരീക്ഷ എഴുതിയ ASHNA A S (PRN:220021041149), ASWIN JAYANATH (PRN:220021041150) എന്നീ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളിൽ ടി കോളേജിലെ ഓഫീസ് അറ്റൻഡന്റ് ക്രമക്കേട് നടത്തിയതായി സംശയിക്കുന്നതായി ടി കോളേജ് പ്രിൻസിപ്പൽ സർവ്വകലാശാലയിൽ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ടി ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം ഡോ. ജോജി അലക്സിനെ ചുമതലപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം അന്വേഷണം നടത്തിയ ടി കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17.12.2024-ലെ 11433/CBCSS 8/2024/എം.ജി.യു നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 57/24.08/142809/AD A4-1/2024** **ഭരണകാര്യം – അഡ്വ. പി എൻ മിശ്രക്ക് ലീഗൽ ഫീസ് അനുവദിച്ച് – സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹു. വൈസ് ചാൻസലർ ഉത്തരവായത്, ആയതിൻ പ്രകാരം സ്വീകരിച്ച മേൽനടപടികൾ എന്നിവ – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

ബഹു. സുപ്രീം കോടതി മുൻപാകെയുള്ള Contempt Petition (C) No. 631 – 665 of 2022 in SLP(C) No.30160-30194 titled as Anil Kumar N & Ors. Vs Dr. Sabu Thomas & Ors എന്ന കേസിൽ സർവകലാശാലക്ക് വേണ്ടി 24.09.2024 തീയതിയിൽ സുപ്രീം കോടതിയിൽ ഹാജരായതിന് 5,50,000/- രൂപാ ആവശ്യപ്പെട്ട് അഡ്വ. പി എൻ മിശ്ര സമർപ്പിച്ചിരുന്ന 24.09.2024 തിയ്യതിയായുള്ള 33/2024 നമ്പർ ബില്ല്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം 29.11.2024 തീയതിയിൽ ബഹു. വൈസ് ചാൻസലർ അനുവദിച്ച ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 03.12.2024-ലെ 10917/AD A 4/2024/MGU നമ്പർ സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 58/24.08/89722/P&D 2-1/2024** KSCSTE – Centre for Water Resources Development and Management (CWRDM), **കുന്നമംഗലം, കോഴിക്കോടും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം എന്നീ മേഖലകളിലുള്ള സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് – സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.**

KSCSTE – Centre for Water Resources Development and Management (CWRDM), കുന്നമംഗലം, കോഴിക്കോടും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം എന്നീ മേഖലകളിലുള്ള സഹകരണത്തിനായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 16.12.2024-ലെ 11371/P&D 2/2024/MGU, നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 59/24.08/36945/SC-ST CELL – 2/2022 (PART I)** **മഹാത്മാ ഗാന്ധി സർവകലാശാല – ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം ( FFMS) – M/s Ospyn Technologies Pvt Ltd. ന് 2024-2025 വർഷത്തെ വാർഷിക പരിപാലനത്തിനും , സെർവർ ഹോസ്റ്റിങ് & മെയിന്റനൻസിനുമായി ആദ്യ ഗഡു നികുതി ഉൾപ്പെടെ ₹11,26,544/ – ( പതിനൊന്ന് ലക്ഷത്തി ഇരുപത്താറായിരത്തി അഞ്ഞൂറ്റി നാല്പത്തിനാല് രൂപ മാത്രം ) – മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17) അനുസരിച്ചുള്ള സവിശേഷ അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാൻസലർ അനുവദിച്ച് ഉത്തരവായ നടപടി – സിന്റിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവകലാശാലയിലെ ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം (FFMS)-മായി ബന്ധപ്പെട്ട്, M/s Ospyn Technologies Pvt Ltd. Trivandrum എന്ന സ്ഥാപനത്തിന് 01.06.2024 മുതൽ 31.05.2025 വരെ ഒരു വർഷ കാലയളവിലേക്കുള്ള വാർഷിക പരിപാലനത്തിനും, സെർവർ ഹോസ്റ്റിങ് & മെയിന്റനൻസിനുമായി ആദ്യ ഗഡു ₹11,26,544/- രൂപ അനുവദിച്ച്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 13.12.2024-ലെ 11326/ SC/ST Cell/ 2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 60/24.08/99800/AC A15-1/2024**

**Sri. Jonathan Kithi Alexander ന് - "INDIA'S SOFT POWER DIPLOMACY IN THE GLOBAL SOUTH: A STUDY ON KENYA-INDIA RELATIONS (2009-2023)" എന്ന ശീർഷകത്തിൽ International Relations and Politics വിഷയത്തിൽ പി.എച്ച്.ഡി. അവാർഡ് ചെയ്ത് ബഹുമാനപ്പെട്ട വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം ഉത്തരവ് നൽകിയത് - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്:-.**

Sri. Jonathan Kithi Alexander ന **09.03.2022** തീയതിയിലെ സ.ഉ.നം.2431/ACA13/2022/MGU പ്രകാരം School of International Relations and Politics ഇൽ Prof.(Dr.) C Vinodan - ന്റെ മാർഗ്ഗദർശനത്തിൽ International Relations and Politics വിഷയത്തിൽ ഗവേഷണത്തിന് രജിസ്ട്രേഷൻ ലഭിച്ചു.

16.12.2024-ൽ, വൈസ് ചാൻസലർ, Sri. Jonathan Kithi Alexander സമർപ്പിച്ച - **INDIA'S SOFT POWER DIPLOMACY IN THE GLOBAL SOUTH: A STUDY ON KENYA-INDIA RELATIONS (2009-2023)** എന്ന ശീർഷകത്തിൽ ഉള്ള പ്രബന്ധത്തിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം പി.എച്ച്.ഡി ബിരുദം നൽകുവാൻ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 16.12.2024 തീയതിയിലെ AC A15/Ph.D/81/2024 നമ്പർ വിജ്ഞാപനവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 61/24.08/154618/AD A5-4/2023**

**മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ, 2024 ഫെബ്രുവരി 8,9,10 (പുനഃനിശ്ചയിക്കപ്പെട്ട തീയതികൾ) തീയതികളിൽ, പത്തനംതിട്ട ജില്ലയിൽ വെച്ച് യൂണിയൻ ഭാരവാഹികളുടെ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട മുൻകൂർ തുകയായി അനുവദിച്ച 2,50,000/- (രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയ്ക്ക് പുറമെ അധികമായി ചിലവായ ₹64,150 (അറുപത്തി നാലായിരത്തി ഒരുന്നൂറ്റി അമ്പതു ) രൂപയിൽ നിന്നും പിഴ പലിശ ഇനത്തിലുള്ള, ₹ 31,438 /- (മുപ്പത്തി ഒന്നായിരത്തി നാന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം ) രൂപാ കിഴിച്ചു ബാക്കി തുകയായ ₹32,712 (മുപ്പത്തി രണ്ടായിരത്തി എഴുന്നൂറ്റി പന്ത്രണ്ടു രൂപ മാത്രം ) അനുവദിച്ചു നൽകുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരമുള്ള സവിശേഷ അധികാരമുപയോഗിച്ച് ബഹു . വൈസ് ചാൻസലർ അംഗീകരിച്ചത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ, 2024 ഫെബ്രുവരി 8,9,10 (പുനഃനിശ്ചയിക്കപ്പെട്ട തീയതികൾ) തീയതികളിൽ, പത്തനംതിട്ട ജില്ലയിൽ വെച്ച് യൂണിയൻ ഭാരവാഹികളുടെ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും, പ്രസ്തുത പരിപാടിയുടെ ചെലവിലേക്കായി ആകെ 2,50,000/- രൂപ (രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും, ടി തുകയിൽ നിന്നും താൽക്കാലിക മുൻകൂർ തുകയായ ₹1,87,500/- രൂപ (ഒരു ലക്ഷത്തി എൺപത്തി ഏഴായിരത്തി അഞ്ഞൂറു രൂപ മാത്രം) ഡി.എസ്.എസ്. വകുപ്പ് മേധാവിയുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്കു മുൻകൂറായി അനുവദിച്ചും പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മുൻകൂർ തുകയായി അനുവദിച്ച 2,50,000/- (രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയ്ക്ക് പുറമെ അധികമായി ചെലവായ ₹64,150 (അറുപത്തി നാലായിരത്തി ഒരുന്നൂറ്റി അമ്പതു) രൂപയിൽ നിന്നും പിഴ പലിശ ഇനത്തിലുള്ള, ₹31,438 /-(മുപ്പത്തി ഒന്നായിരത്തി നാന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം ) രൂപാ കിഴിച്ചു ബാക്കി തുകയായ ₹32,712 (മുപ്പത്തി രണ്ടായിരത്തി എഴുന്നൂറ്റി പന്ത്രണ്ടു രൂപ മാത്രം ) അനുവദിച്ചു നൽകുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 18.12.2024-ലെ 11504/ AD A5/2024/എം.ജി.യൂ. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 62/24.08/18000/AD A5-2/2020 (PART I)** **സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസസ് ആൻഡ് ടെക്നോളജി പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലെ താൽക്കാലിക നിയോഗവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്രമങ്ങൾ ബഹു: വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ചത് - റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് -**

സ്കൂൾ ഓഫ് ഫുഡ് സയൻസസ് ആൻഡ് ടെക്നോളജി പഠനവകുപ്പിൽ, അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലേയ്ക്ക് കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള താൽക്കാലിക നിയോഗത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും, നടപടിക്രമങ്ങളുടെ ഭാഗമായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി 18.11.2024 തീയതിയിൽ യോഗം ചേർന്ന് ടി തസ്തികകളിലെ നിയോഗത്തിനായി ഇന്റർവ്യൂ നടത്തുകയുമുണ്ടായി. പ്രസ്തുത സെലക്ഷൻ കമ്മിറ്റിയുടെ നടപടിക്രമങ്ങളും, ടി കമ്മിറ്റി തയ്യാറാക്കിയ റാങ്ക് പട്ടികകളും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 11.12.2024 തീയതിയിലെ നം. 11236/AD A5/2024/ എം.ജി.യൂ നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 63/24.08/136895/AD A3-4/2024** **സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് വൈസ് ചാൻസലർ സർക്കാർ ഉത്തരവ് പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

1960-ലെ കെ.ജി.എസ്.എം.എ ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങൾ, മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്ന സാഹചര്യത്തിൽ, തുടർന്നും നിയന്ത്രണങ്ങളോടെ അനുവദിക്കുന്നതിന് പൊതുമാനദണ്ഡം നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)നം.100/2024/ധന തീയതി 22.11.2024 ഉത്തരവ്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസിലർ സർവ്വകലാശാലയിൽ നടപ്പിലാക്കി ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 17.12.2024-ലെ 136895/AD A3-4/2024/AD A 3 നമ്പർ പുറത്തെഴുത്തും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 64/24.08/131750/CBCSS 17-3/2023 (PART I)** **എടത്വ സെൻറ് അലോഷ്യസ് കോളേജിലെ സി.ബി.സി.എസ്. ബിഎസ്‌സി. മാത്തമാറ്റിക്സ് മോഡൽ 1 വിദ്യാർത്ഥി SREEJITH SUBASH (PRN: 210021032565) ഉടനെ പരീക്ഷ ഇല്ലാത്ത സാഹചര്യത്തിൽ 5, 6 സെമസ്റ്ററുകളിലെ ഇന്റേണൽ പരീക്ഷകളും, പ്രോജക്ട് വൈവ എന്നിവ പ്രത്യേകമായി എഴുതാൻ അനുമതി ലഭിക്കുന്നതിനായി സർവ്വകലാശാലയിൽ സമർപ്പിച്ച അപേക്ഷയിന്മേലുള്ള സിൻഡിക്കേറ്റ് യോഗ തീരുമാനത്തിൽ കോളേജ് തലത്തിൽ നടപടികൾ സ്വീകരിക്കാത്ത വിഷയത്തിൽ - സിൻഡിക്കേറ്റ് തല അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് - 2024 നവംബർ 14 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ നടപടിക്രമങ്ങളുടെ ചുരുക്കം ഇനം നമ്പർ ഒ.എ 1/24.07/131750/CBCSS 17-3/2023 ന്റെ ആദ്യഭാഗത്ത് ഉണ്ടായിരിക്കുന്ന അപാകത - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 അനുച്ഛേദം 10 (17) ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് വൈസ് ചാൻസർ തിരുത്തിയത് - സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

14.11.2024 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നമ്പർ ഒ.എ 1/24.07/131750/CBCSS 17-3/2023 പ്രകാരമുള്ള തീരുമാനത്തിലെ വസ്തുതാപരമായ അപാകത മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം ചുവടെ ചേർത്തിരിക്കും പ്രകാരം തിരുത്തി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 30.11.2024 ലെ 10864/CBCSS 17/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

"അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും, എടത്വ സെൻറ് അലോഷ്യസ് കോളേജിലെ സി.ബി.സി.എസ്. ബിഎസ്‌സി. മാത്തമാറ്റിക്സ് മോഡൽ 1 വിദ്യാർത്ഥി SREEJITH SUBASH (210021032565) - ന് 5, 6 സെമസ്റ്ററുകളിലെ ഇന്റേർണൽ പരീക്ഷകൾ നടത്തി, ആറാം സെമസ്റ്ററിൽ വരുന്ന പ്രൊജക്റ്റ് ചെയ്യുവാനുള്ള അവസരവും സൗകര്യവും നൽകി ആയതിന്റെ ഇന്റേണൽ അസസ്മെന്റ് കൂടി നടത്തി ഫലം പ്രസിദ്ധീകരിച്ച് ഒരു മാസത്തിനുള്ളിൽ ടി വിവരം സർവ്വകലാശാലയെ അറിയിക്കുന്നതിന് പ്രിൻസിപ്പലിന് കർശന നിർദ്ദേശം നൽകുന്നതിനും, മുൻപ് ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള 31.05.2024 ലെ 4543/CBCSS 17/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവ് കോളേജ് പ്രിൻസിപ്പൽ നടപ്പിലാക്കാത്ത വിഷയം കോളേജ് മാനേജരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും, തുടർന്നും ഇത്തരം നടപടികൾ കോളേജ് പ്രിൻസിപ്പൽ ആവർത്തിക്കുന്ന പക്ഷം, കോളേജ് പ്രിൻസിപ്പലിന്റെ നിയമനാംഗീകാരം റദ്ദാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കോളേജ് മാനേജരെ അറിയിക്കുന്നതിനും തീരുമാനിച്ചു."

**ഇനംനമ്പർ 65/24.08/125613/ACA8-4/2024**

**കാഞ്ഞിരപ്പള്ളി, സെന്റ് ഡോമിനിക്സ് കോളേജിലെ രണ്ടാം വർഷ B Com Model (II) വിദ്യാർത്ഥി ശ്രീ. മിറാജ് സിനാജ്, തന്നെ കോളേജിൽ നിന്നും പുറത്താക്കിയ നടപടിക്കെതിരെ സമർപ്പിച്ച WPC 38320/ 2024 നമ്പർ ഹർജിയിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 07.11.2024 തീയതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ ബി.എ.എസ്.ജി. - ഹിയറിംഗ് - ശുപാർശകൾ - അംഗീകരിച്ചു വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം - സംബന്ധിച്ച്:-**

കാഞ്ഞിരപ്പള്ളി, സെന്റ് ഡോമിനിക്സ് കോളേജിലെ രണ്ടാം വർഷ B.Com Model (II) വിദ്യാർത്ഥി ശ്രീ. മിറാജ് സിനാജ്, കാരണം ബോധിപ്പിക്കാതെ തന്നെ കോളേജിൽ നിന്നും പുറത്താക്കി എന്ന് ആരോപിച്ചുകൊണ്ട് സർവകലാശാലയിൽ പരാതി സമർപ്പിച്ചിരുന്നു. കൂടാതെ കോളേജ് സ്വീകരിച്ച നടപടിക്കെതിരെ, ടി. യാൾ ബഹു. ഹൈകോടതി മുൻപാകെ സമർപ്പിച്ച WP(C) 38320/2024 ഹർജിയിന്മേൽ പുറപ്പെടുവിക്കപ്പെട്ട 07.11.2024 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 28.11.2024 തീയതി സർവകലാശാലയിൽ ചേർന്ന ബി.എ.എസ്.ജി യോഗം പരാതി പരിഗണിക്കുകയും, പരാതിക്കാരൻ, കോളേജ് പ്രിൻസിപ്പൽ എന്നിവരിൽ നിന്നും മൊഴിയെടുക്കുകയും ചെയ്തു. ഇരു കൂട്ടരുടെയും വാദങ്ങളും, പ്രതി വാദങ്ങളും പരിഗണിച്ച ബി.എ.എസ്.ജി. അംഗങ്ങൾ, പ്രിൻസിപ്പൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം, മുൻപ് സംഘർഷങ്ങളിൽ ഏർപ്പെടുകയും ആയതിന്മേൽ മാപ്പ് അപേക്ഷ എഴുതിനൽകുകയും ചെയ്തിട്ടുള്ള മിറാജ് സിനാജ് എന്ന പരാതിക്കാരൻ, കാഞ്ഞിരപ്പള്ളി SHO-യുടെ റിപ്പോർട്ട് പ്രകാരം, ക്രൈം നമ്പർ 1097/24 കേസ്സിലെ 5-ആം പ്രതിയാണ് എന്ന് നിരീക്ഷിക്കുകയും, ആകയാൽ, പ്രസ്തുത കേസ്സിൽ പുറപ്പെടുവിക്കപ്പെടുന്ന വിധിക്ക് അനുസൃതമായി ഒരു തീരുമാനം കൈകൊള്ളുന്നതാകും ഉചിതം എന്ന് അംഗങ്ങൾ അഭിപ്രായ സമന്വയത്തിലെത്തുകയും ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ശിപാർശ നൽകുകയും ചെയ്തു.

'മിറാജ് സിനാജ് എന്ന പരാതിക്കാരൻ, കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1097/24 കേസ്സിൽ പ്രതിചേർക്കപ്പെട്ടതിനാൽ, പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് ബഹു. കോടതി പുറപ്പെടുവിക്കുന്ന ഉത്തരവിന് അനുസൃതമായി, ഒരു തീരുമാനം കൈക്കൊള്ളുന്നതിന് ശുപാർശ ചെയ്യുന്നു.'

ബി.എ.എസ്.ജി.യുടെ, മേൽ ശുപാർശകൾ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ 17.12.2024 തീയ്യതിയിൽ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.12.2024-ലെ 11527/ACA8/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 66/24.08/18740/DSS 1/2024**

**മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23)ന്റെ നേതൃത്വത്തിൽ 2024 ജൂൺ 21,22,23-ന(പുനഃനിശ്ചയിക്കപ്പെട്ട തീയതികൾ) എറണാകുളം മഹാരാജാസ് കോളേജിൽ വച്ച് ലിറ്ററേച്ചർ ഫെസ്റ്റ് സംഘടിപ്പിച്ച വകയിൽ ചെലവഴിച്ച തുക സംബന്ധിച്ച്, 2024 ഡിസംബർ 11-ന ചേർന്ന സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ ഫിനാൻസ് യോഗത്തിന്റെ നടപടിക്രമങ്ങൾ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) വകുപ്പ് അനുസരിച്ചുള്ള സവിശേഷ അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാൻസിലർ അംഗീകരിച്ചത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ 2024 ജൂൺ 21,22,23-ന (പുനഃനിശ്ചയിക്കപ്പെട്ട തീയതികൾ) എറണാകുളം മഹാരാജാസ് കോളേജിൽ വച്ച് ലിറ്ററേച്ചർ ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനുള്ള അനുമതിയും ആയതിന്റെ ചെലവിലേക്കായി ആകെ ₹ 5,30,000/- രൂപ (അഞ്ചു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും, ടി തുകയിൽ നിന്നും 75 % തുകയായ ₹3,97,500/- (മൂന്നു ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ഡി.എസ്.എസ്. വകുപ്പ് മേധാവിയുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്കു (A/C No. 41517264430) മുൻകൂറായി നൽകുന്നതും ബാക്കി തുകയായ ₹1,32,500/-(ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി അഞ്ഞൂറ് മാത്രം) രൂപ ബില്ലുകളും വൗച്ചറുകളും ക്രമീകരണത്തിനു സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നതും അംഗീകരിച്ചു കൊണ്ട്, സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത പരിപാടി പൂർത്തിയാക്കിയതിന് ശേഷം, സർവ്വകലാശാല യൂണിയൻ (2022-23) ജനറൽ സെക്രട്ടറി, ബില്ലുകളും വൗച്ചറുകളും അടക്കമുള്ള രേഖകൾ, ചെലവുകളുടെ അന്തിമ ക്രമീകരണത്തിനായി സമർപ്പിച്ച്, അനുവദിച്ച തുകയുടെ ബാക്കി തുകയും, കൂടാതെ പരിപാടിയുടെ നടത്തിപ്പിനു വേണ്ടി അധികമായി ചെലവഴിച്ച തുകയും അനുവദിച്ചു നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

പ്രസ്തുത പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ട, 2024 ഡിസംബർ 11 ന ചേർന്ന സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ ഫിനാൻസിന്റെ നടപടിക്രമങ്ങൾ പ്രകാരമുള്ള ശിപാർശകൾ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.12.2024-ലെ 11526/ AD A5/ 2024/എം.ജി.യൂ നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 67/24.08/135899/EI15-3/2024**

**സൂരജ് വി എം, രജിസ്റ്റർ നമ്പർ:403115(2011-2013 ബാച്ച് )-സമർപ്പിച്ച അപേക്ഷ പരിഗണിച്ച് - എം ടെക് നാലാം സെമസ്റ്റർ സ്പെഷ്യൽ പരീക്ഷകൾ - വിജ്ഞാപനം ചെയ്യുന്നത് സംബന്ധിച്ച്.**

പരാമർശം:-1)16.10.2023 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം. 10679/EI 33/2023/എം ജി യു.
2) 13.03.2024 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം. 2278/EI 33/2024/എം ജി യു.
3) ശ്രീ സൂരജ് വി എം 07.12.2024 തീയതിയിൽ സമർപ്പിച്ച ഇമെയിൽ അപേക്ഷ.
4) 23.12.2024 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം 11677/EI 15/2024/എം ജി യു

SCMS സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, എം ടെക് സിവിൽ എഞ്ചിനീയറിംഗ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ കംപ്യൂട്ടർ എയ്ഡഡ് സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് വിദ്യാർത്ഥി ആയിരുന്ന സൂരജ് വി എം, രജിസ്റ്റർ നമ്പർ:403115 (2011-2013 ബാച്ച്) എം ടെക് I,II,III സെമസ്റ്റർ പരീക്ഷകൾ വിജയിച്ചവർക്കായുള്ള നാലാം സെമസ്റ്റർ പരീക്ഷകൾ വിജ്ഞാപനം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 21.05.2024 തീയതിയിൽ ഒരു അപേക്ഷ സമർപ്പിക്കുകയും, മേഴ്സി ചാൻസ് പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിൽ നിലനിൽക്കുന്ന പരാമർശം (1)&(2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, എം.ടെക് 2011 അഡ്മിഷൻ വിദ്യാർത്ഥികളുടെ മേഴ്സി ചാൻസ് പരീക്ഷ 01.06.2025 ന് ശേഷം വിജ്ഞാപനം പുറപ്പെടുവിക്കുന്നതായിരിക്കുമെന്ന് വിദ്യാർത്ഥിയെ അറിയിക്കുകയും ചെയ്തിരുന്നു.
എം ടെക് I,II,III സെമസ്റ്റർ പരീക്ഷകൾ വിജയിച്ചവർക്കായുള്ള നാലാം സെമസ്റ്റർ പരീക്ഷകൾ സ്പെഷ്യൽ പരീക്ഷകളായി നടത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ സൂരജ് വി എം ഇമെയിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം എം ടെക് നാലാം സെമസ്റ്റർ സ്പെഷ്യൽ പരീക്ഷകൾ

നടത്തുന്നതിന് അനുവാദം നൽകി ഉത്തരവായ വൈസ് ചാൻസലറുടെ നടപടിയും തദനുസരണം പുറപ്പെടുവിച്ച 23.12.2024 തീയതിയിലെ 11677/EI 15/2024/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 68/24.08/117001/CS S1SO/2024**

**സി.എസ്.എസ് – സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻഡ് ബിസിനസ്സ് സ്റ്റഡീസ് – എം ബി എ (2022-2024 ബാച്ച്) ഡിഗ്രി പരീക്ഷ വിജയിച്ച വിദേശ വിദ്യാർത്ഥിയായ Raihand Ramadhani Abdul Sayeed (Reg.No.122245)- ന് ബിരുദ സർട്ടിഫിക്കറ്റ് നൽകുന്നതിന് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10 (17) പ്രകാരം നൽകിയ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10(17) പ്രകാരം, 2024 ആഗസ്റ്റ് മാസത്തിൽ നടത്തിയതും, 11.12.2024 തീയതിയിൽ ഫലം പ്രസിദ്ധീകരിച്ചതുമായ നാലാം സെമസ്റ്റർ Master of Business Administration (MBA) പരീക്ഷ വിജയിച്ച, സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻഡ് ബിസിനസ്സ് സ്റ്റഡീസ്-ൽ 2022 – 2024 കാലയളവിൽ Master of Business Administration (MBA) പ്രോഗ്രാം ചെയ്ത വിദേശ വിദ്യാർത്ഥിയായ Raihand Ramadhani Abdul Sayeed (Reg.No.1222445)- ന്, വിസ കാലാവധി അവസാനിക്കാറായതിനാൽ അടിയന്തിരമായി ഡിഗ്രി സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകുന്നതിന് 19.12.2024 തീയതിയിൽ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.12.2024 തീയതിയിലെ 11562/CSS1/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

## (b) സിൻഡിക്കേറ്റിലേക്കുള്ള റിപ്പോർട്ട് (മറ്റിനം)

**ഇനംനമ്പർ 69/24.08/137009/AC B1-1/2024**

**സ്വകാര്യ എയ്ഡഡ് കോളേജുകൾ – അസംപ്ഷൻ കോളേജ് ,ചങ്ങനാശ്ശേരി – കോളേജ് മാനേജരുടെ മാറ്റം – സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

ചങ്ങനാശേരി അസംപ്ഷൻ കോളേജിലെ മാനേജർ സ്ഥാനത്തേക്ക് , ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പിന്റെ 01.11.2024 ലെ നിയമന കത്തിലൂടെ 03.11.2024 തീയതി മുതൽ റെവ.ഫാദർ രാജു ആന്റണി നിയമിതനായി എന്ന് കോളേജിൽ നിന്നും സർവ്വകലാശാലയെ അറിയിച്ചിരിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23,സ്റ്റാറ്റ്യൂട്ട് 19 (2) പ്രകാരം അഫിലിയേറ്റഡ് കോളേജുകളിലെ ഗവേർണിംഗ് ബോഡി (യൂണിറ്ററി മാനേജ്മെന്റ്) അല്ലെങ്കിൽ മാനേജിങ് കൗൺസിൽ(കോർപ്പറേറ്റ് മാനേജ്മെന്റ്) എന്നിവയിലെ മാറ്റങ്ങൾ സർവ്വകലാശാല സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2) – പ്രകാരം യൂണിറ്ററി മാനേജ്മെന്റ്-ന്റെ കീഴിൽ വരുന്ന പ്രൈവറ്റ് കോളേജുകളിലെ മാനേജർ, ഗവേർണിംഗ് ബോഡിയുടെ ചെയർമാൻ ആണെന്ന് പരാമർശിച്ചിട്ടുണ്ട്. ടി വിഷയം സർവ്വകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 70/24.08/78128/AC A9-2/2024**

Decision to equate M.A. Chenda programme, being conducted in the affiliated colleges of the University as per PGCSS 2019 Regulations with M.A Kathakali Chenda programme – Action taken by the Vice Chancellor exercising powers of Academic Council under Chapter 3, Section 10(17) of Mahatma Gandhi University Act 1985 – Reporting to syndicate for Ratification -reg.

Principal, RLV Govt. College of Music and Fine Arts had submitted an application requesting to provide a certificate showing equivalency between M.A. Chenda programme, being conducted in the affiliated colleges of the University with M.A Kathakali Chenda programme. It was mentioned in the application that the syllabus of M.A Chenda programme includes mainly the topics related to Kathakali Chenda. It is also

mentioned that the said certificate is to produce before the Kerala Public Service Commission as part of certificate verification for the post of teaching in the Kathakali Chenda department.

Opinion on the matter was sought from the Dean, Faculty of Fine Arts. The Dean, Faculty of Fine Arts had recommended to equate M.A. Chenda programme, being conducted as per PGCSS 2019 regulations in the affiliated colleges of University with M.A. Kathakali Chenda programme.
Approving the recommendations of the Dean, Faculty of Fine Arts, The Hon'ble Vice-Chancellor had issued orders on 02.12.2024, to equate M.A Chenda and M.A Kathakali Chenda programme, exercising the powers under the Mahatma Gandhi University Act 1985, Chapter III, Section 10 (17). Accordingly University Order No. 10929/AcA9/2024/MGU dtd 03.12.2024 has been issued.

Vide Mahatma Gandhi University Act 1985 Chapter 5, Section 40 (1), the action taken by the Vice Chancellor exercising powers under section 10(17) of Chapter III of the Mahatma Gandhi University Act, 1985 and consequent issuance of University order No. 10929/AcA9/2024/MGU dated 03.12.2024 was reported to the Syndicate.

**ഇനംനമ്പർ 71/24.08/140751/AC A12-1/2024**

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Inter University Centre for Disability Studies (IUCDS) - ൽ നിന്നും 'Geriatric Social work' എന്ന open course ,Centre for Yoga and Naturopathy (CYN)യ്ക്ക് അനുവദിച്ചു കൊണ്ട് - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 ഛേദം 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച് -**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Inter University Centre for Disability Studies (IUCDS)-ൽ നിന്നും 'Geriatric Social work' എന്ന open course, Centre for Yoga and Naturopathy (CYN)-യ്ക്ക് അനുവദിച്ചു കൊണ്ട് മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, അദ്ധ്യായം III, സെക്ഷൻ 10(17) പ്രകാരം പ്രകാരം, 07.12.2024 തീയതിയിൽ വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 16.12.2024 തീയതിയിലെ 11383/ACA12/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 72/24.08/144080/AC A12-3/2024**

**സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയിലെ ഡിപ്ലോമ ഇൻ നാച്ചുറോപ്പതി പ്രോഗ്രാമിനെ ഡിപ്ലോമ ഇൻ യോഗ ആൻഡ് നാച്ചുറൽ ലിവിങ് എന്ന് പേര് മാറ്റിയതിനു അനുബന്ധമായി പ്രോഗ്രാമിന്റെ റെഗുലേഷൻ, സ്കീം, സിലബസ് എന്നിവ പരിഷ്കരിക്കുന്നതിനു അംഗീകാരം നൽകിക്കൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ 3 സെക്ഷൻ 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

ഡിപ്ലോമ ഇൻ യോഗ ആൻഡ് നാച്ചുറൽ ലിവിങ് പ്രോഗ്രാമിന്റെ പരിഷ്കരിച്ച റെഗുലേഷൻ, സ്കീം, സിലബസ് എന്നിവ വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം 16.12.2024 തീയതിയിൽ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 19.12.2024 തീയതിയിലെ 11544/ACA12/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 73/24.08/145006/AC A12-3/2024**

**ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്.) കോഴ്സ് പൂർത്തിയാക്കിയ Ms. Merin Rin Mark, എം.എഡ് പഠനം തുടരുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ - മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ 3 സെക്ഷൻ 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും - സിൻഡിക്കേറ്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്**

മൗണ്ട് കാർമൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഫോർ വിമൻ, കോട്ടയം - ൽ 2024-26 ബാച്ച് എം.എഡ്. പ്രവേശനം നേടിയ Ms. Merin Rin Mark, തനിക്ക് എം.എഡ്. പഠനം തുടരുവാൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയിരുന്നു. പ്രിൻസിപ്പൽ, മൗണ്ട് കാർമൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഫോർ വിമൻ, കോട്ടയം ടി അപേക്ഷ, തുടർ നടപടി സ്വീകരിക്കുന്നതിനായി സർവ്വകലാശാലയിലേക്കു കൈമാറിയിരുന്നു. അപേക്ഷക കേരള പൊതുവിദ്യഭ്യാസ വകുപ്പ് നടത്തിയിരുന്ന ഡിപോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്.) കോഴ്സ് വിജയിച്ചിട്ടുണ്ട്.
സർവ്വകലാശാല ഉത്തരവ് നമ്പർ : 5017/ACA12/2020/MGU, തീയതി : 28.10.2020 പ്രകാരം D.El.Ed. with an Undergraduate Degree (with 50% marks in each) എന്നത് എം.എഡ്. പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയിൽ ഉൾപെടുത്തിയിട്ടുണ്ട്. കേരള പരീക്ഷ ഭവൻ സെക്രട്ടറി അനുവദിച്ച തുല്യതാ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം Ms. Merin Rin Mark സമർപ്പിച്ചിട്ടുണ്ട്. ടി തുല്യതാ സർട്ടിഫിക്കറ്റിൽ കേരള പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയിരുന്ന ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്.) കോഴ്സ് വിജയിച്ച Ms. Merin Rin Mark എന്നയാൾക്ക് തുല്യത നല്കാവുന്നതാണെന്നു SCERT ഡയറക്ടർ അറിയിച്ചിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ കേരള പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയിരുന്ന ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഡി.എഡ്.) കോഴ്സ് വിജയിച്ച സർട്ടിഫിക്കറ്റ് നിലവിൽ കേരള പരീക്ഷാഭവൻ നൽകുന്ന ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) സർട്ടിഫിക്കറ്റിന് തുല്യമാണെന്ന് സാക്ഷ്യപെടുത്തിട്ടിയിട്ടുണ്ട്.
Ms. Merin Rin Mark, തനിക്ക് എം.എഡ് പഠനം തുടരുവാൻ അനുവാദം നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ, ബഹു. വൈസ് ചാൻസലർ 19.12.2024 തീയതിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ 3 സെക്ഷൻ 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.12.2024-ലെ 11644/ACA12/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം V സെക്ഷൻ 40(1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 74/24.08/127114/AC B1-3/2024**

**കുമരകം, ശ്രീ നാരായണ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ മാനേജരുടെ സ്ഥാനമാറ്റം - സിൻഡിക്കേറ്റ് മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

എസ്.എൻ.ഡി.പി യോഗം കോട്ടയം യൂണിയന്റെ ഉടമസ്ഥതയിലും മാനേജ്മെന്റിലുമുള്ള പ്രൈവറ്റ് എയ്ഡഡ് കോളേജായ കുമരകം, ശ്രീ നാരായണ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ മാനേജരായി ശ്രീ തുഷാർ വെള്ളാപ്പള്ളിയെ നിയമിച്ച വിവരം എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി 28.10.2024 തീയതിയിലെ SNDPY/911/2024-25 നമ്പർ കത്ത് മുഖേന സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്.
മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം VIII, സെക്ഷൻ 54 (2)-ൽ പ്രൈവറ്റ് കോളേജുകളിലെ മാനേജർ, ഗവേർണിംഗ് ബോഡിയുടെ ചെയർമാൻ ആണെന്ന് പരാമർശിക്കുന്നുണ്ട്.

മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19 (2) പ്രകാരം ടി വിഷയം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

## (II) ക്രമ ഇനങ്ങൾ

### (i) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ 75/24.08/98460/DSS 1/2022**

**ഡിപ്പാർട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ് – മഹാത്മാഗാന്ധി സർവകലാശാല ഇന്റർ കോളേജിയേറ്റ് കലോത്സവത്തിൽ വിവിധയിനങ്ങൾ പുതുതായി ഉൾപ്പെടുത്തുന്നതും അഫിലിയേറ്റഡ് കോളേജുകളിൽ നിയമിച്ചിട്ടുള്ള സ്റ്റിയറിംഗ് കം അപ്പെല്ലറ്റ് കമ്മിറ്റിയിൽ ഡി.എസ്.എസ് കോർഡിനേറ്റർമാരെ നിയമിക്കുന്നതുമായും ബന്ധപ്പെട്ട് – The Mahatma Gandhi University Youth Festival Rules-2024 – ഭേദഗതി വരുത്തുന്നതിനായുള്ള ശിപാർശകൾ സർവകലാശാല സിന്‌ഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാല ഇന്റർ കോളേജിയേറ്റ് കലോത്സവത്തിൽ വിവിധയിനങ്ങൾ പുതുതായി ഉൾപ്പെടുത്തുന്നതും അഫിലിയേറ്റഡ് കോളേജുകളിൽ നിയമിച്ചിട്ടുള്ള സ്റ്റിയറിംഗ് കം അപ്പെല്ലറ്റ് കമ്മിറ്റിയിൽ ഡി.എസ്.എസ് കോർഡിനേറ്റർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപറയുന്ന ശുപാർശകൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

- മഹാത്മാഗാന്ധി സർവകലാശാല ഇന്റർ കോളേജിയേറ്റ് കലോത്സവത്തിൽ ഡിബേറ്റ് ഇംഗ്ലീഷ് (Schedule I-III. Literary Event), ഡിബേറ്റ് മലയാളം (Schedule I-III. Literary Event), മെഹന്തി (Schedule I-V. Theatre Event), രംഗോലി (Schedule I-V. Theatre Event) എന്നീ ഇനങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനും
- 20.01.2024 തീയതിയിലെ സർവ്വകലാശാല ഉത്തരവ് 637/LEGN/2024/എം.ജി.യു പ്രകാരമുള്ള The Mahatma Gandhi University Youth Festival Rules-2024 -ലെ Rule 2.5.C ചുവടെ പറയുന്ന വിധം പരിഷ്കരിക്കുന്നതിനും

To be modified as:-
Rules 2.5. The Steering Cum Appellate Committee Shall have the Following Members:
a) Principal (Chairman)
b) Staff Adviser to College Union
c) D.S.S Programme Coordinator and One staff member nominated by the Principal
d) Arts Club Secretary
e) Chairman and General Secretary of the College Union.

**ഇനംനമ്പർ 76/24.08/117256/AD A2-1/2024**

**Renaming of the Department of Printing and Publishing- reg:-**

- Department of Printing and publishing, 'U R Ananthamurthy School of Digital Media and Visual Studies' എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നിരസിക്കുന്നതിനും,
- U R Ananthamurthy School of Digital Media and Visual Studies സർവ്വകലാശാലയ്ക്ക് സാമ്പത്തിക ബാദ്ധ്യതയില്ലാതെ ആരംഭിക്കുന്നതിനും,
- സർവ്വകലാശാലയുടെ FYUGP പ്രോഗ്രാമിനാവശ്യമായതുൾപ്പെടെ എല്ലാ printing and publishing ജോലികളും Department of Printing and publishing-ൽ നടത്താവുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 77/24.08/108819/DASP-1/2024**

**DASP അക്കാദമിക് കോർ കമ്മിറ്റി (ACC) യോഗത്തിന്റെ മിനുട്സ് പ്രകാരമുള്ള ശുപാർശകൾ – സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് – സംബന്ധിച്ച്:-**

DASP അക്കാദമിക് കോർ കമ്മിറ്റി (ACC) യോഗത്തിന്റെ താഴെപറയുന്ന ശുപാർശകൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.
1. DASP സ്കൂൾ ഓഫ് ലെറ്റേഴ്സുമായി സഹകരിച്ച് വിദേശ, ഇന്ത്യൻ ഭാഷാ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനും,

2. ഇന്റഗ്രേറ്റഡ് പിജി പ്രോഗ്രാമുകൾ പഠിക്കുന്ന വിദ്യാർഥികൾ ബിരുദം (3 വര്ഷം) വിജയകരമായി പൂർത്തിയാക്കിയെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറക്ക് DASP നടത്തിവരുന്ന Post Graduate Certificate, Post Graduate Diploma പാർട്ട് ടൈം പ്രോഗ്രാമുകൾക്ക് പ്രവേശനം നൽകുന്നതിനും,
3. DASP നടത്തുന്ന ഹ്രസ്വകാല പ്രോഗ്രാമുകളുടെ ക്രെഡിറ്റ് Academic Bank of Credits – ലേക്ക് കൂട്ടിച്ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും,4. FYUGP യുടെ ഭാഗമായി 4,3 ക്രെഡിറ്റ് വരുന്ന കോഴ്സുകൾ വിഭാവനം ചെയ്യുന്നതിനും നാല് വർഷ ഡിഗ്രി വിദ്യാർത്ഥികൾക്ക് പ്രയോജനമാകും വിധം DASP ഓൺലൈൻ കോഴ്സുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും,
5. നിലവിൽ National Institute of Plant Science Technology-യുമായി സഹകരിച്ചു നടത്തുന്ന പ്രോഗ്രാമുകൾക്കും പുതുതായി ആരംഭിക്കുന്ന Tissue Culture പ്രോഗ്രാമിനും, സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയുമായി സഹകരിച്ച് പുതിയതായി ആരംഭിക്കുന്ന Post Graduate Certificate in Food Packaging Technology എന്ന പ്രോഗ്രാമിനും ലാബ് സജ്ജീകരിക്കുന്നതിനും.

**ഇനംനമ്പർ 78/24.08/119162/AC B6-1/2024** **UGCAP 2024 – കോതമംഗലം എൽദോ മാർ ബസേലിയസ് കോളേജിൽ BCA പ്രോഗ്രാമിന് EWS സീറ്റിൽ അഡ്മിഷൻ നേടിയ ആരോൺ ജോസഫ് (24106384 ) എന്ന വിദ്യാർത്ഥിയുടെ അഡ്മിഷൻ ക്രമപ്രകാരമല്ല എന്ന് കണ്ടെത്തിയത് സംബന്ധിച്ച്**

UGCAP 2024 – കോതമംഗലം എൽദോ മാർ ബസേലിയസ് കോളേജിൽ BCA പ്രോഗ്രാമിന് EWS സീറ്റിൽ അഡ്മിഷൻ നേടിയ ആരോൺ ജോസഫ് (24106384) എന്ന വിദ്യാർത്ഥിയുടെ പ്രവേശനം സാധൂകരിക്കുന്നതിനും വേണ്ടത്ര പരിശോധന നടത്താതെ അഡ്മിഷൻ നൽകിയ ടി കോളേജിലെ പ്രിൻസിപ്പലിന് താക്കീത് നൽകുന്നതിനും പിഴയായി കോളേജിൽ നിന്നും Rs. 10,000/- (പതിനായിരം രൂപ മാത്രം) രൂപ ഈടാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 79/24.08/117757/AC A1-2/2024** **ഉന്നത വിദ്യാഭ്യാസ വകുപ്പ് – ഇന്റർ നാഷണൽ സമ്മിറ്റിന്റെ ഭാഗമായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്പോർട്സ് ക്ലബ്ബ്കൾ രൂപീകരിക്കുന്നത് സംബന്ധിച്ച് :-**

സർവ്വകലാശാല തലത്തിൽ സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും, ടി സ്പോർട്സ് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് സ്പോർട്സ് ലീഗ് സർവ്വകലാശാലയിൽ നടത്തുന്നതിലേക്കുമായി സമർപ്പിച്ചിരിക്കുന്ന ശിപാർശകൾ യൂണിവേഴ്സിറ്റി സ്പോർട്സ് അഡ്വൈസറി കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയതിനു ശേഷം സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 80/24.08/128798/AD A1-2/2024** **സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പുനർ നാമകരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 30.10.2024 തീയതിയിൽ സിൻഡിക്കേറ്റ് ഹാളിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ് – സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്-**

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പുനർനാമകരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 30.10.2024 തീയതിയിൽ സിൻഡിക്കേറ്റ് ഹാളിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ് പരിഗണിച്ച് താഴെപറയുന്ന ശുപാർശകൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

- സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ-നെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷൻ എന്ന് പുനർനാമകരണം ചെയ്യുന്നതിനും
- സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (CDOE), ഡയറക്ടറേറ്റ് ഓഫ് അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (DASP) എന്നിവയെ പ്രത്യേകമായി സ്കൂളിന് കീഴിൽ സ്വതന്ത്ര കേന്ദ്രങ്ങളായി കൊണ്ടുവരുന്നതിനും
- CDOE, DASP എന്നിവയുടെ ചുമതല സ്കൂൾ ഓഫ് ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യൂക്കേഷൻ -ന്റെ ഡയറക്ടറിന് നൽകുന്നതിനും.

**ഇനംനമ്പർ 81/24.08/47532/AC A12-2/2024** **മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബി.വോക് പ്രോഗ്രാം ഘടന FYUGP ഫ്രെയിം വർക്ക് -ന് അനുസൃതമായി റീ സ്ട്രക്ച്ചർ ചെയ്യുന്ന വിഷയത്തിന്മേൽ ലഭിച്ചിരിക്കുന്ന അഭിപ്രായത്തെ തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് :**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബി.വോക് പ്രോഗ്രാം ഘടന FYUGP ഫ്രെയിം വർക്ക്-ന് അനുസൃതമായി റീ-സ്ട്രക്ചർ ചെയ്യുന്ന വിഷയത്തിന്മേൽ നിലവിൽ തന്നിരിക്കുന്ന അഭിപ്രായങ്ങൾ അംഗീകരിച്ചുകൊണ്ട് FYUGP മോണിറ്ററിംഗ് കമ്മിറ്റിക്കു മുൻപാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

FYUGP ബി.വോക് പ്രോഗ്രാമുകളുടെ സർവ്വകലാശാലയുടെ കോ-ഓർഡിനേറ്ററായി ഡോ. സുജ ടി. വി.-യെ നിയോഗിക്കുന്നതിനും പ്രസ്തുത വിവരം സർക്കാരിലേക്ക് അറിയിക്കുന്നതിനും തീരുമാനിച്ചു. .

**ഇനംനമ്പർ 82/24.08/46550/AC A3-3/2024** **മഹാത്മാഗാന്ധി സർവകലാശാലക്ക് കീഴിലെ കോളേജ് യൂണിയൻ പ്രതിനിധികൾക്ക് യൂണിയൻ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി നഷ്ടമാകുന്ന ക്ലാസ്സുകൾക്ക് പകരമായി ഗ്രേസ് മാർക്കും, യൂണിയൻ പ്രവർത്തനങ്ങൾക്ക് സർട്ടിഫിക്കറ്റും അനുവദിച്ചു നൽകുന്നത് - സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവകലാശാലക്ക് കീഴിലെ കോളേജ് യൂണിയൻ പ്രതിനിധികൾക്ക് യൂണിയൻ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി നഷ്ടമാകുന്ന ക്ലാസ്സുകൾക്ക് പകരമായി ഗ്രേസ് മാർക്കും, യൂണിയൻ പ്രവർത്തനങ്ങൾക്ക് സർട്ടിഫിക്കറ്റും അനുവദിച്ചു നൽകുന്ന വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ റ്റി. വി., ഡോ. സുമേഷ് എ. എസ്., ഡോ. ബിജു തോമസ്, ശ്രീ. അമൽ എബ്രഹാം എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 83/24.08/8637/AD A7-2/2024** **സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയും വിവേകാനന്ദ കേന്ദ്ര കന്യാകുമാരിയുമായി ചേർന്ന് 8 th ഇന്റർനാഷണൽ കോൺഫറൻസ് - യോഗ ശാസ്ത്ര സംഗമം 2025 - നടത്തുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച്**

സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതിയും വിവേകാനന്ദ കേന്ദ്ര കന്യാകുമാരിയുമായി ചേർന്ന് 2025 ഫെബ്രുവരി 28 മുതൽ 2025 മാർച്ച് 2 വരെ യോഗയുടെ $8^{th}$ ഇന്റർനാഷണൽ കോൺഫറൻസ് 'യോഗ ശാസ്ത്ര സംഗമം 2025' കന്യാകുമാരിയിൽ വെച്ച് നടത്തുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 84/24.08/112040/RTI- -1/2023/എ ഡി എ 12** **മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകളിലും വിവരാവകാശ ക്ലബ്ബുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് -**

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ കോളേജുകളിലും ഡിപ്പാർട്ട്മെന്റുകളിലും വിവരാവകാശ ക്ലബ് രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 85/24.08/240009** **16.12.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - അക്കാദമിക് അഫയേഴ്സ് -ന്റെ യോഗ നടപടിക്രമം**

**ഒ.എ:26/24.07** **സർവകലാശാലയുടെ ത്രിവത്സര എൽ എൽ ബി കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് ചേർത്തല താലൂക്കിൽ അരൂക്കുറ്റി പഞ്ചായത്തിൽ വാളാന്തം വീട്ടിൽ രമാദേവി എൻ അഡ്വ. ജോബ് മൈക്കിൾ എം എൽ എ മുൻപാകെ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

എൽ എൽ ബി പ്രവേശന യോഗ്യത മൂന്ന് വർഷത്തെ ബാച്ചിലർ ബിരുദമാണെന്നുള്ള സർവ്വകലാശാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. രമാ ദേവിയുടെ ബി എഡ് ബിരുദം (സംസ്കൃതം, ഒരു വർഷം) ത്രിവത്സര എൽ എൽ ബി പ്രോഗ്രാമിന്റെ പ്രവേശന മാനദണ്ഡമായി പരിഗണിക്കാനാകില്ല എന്നതിനാൽ ടിയാളുടെ അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 86/24.08/27257/AC A6-3/2023 — കോന്നി എസ്. എ. എസ്. എസ്. എൻ. ഡി. പി. യോഗം കോളേജിലെ ബിരുദാനന്തര ബിരുദ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തെ ഗവേഷണകേന്ദ്രമായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – ഇൻസ്പെക്ഷൻ കമ്മീഷൻ സംബന്ധിച്ച്.

Resolved to appoint an Inspection Commission comprising Dr. Jogy alex, Member Syndicate as convenor, Dr. Leena C. Shekhar, MES College, Marampally as Subject Expert to inspect the Center and submit the report.

ഇനംനമ്പർ 87/24.08/79290/AC A6-3/2024 — വൈക്കം കൊതവറ സെന്റ് സേവിയേഴ്സ് കോളേജിലെ ബിരുദാനന്തര ബിരുദ കോമേഴ്സ് വിഭാഗത്തിന് ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാന് നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്

Resolved to appoint an Inspection Commission comprising Dr. Suja T.V., Member Syndicate as Convenor, Dr. Manoj Narayanan, Baselius College Kottayam as Subject Expert to inspect the Center and submit the report.

ഇനംനമ്പർ 88/24.08/82905/AC A6-3/2024 — കോട്ടയം ബി സി എം കോളേജിലെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്;

Resolved to appoint an Inspection Commission comprising Dr. A. S. Sumesh, Member Syndicate as convenor, Prof. (Dr.) R. Anitha, DB College Thalayolaparambu as Subject Expert to inspect the Center and submit the report.

ഇനംനമ്പർ 89/24.08/34050/AC A6-3/2024 — എറണാകുളം സെന്റ് തെരേസാസ് കോളേജിലെ ബിരുദാനന്തരബിരുദ മാത്തമാറ്റിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാന് നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്

Resolved to appoint an Inspection Commission comprising Dr. Babu Michael, Member Syndicate as Convenor, Dr. G.N. Prakash, Maharaja's College, Ernakulam as Subject Expert to inspect the Center and submit the report.

ഇനംനമ്പർ 90/24.08/106053/AC A6-3/2024 — തൊടുപുഴ ന്യൂമാൻ കോളേജിലെ ബിരുദാനന്തരബിരുദ കോമേഴ്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.

Resolved to appoint an Inspection Commission comprising Dr. Babu Michael, Member Syndicate as Convenor, Dr. Binoy Chacko, St. Thomas College Pala, as Subject Expert to inspect the Center and submit the report.

**ഇനംനമ്പർ 91/24.08/110381/AC A6-3/2024** **തൊട്ടുപുഴ ന്യൂമാൻ കോളേജിലെ ബിരുദാനന്തരബിരുദ മാത്തമാറ്റിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ- സംബന്ധിച്ച്;**

Resolved to appoint an Inspection Commission comprising Sri. Harikrsihan P., Member Syndicate as Convenor, Dr. Madhavan Namboothiri, Govt. College, Santhanpara as Subject Expert to inspect the Center and submit the report.

**ഇനംനമ്പർ 92/24.08/115797/AC A6-3/2024** **എറണാകുളം സെന്റ് ആൽബെർട്സ് കോളേജിലെ ബിരുദാനന്തരബിരുദ ഇക്കണോമിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാന് നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

Resolved to appoint an Inspection Commission comprising Dr. Suja T.V., Member Syndicate as Convenor, Dr. Preethi K.M., NSS College, Vazhoor as Subject Expert to inspect the Center and submit the report.

**ഇനംനമ്പർ 93/24.08/31841/AC A6-3/2024** **അക്കാദമികം – മാല്യങ്കര എസ്.എൻ.എം. കോളേജിലെ ബിരുദാനന്തരബിരുദ ഫിസിക്സ് വിഭാഗത്തെ സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനുള്ള അപേക്ഷ – ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്.**

മാല്യങ്കര, എസ്.എൻ.എം. കോളേജിലെ ബിരുദാനന്തരബിരുദ ഫിസിക്സ് വിഭാഗത്തെ സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നത് സംബന്ധിച്ച് അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകിരിക്കുന്നതിനും ഇതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. നീന പി., ഡോ. ഊർമിള കെ. എസ്. എന്നിവരെ ടി കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 94/24.08/58676/AC A6-3/2024** **കോട്ടയം ബസേലിയസ് കോളേജിലെ ബിരുദാനന്തര ബിരുദ കോമേഴ്സ് വിഭാഗത്തിന് ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ – ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ട് സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്;**

കോട്ടയം, ബസേലിയസ് കോളേജിലെ ബിരുദാനന്തരബിരുദ കൊമേഴ്സ് വിഭാഗത്തെ സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നത് സംബന്ധിച്ച് അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകിരിക്കുന്നതിനും ഇതേ കോളേജിലെ തന്നെ കൊമേഴ്സ് വിഭാഗത്തിലെ പ്രൊഫസറായ ഡോ. മനോജ് നാരായണൻ കെ. എസ്., അസിസ്റ്റന്റ് പ്രൊഫസറായ ഡോ. രശ്മി ആനി തോമസ് എന്നിവരെ ടി കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 95/24.08/122510/AC A6-3/2024** | **ഇടകൊച്ചി അക്വിനാസ് കോളേജിലെ ബിരുദാനന്തരബിരുദ ഫിസിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനും, അതേ കോളേജിലെ തന്നെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. ശിവരാജ് കെ.എസ്, ഡോ. താരാനാഥ് ആർ എന്നിവരെ ഈ ഗവേഷണ കേന്ദ്രത്തിൽ ഗവേഷണ മാർഗ്ഗദർശികളായി അംഗീകരിക്കുന്നതിനുമുള്ള അപേക്ഷ സംബന്ധിച്ച്** |

Resolved to appoint an Inspection Commission comprising Dr. Seno Jose., Member Syndicate as convenor, Dr. LIbin Kuriakose, St. Thomas College, Pala` as Subject Expert to inspect the Center and submit the report.

| | |
|---|---|
| **ഇനംനമ്പർ 96/24.08/49918/AC A6-3/2024** | **കാലടി ശ്രീ ശങ്കര കോളേജിലെ ബിരുദാനന്തരബിരുദ കോമേഴ്സ് വിഭാഗത്തിന്റെ ഗവേഷണകേന്ദ്ര പദവി പുനരുജ്ജീവിപ്പിക്കുന്നതിനും, അതേ കോളേജിലെ തന്നെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. സുജിത് എ എസ്, ഡോ. രാഹുൽ രമേശ് എന്നിവരെ ടി കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനുമുള്ള അപേക്ഷ – സംബന്ധിച്ച്;** |

കാലടി, ശ്രീ ശങ്കര കോളേജിലെ ബിരുദാനന്തരബിരുദ കൊമേഴ്സ് വിഭാഗത്തെ സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നത് സംബന്ധിച്ച് അന്വേഷണകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകിരിക്കുന്നതിനും ഇതേ കോളേജിലെ തന്നെ കൊമേഴ്സ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. സുജിത്ത് എ.എസ്., ഡോ. രാഹുൽ രമേശ് എന്നിവരെ ടി കേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 97/24.08/Ac AVI/1/RG/3918/2022** | **എറണാകുളം, മഹാരാജാസ് കോളേജിലെ ഫിസിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മനോജ് ആർ (Dr. Manoj R) മഹാത്മാഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-** |

Resolved to approve Dr. Manoj R, Assistant Professor in Physics, Maharajas College, Eranakulam as Research Guide in Physics at the Post Graduate/ Research Department of Physics, Maharajas College, Eranakulam.

| | |
|---|---|
| **ഇനംനമ്പർ 98/24.08/121318/AC A6-1/2024** | **പാലാ, സെന്റ് തോമസ് കോളേജിലെ ഫിസിക്സ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.ലിബിൻ കുര്യാക്കോസ് (Dr. Libin Kuriakose) മഹാത്മാഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്** |

Resolved to approve Dr. Libin Kuriakose, Associate Professor in Physics, St. Thomas College, Pala as Research Guide in Physics at the Post Graduate/ Research Department of Physics, St. Thomas College, Pala.

| | |
|---|---|
| **ഇനംനമ്പർ 99/24.08/30493/AC A2-1/2024** | **ഗവേഷണം – ഇംഗ്ലീഷ് വിഷയം – 2019 അഡ്മിഷൻ – ശ്രീമതി ഫാത്തിമ സുല്ലമി ടി.എ. – ഗവേഷണ കേന്ദ്രം, ഗവേഷണ മാർഗദർശി എന്നിവരെ മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച്** |

മഹാരാജാസ് കോളേജ് എറണാകുളം ഗവേഷണ കേന്ദ്രമായി ഭാഗിക സമയ വ്യവസ്ഥയിൽ ഗവേഷണം നടത്തുന്ന ശ്രീമതി. ഫാത്തിമ സുല്ലമി ടി.എ.-യുടെ ഗവേഷണ മാർഗദർശിത്വം ഡോ. സാലിയ റെക്സിൽ നിന്നും ഡോ. ശാലിനി എൽ ആർ (Assistant Prof., St. Joseph's College, Moolamattom)-ലേക്കും

ഗവേഷണകേന്ദ്രം മഹാരാജാസ് കോളേജിൽ നിന്നും സെന്റ് തോമസ് കോളേജ്, കോഴഞ്ചേരിയിലേക്കും മാറ്റി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 100/24.08/130477/AC A6-3/2024** **കാലടി ശ്രീ ശങ്കര കോളേജിൽ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും, ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൻ-ൽ കോമേഴ്സ് വിഭാഗം ഗവേഷണ മാർഗ്ഗദർശിയുമായ ഡോ. സ്മൃതി അശോകൻ, തന്റെ ഗവേഷണ മാർഗദർശിത്വം ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൻ-ൽ നിന്നും കാലടി ശ്രീ ശങ്കര കോളേജിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്**

കാലടി, ശ്രീ ശങ്കര കോളേജിൽ കോമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. സ്മൃതി അശോകന്റെ ഗവേഷണ മാർഗദർശിത്വം ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൻ-ൽ നിന്നും കാലടി ശ്രീ ശങ്കര കോളേജിലേക്ക് മാറ്റി അനുവദിക്കുന്നതിനും പ്രസ്തുത ഗവേഷണ മാർഗ്ഗദർശിയുടെ കീഴിലെ ഗവേഷകയായ രേഷ്മ രാജൻ-ന്റെ ഗവേഷണ കേന്ദ്രം ആലുവ സെന്റ് സേവിയേഴ്സ് കോളേജ് ഓഫ് വിമൻ-ൽ നിന്നും കാലടി ശ്രീ ശങ്കര കോളേജിലേക്ക് മാറ്റി അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 101/24.08/5976/ACA6 3/Acad/2022** **കോലഞ്ചേരി, സെന്റ് പീറ്റേഴ്സ് കോളേജ്, ഇംഗ്ലീഷ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസ്സർ ആയ ഡോ. സോണിയ ജെയിംസ്, അതേ കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് വിഭാഗത്തിൽ ഗൈഡ്ഷിപ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേലുള്ള നടപടികൾ അറിയിക്കണമെന്ന് കാണിച്ച് സമർപ്പിച്ചിട്ടുള്ള അപേക്ഷ സംബന്ധിച്ച്.**

Resolved to approve Dr. Sonia James, Associate Professor in Englsih, St. Peters College, Kolencherry as Research Guide in Englsih at the Post Graduate/ Research Department of Englsih, St. Peters College, Kolencherry.

**ഇനംനമ്പർ 102/24.08/128029/AC A6-1/2024** **കട്ടപ്പന, ഗവൺമെന്റ് കോളേജിലെ മലയാളം വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.രജനി വി.എൻ (Dr. Rajani V. N) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

Resolved to approve Dr. Rajani V. N, Assistant Professor in Malayalam, Govt. College, Kattappana as Research Guide in Malayalam at the Post Graduate/ Research Department of Malayalam, Govt. College, Kattappana.

**ഇനംനമ്പർ 103/24.08/Ac AVI/1/RG/5133/2021** **ആലുവ സെൻറ് സേവിയേഴ്സ് കോളേജ് ഫോർ വിമെനിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ഷീബ വി. രാജൻ (Dr. Sheeba V. Rajan) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്:-**

ഡോ. ഷീബ വി. രാജൻ -ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 104/24.08/Ac AVI/1/RG/3830/2022

**കോട്ടയം, സി.എം.എസ് കോളേജിലെ ബയോടെക്നോളജി വിഭാഗം മേധാവിയും അസിസ്റ്റൻറ് പ്രൊഫസറുമായ ഡോ.ജിനു ജോൺ എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

കോട്ടയം, സി.എം.എസ് കോളേജിലെ ബയോടെക്നോളജി വിഭാഗം മേധാവിയും അസിസ്റ്റൻറ് പ്രൊഫസറുമായ ഡോ. ജിനു ജോൺ-ന്റെ ഡോക്ടറേറ്റ് ബിരുദം മഹാത്മാഗാന്ധി സർവകലാശാലക്ക് കീഴിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിക്കപ്പെടാൻ പര്യാപ്തമാണെന്ന സൂചിപ്പിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം, Certificate of Eligibility for Doctoral Degree ടിയാൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലാത്തതിനാലും സെൽഫ് ഫിനാൻസിങ് വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മറ്റ് എയ്ഡഡ് കോളേജുകളിലെ/ഡിപ്പാർട്ട്മെന്റുകളിലെ ഗവേഷണ കേന്ദ്രങ്ങളിൽ ഗൈഡ്ഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട റഗുലേഷനിൽ പ്രത്യേക പരാമർശം ഇല്ലാത്ത സാഹചര്യത്തിലും ടിയാൻ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 105/24.08/Ac AVI/1/RG/5257/2021

**തൃപ്പൂണിത്തുറ, ഗവൺമെൻറ് സംസ്കൃത കോളേജിലെ ജ്യോതിഷ വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ഈശ്വരൻ ഇ .എൻ. (Dr.Eswaran E.N) എം.ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

തൃപ്പൂണിത്തുറ, ഗവൺമെൻറ് സംസ്കൃത കോളേജിലെ ജ്യോതിഷ വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. ഈശ്വരൻ ഇ. എൻ.-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 106/24.08/Ac AVI/1/RG/106/2023

**പാലാ, സെൻറ്.തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിലെ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.പ്രതീഷ് ഏബ്രഹാം (Dr.Pratheesh Abraham) എം.ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

Resolved to approve Dr. Pratheesh Abraham, Assistant Professor in Education, St. Thomas College of Teacher Education, Pala as Research Guide in Education at the Post Graduate/Research Department of Education, St. Thomas College of Teacher Education, Pala.

ഇനംനമ്പർ 107/24.08/Ac AVI/1/RG/98/2023

**എടത്തല , അൽ -അമീൻ കോളേജിലെ ഹിന്ദി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. എയ്ഞ്ചൽ സി ജോൺ (Dr. Angel C John) എം. ജി. സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്:-**

എടത്തല, അൽ-അമീൻ കോളേജിലെ ഹിന്ദി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. എയ്ഞ്ചൽ സി. ജോൺ-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 108/24.08/149433/AC A6-1/2023** **കൊച്ചി, കൊച്ചിൻ കോളേജിലെ കൊമേഴ്‌സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. അനുപമ ആർ (Dr. Anupama R) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

കൊച്ചി, കൊച്ചിൻ കോളേജിലെ കൊമേഴ്‌സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. അനുപമ ആർ.- ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 109/24.08/22811/AC A6-1/2024** **കൊച്ചി,തേവര സേക്രഡ് ഹാർട്ട് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ.അപർണ എസ്സ്.(Dr.Aparna S.) അതേ വിഭാഗത്തിലെ ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡ് ആയി പ്രവർത്തിക്കുന്നതിനുള്ള സർവകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Aparna S., Assistant Professor in Economics, Sacred Heart College, Thevara as Research Guide in Economics at the Post Graduate/ Research Department of Economics, Sacred Heart College, Thevara

**ഇനംനമ്പർ 110/24.08/10757/AC A6-1/2024** **എറണാകുളം മഹാരാജാസ് കോളേജിലെ ഹിസ്റ്ററിവിഭാഗത്തിൽ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.ഷീബ കെ.എ (Dr.Sheeba K.A.) റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

Resolved to approve Dr. Sheeba K. A., Associate Professor in History, Maharajas College, Ernakulam as Research Guide in History at the Post Graduate/ Research Department of History, Sacred Heart College, Thevara.

**ഇനംനമ്പർ 111/24.08/139168/ACA6 SO/2023** **കുട്ടിക്കാനം മരിയൻ കോളേജിലെ കൊമേഴ്‌സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ Dr. Shinta Sebastian കൊമേഴ്‌സ് വിഷയത്തിൽ സർവ്വകലാശാലയുടെ റിസർച്ച് സൂപ്പർവൈസറായി അംഗീകരിക്കപ്പെട്ടുവാൻ സമർപ്പിച്ചിരിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

കുട്ടിക്കാനം, മരിയൻ കോളേജിലെ കൊമേഴ്‌സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ Dr. Shinta Sebastian-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 112/24.08/33521/AC A6-1/2024** **കോഴഞ്ചേരി സെന്റ്. തോമസ് കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Anju V Jalaj റിസർച്ച് സൂപ്പർവൈസറായി അംഗീകരിക്കപ്പെട്ടുവാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

കോഴഞ്ചേരി സെന്റ്. തോമസ് കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ Dr. Anju V. Jalaj-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 113/24.08/37879/AC A6-1/2024** **ദി കൊച്ചിൻ കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.രമ്യ എം.എൽ (Dr.Remya M.L) റിസർച്ച് ഗൈഡായി അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

ദി കൊച്ചിൻ കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. രമ്യ എം.എൽ.-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 114/24.08/40211/AC A6-1/2024** **തൃക്കാക്കര ഭാരത മാതാ കോളേജിലെ കെമിസ്ട്രി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ദിവ്യ ജോസ് (Dr.Divya Jose), മഹാത്മാ ഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിനു സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

Resolved to approve Dr. Divya Jose Assistant Professor in Chemistry, Bharat Mata College Thrikkakara as Research Guide in Chemistry at the Post Graduate/Research Department of Chemistry, Bharat Mata College Thrikkakara.

**ഇനംനമ്പർ 115/24.08/Ac AVI/1/RG/5425/2021** **പാലാ, സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗത്തിൽ റിസേർച്ച് ഗൈഡ് ആയ, ഇതേ കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജയേഷ് ആന്റണി തന്റെ ഗൈഡ്ഷിപ്പിന്റെ വിഷയം Biotechnology(Zoology) എന്നതിന് പകരം Biotechnology and Zoology എന്ന് പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ -സംബന്ധിച്ച്**

പാലാ, സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗത്തിൽ റിസേർച്ച് ഗൈഡ് ആയ, ഡോ. ജയേഷ് ആന്റണി തന്റെ ഗൈഡ്ഷിപ്പിന്റെ വിഷയം Biotechnology (Zoology) എന്നതിന് പകരം Biotechnology and Zoology എന്ന് പരിഷ്കരിച്ച് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 116/24.08/23055/AC A6-1/2024** **ചങ്ങനാശ്ശേരി, അസംപ്ഷൻ കോളേജിലെ സുവോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.അനു പി.സെബാസ്റ്റ്യൻ (Dr. Anu P. Sebastian) സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്:-**

Resolved to approve Dr. Anu P. Sebastian, Assistant Professor in Zoology, Assumption College, Changanaserry as Research Guide in Zoology at the Post Graduate/ Research Department of Zoology, Assumption College, Changanaserry.

**ഇനംനമ്പർ 117/24.08/66752/AC A6-1/2024** **മാല്യങ്കര എസ്.എൻ.എം. കോളേജിലെ സംസ്കൃതം വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.രെൻജിത് പി. ജി (Dr. Renjith P. G.) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

മാല്യങ്കര, എസ്.എൻ.എം. കോളേജിലെ സംസ്കൃതം വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.രെൻജിത് പി. ജി.-ക്ക് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 118/24.08/80727/AC A6-1/2024** **കാഞ്ഞിരപ്പള്ളി, സെന്റ് ഡൊമിനിക്സ് കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ഹണി തോമസ് (Dr. Honey Thomas) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവകലാശാല അംഗീകരിക്കാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കാഞ്ഞിരപ്പള്ളി, സെന്റ് ഡൊമിനിക്സ് കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ഹണി തോമസ്-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 119/24.08/75232/AC A6-1/2024** **വൈക്കം, സെന്റ് സേവ്യേഴ്സ് കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. വിൻസൺ തോമസ് (Dr. Winson Thomas) മഹാത്മാ ഗാന്ധി സർവ്വകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

വൈക്കം, സെന്റ് സേവ്യേഴ്സ് കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. വിൻസൺ തോമസ് -ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 120/24.08/85929/AC A6-1/2024** **എറണാകുളം, സെന്റ് തെരേസാസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. പേളി ആന്റണി ഓ.(Dr. Pearly Antony O.) റിസർച്ച് ഗൈഡായി എം. ജി. സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

എറണാകുളം, സെന്റ് തെരേസാസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. പേളി ആന്റണി ഓ.-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 121/24.08/83608/AC A6-1/2024** **എറണാകുളം സെന്റ് തെരേസസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മേരി ലിയ സി.എ (Dr. Mary Liya C.A.) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ റിസർച്ച് ഗൈഡായി പ്രവർത്തിക്കുന്നതിനുള്ള അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

എറണാകുളം സെന്റ് തെരേസസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. മേരി ലിയ സി.എ -ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 122/24.08/58787/AC A6-1/2024** **എറണാകുളം, ഗവൺമെന്റ് ലോ കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. പ്രേംസി പി. എൻ. (Dr. Premsy P. N.) മഹാത്മാഗാന്ധി സർവകലാശാല റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

എറണാകുളം, ഗവൺമെന്റ് ലോ കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. പ്രേംസി പി. എൻ. -ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 123/24.08/110038/AC A6-1/2024**

**ചങ്ങനാശ്ശേരി, സെന്റ് ബെർക്ക്മാൻസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.പവനം തോമസ് (Dr. Pavanam Thomas) റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

ചങ്ങനാശ്ശേരി, സെന്റ് ബെർക്ക്മാൻസ് കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.പവനം തോമസ്-ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 124/24.08/132198/ACA11-3/2023**

**2023 വർഷത്തെ ഡോക്ടറൽ കമ്മിറ്റി- ഹോം സയൻസ് വിഷയം SC/ST സംവരണം സംബന്ധിച്ച്**

SC/ST ഗവേഷകർക്ക് വേണ്ടി സംവരണം ചെയ്തിരിക്കുന്ന സീറ്റുകളിൽ തുടർച്ചയായ രണ്ടു വർഷങ്ങളിലും അപേക്ഷകർ ഇല്ലാത്തപക്ഷം പ്രസ്തുത സീറ്റുകൾ രണ്ടാം വർഷം ജനറൽ വിഭാഗത്തിലേക്ക് മാറ്റി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 125/24.08/149579/ACA11-3/2022**

**പി.എച്ച്.ഡി. - രസതന്ത്രം വിഷയം - 2016 പ്രവേശനം - ശ്രീമതി റുബിയ്യ എം എച്ച് - ഗവേഷണ കാലാവധി ഫീസിളവോടെ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്**

ശ്രീമതി. റുബിയ്യ എം എച്ച്-ന് 07.09.2023 മുതൽ ഒരു വർഷം വീതമുള്ള 3 ദീർഘിപ്പിക്കലുകളും, 6 മാസം വീതമുള്ള 3 ഗ്രേസ് പിരീഡുകളും നിലവിലെ രീതിയിൽ ഫീസോടുകൂടി അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 126/24.08/146150/AC A6-2/2023**

**യൂണിവേഴ്സിറ്റി JRF എല്ലാ വർഷവും നിശ്ചിത ശതമാനം വീതം വർധിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. അശ്വിൻ രാജൻ വർഗീസ് അവതരിപ്പിക്കുകയും സെനറ്റ് അംഗീകരിക്കുകയും ചെയ്ത പ്രമേയം - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

യൂണിവേഴ്സിറ്റി JRF എല്ലാ വർഷവും നിശ്ചിത ശതമാനം വീതം വർധിപ്പിക്കണം എന്ന വിഷയം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ജയചന്ദ്രൻ കെ., (Director, University Research Committee) സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ഡോ. സെനോ ജോസ്, ഡോ. ബീന മാത്യു എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 127/24.08/240010**

**18.12.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - റിസർച്ച് ആന്റ് ഡെവലപ്മെന്റ് -ന്റെ യോഗ നടപടിക്രമം**

**ഇനംനമ്പർ OA 1 (31606/AC A6-1/2024)**

**ഇടത്തല അൽ-അമീൻ കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായ Dr. Shaniba M H, ആലുവ യു. സി. കോളേജിലെ ഇക്കണോമിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർമാരായ Dr. Sunil Abraham Thomas, Dr. Ann George എന്നിവരെ റിസർച്ച് സൂപ്പർവൈസർമാരായി അംഗീകരിച്ചു കൊണ്ട് ആലുവ യു.സി. കോളേജിലെ ബിരുദാനന്തരബിരുദ ഇക്കണോമിക്സ് വിഭാഗം ഗവേഷണകേന്ദ്രം പുനരുജ്ജീവിപ്പിക്കുവനായി പ്രിൻസിപ്പൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച്.**

14.11.2024 തീയതിയിൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം 104/24.07/31606/AC A6-1/2024 താഴെപറയും പ്രകാരം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.
Resolved to appoint an Inspection Commission comprising Dr. Biju Thoams, Member Syndicate as convenor, Dr. Sheeba V.T., NSS College, Changanaserry as Subject Expert to inspect the Center and submit the report.

| | |
|---|---|
| ഇനംനമ്പർ OA 2 (73014/AC A10-4/2024) | **23.05.2024 തീയതിയിൽ ചേർന്ന അക്കാദമിക് കൗൺസിൽ യോഗത്തിൽ ഡോ. ശ്രീജ എസ്. അവതരിപ്പിച്ച പ്രമേയത്തിലെ (ഇനം നമ്പർ 04) ആവശ്യങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്.** |

14.11.2024 തീയതിയിൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം 75/24.07/73014/AC A10-4/2024 പ്രകാരം പുറപ്പെടുവിച്ച് സർവ്വകാലാശാല ഉത്തരവ് നം.11130/AC A 10/2024/എം.ജി.യു. തീയതി, 10.12.2024 താഴെപറയും പ്രകാരം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.
മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഗവേഷണത്തിന് രജിസ്റ്റർ ചെയ്ത്, കോഴ്സ് വർക്കിനു ശേഷം രജിസ്ട്രേഷൻ ക്യാൻസൽ ആയവർ, തുടർന്ന് ഗവേഷണം നടത്താൻ സാധിക്കാത്ത ഗവേഷകർ, സമയപരിധി കഴിഞ്ഞു പലവിധ കാരണങ്ങളാൽ പ്രബന്ധം സമർപ്പിക്കാൻ സാധിക്കാത്ത ഗവേഷകർ എന്നിവർ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മതിയായ ഫീസ് ഈടാക്കിക്കൊണ്ട് (പിഴ ഉൾപ്പെടെ) പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധി 2025 ജൂൺ 30 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| ഇനംനമ്പർ 128/24.08/76758/P&D 2-2/2023 | **മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളിലെ DST Inspire ഗവേഷകർക്ക് ആകസ്മിക ചെലവ് തുക അനുവദിക്കുന്ന തുമായി ബന്ധപ്പെട്ട 09.08.2018 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് നം. 97/18.06/181905 പ്രകാരം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവ് നമ്പർ 6404/പി&ഡി-2/2/2018/ഭരണ വിഭാഗം തീയതി 03.09.2018 ഭേദഗതി ചെയ്യുന്നതിനായി ശിപാർശകൾ സമർപ്പിക്കുന്നത്- സംബന്ധിച്ച്.** |

09.08.2018 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് നം. 97/18.06/181905 പ്രകാരം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവ് നമ്പർ 6404/പി&ഡി-2/2/2018/ഭരണ വിഭാഗം തീയതി 03.09.2018 താഴെപറയുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

- PFMS പോർട്ടൽ മുഖേന റിലീസ് ചെയ്യുന്ന DST Inspire, ICSSR Doctoral ഫെലോഷിപ്പുകളുടെ തുക PFMS Portal മുഖേന പ്രതിമാസം ഗവേഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനും
- ഗവേഷകർ അവരുടെ അപേക്ഷ ഗവേഷണ മാർഗദർശി, സ്ഥാപന മേധാവി എന്നിവരുടെ മേലൊപ്പോടുകൂടി സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും ആയത് ലഭിക്കുന്ന മുറയ്ക്ക് ആകസ്മിക ചെലവ് തുക ഗഡുക്കളായി PFMS Portal മുഖേന ഗവേഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനും
- PFMS പോർട്ടൽ മുഖേനയല്ലാതെ റിലീസ് ചെയ്യേണ്ട KSCSTE Research Fellowship, ICMR ഫെലോഷിപ്പ് തുടങ്ങിയ ഫെലോഷിപ്പുകൾക്കായി ഗവേഷകർ റിസർച്ച് സൂപ്പർവൈസറുമായി ചേർന്ന് ജോയിന്റ് സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്നും
- ബാഹ്യ ഏജൻസികൾ അനുവദിക്കുന്ന ഗ്രാന്റ്, മേൽ പരാമർശിച്ച പ്രകാരം ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിലേക്ക് സർവ്വകലാശാല ട്രാൻസ്ഫർ ചെയ്യുകയും അതിൽ നിന്ന് ഫെലോഷിപ്പ് തുക പ്രതിമാസം പിൻവലിക്കുന്നതിനും ആകസ്മിക ചെലവ് തുക റിസർച്ച് സൂപ്പർവൈസറുടെ അനുവാദത്തോടെ ആവശ്യാനുസരണം ചെലവഴിക്കുന്നതിന് അനുമതിനൽകുന്നതിനും
- ബാഹ്യ ഏജൻസികളിൽ നിന്നും (DST Inspire, ICSSR Doctoral, KSCSTE, ICMR) ഫെലോഷിപ്പുകൾ വാങ്ങുന്ന ഗവേഷകർ ഓരോ വർഷത്തെയും Statement of Expenditure, Utilisation Certificate എന്നിവയ്ക്കൊപ്പം ആകസ്മിക ചെലവ് ബില്ലുകൾ സമർപ്പിച്ച് ഓഡിറ്റിന് വിധേയമാക്കേണ്ടതാണെന്നും
- ബാഹ്യ ഏജൻസികളിൽ നിന്നും ഫെലോഷിപ്പുകൾ വാങ്ങുന്ന ഗവേഷകർ (DST Inspire, ICSSR Doctoral, KSCSTE, ICMR) ആയതു സംബന്ധിച്ച് ഉണ്ടാകുന്ന എല്ലാ സാമ്പത്തിക ബാദ്ധ്യതകളുടെയും ഉത്തരവാദിത്വം തങ്ങളിൽ നിക്ഷിപ്തമാണ് എന്ന് പരാമർശിക്കുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

**ഇനംനമ്പർ 129/24.08/141330/AD A3-4/2024**

**കോൺട്രാക്ടർമാരുടെ ലൈസൻസ് കാലാവധി മൂന്നിൽ നിന്നും അഞ്ച് വർഷമാക്കി ഉയർത്തുകയും ലൈസൻസ് ഫീയും സെക്യൂരിറ്റി ഡെപ്പോസിറ്റും നിലവിലെ നിരക്കിന്റെ 3 ഇരട്ടിയായി വർധിപ്പിച്ചുകൊണ്ടുമുള്ള സർക്കാർ ഉത്തരവ് – സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച്:**

കോൺട്രാക്ടർമാരുടെ ലൈസൻസ് കാലാവധി മൂന്നിൽ നിന്നും അഞ്ച് വർഷമാക്കി ഉയർത്തുകയും ലൈസൻസ് ഫീയും സെക്യൂരിറ്റി ഡെപ്പോസിറ്റും വർധിപ്പിച്ചുകൊണ്ടുമുള്ള സർക്കാർ ഉത്തരവ് നമ്പർ. 6/2023/PWD dtd 20.01.2023 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനും, ടി ഉത്തരവ് പ്രകാരമുള്ള ലൈസൻസ് ഫീയും സെക്യൂരിറ്റി ഡെപ്പോസിറ്റും തദനുസൃതമായി ഈടാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 130/24.08/119187/ADA9-1/2022**

**7533/Ad A5/2024/MGU തീയതി 16.08.2024 പ്രകാരം രൂപീകരിച്ച ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ എജ്യുക്കേഷനിൽ ലേഡി അസിസ്റ്റന്റ് ഡയറക്ടറെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസിലെ ഡയറക്ടർ ഡോ ബിനു ജോർജ് സമർപ്പിച്ച അപേക്ഷ – ലേഡി അസിസ്റ്റന്റ് ഡയറക്ടർ എന്ന തസ്തിക അനധ്യാപക തസ്തികയാണോ അധ്യാപക തസ്തികയാണോ എന്ന വിഷയത്തിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 1 വകുപ്പ് 29-ൽ "teacher" means a principal, professor, associate professor, assistant professor, reader, lecturer, instructor, or such other person imparting instruction or supervising research in any of the colleges or recognised institutions and whose appointment has been approved by the University എന്നാണ് നിഷ്ക്കർഷിച്ചിരിക്കുന്നത്. ആയതനുസരിച്ച് ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ എജ്യുക്കേഷനിലെ ലേഡി അസിസ്റ്റന്റ് ഡയറക്ടർ തസ്തിക അദ്ധ്യാപക തസ്തികയായി പരിഗണിച്ച് നിയമനം നടത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 131/24.08/87677/AD A4-3/2024**

**സർവ്വകലാശാല എഞ്ചിനീയറിംഗ് യൂണിറ്റിലെ ജോലി ഭാരം സംബന്ധിച്ച് സർവ്വകലാശാല എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടും അനുബന്ധ വിഷയങ്ങളും – സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലാ എൻജിനീയറിംഗ് യൂണിറ്റിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച റിപ്പോർട്ട് ഉൾപ്പെടുത്തി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 132/24.08/68784/AD A1-1/2024**

**മൗണ്ട് സിയോൺ കോളേജ് ഓഫ് എൻജിനീയറിംഗ്, കടമ്മനിട്ടയിലെ ബി-ടെക് എയ്റോനോട്ടിക്കൽ എൻജിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന ശ്രീ. ജിബിൻ കെ ജോയ് – യുടെ 2019 ഡിസംബർ മാസം നടന്ന എട്ടാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയിലെ പ്രോജക്ട് പേപ്പറിന്റെ ഇന്റേണൽ മാർക്ക് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായത്- പ്രസ്തുത വിഷയത്തിൽ സെക്ഷനിൽ സംഭവിച്ച വീഴ്ച സംബന്ധിച്ച് ശ്രീ. മോഹനൻ കെ റ്റി, ജോയിന്റ് രജിസ്ട്രാർ 1 (ഭരണവിഭാഗം) സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് – സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്:**

ജോയിന്റ് രജിസ്ട്രാർ 1 (ഭരണവിഭാഗം) സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് അംഗീകരിക്കുന്നതിനും ശുപാർശകൾ നടപ്പിലാക്കുന്നതിനും, ഇന്റേണൽ മാർക്ക് സമയബന്ധിതമായി സെക്ഷനിൽ സമർപ്പിച്ചിരുന്നിട്ടും ആയതിന്മേൽ തുടർനടപടി സ്വീകരിക്കാതിരുന്നത് സെക്ഷനിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയായതിനാൽ ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് വിശദീകരണം ചോദിക്കുന്നതിനും സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിനും വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 133/24.08/187686/AD C1-2/2022

**ശ്രീമതി ആതിര ഷാജി (PEN 3835) അസ്സിസ്റ്റന്റിന് അനുവദിച്ച 267 ദിവസത്തെ ശൂന്യവേതനാവധിയിൽ അധികമായി അനുവദിച്ച എൺപത്തി ഏഴ് ദിവസത്തെ ശൂന്യവേതനാവധി ക്രമപ്പെടുത്തുന്നതും, ടിയാളുടെ അപേക്ഷ പരിഗണിച്ച് 89 ദിവസത്തെ ശൂന്യവേതനാവധി വ്യക്തിപരമായ ആവശ്യങ്ങൾക്കായി അനുവദിക്കുന്നതും സംബന്ധിച്ച്:-**

ശ്രീമതി. ആതിര ഷാജി, അസ്സിസ്റ്റന്റിന് 12.02.2024 മുതൽ 04.11.2024 വരെ മൂന്നു ഘട്ടങ്ങളിലായി അനുവദിച്ച 267 ദിവസത്തെ ശൂന്യവേതനാവധിയിൽ അധികമായി അനുവദിച്ചിരിക്കുന്ന എൺപത്തി ഏഴ് ദിവസത്തെ ശൂന്യവേതനാവധി (10.08.2024 മുതൽ 04.11.2024 വരെയുള്ള ദിവസങ്ങൾ) ക്രമപ്പെടുത്തി നൽകുന്നതിനും, ടിയാൾ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 05.11.2024 മുതൽ 01.02.2025 വരെ 89 ദിവത്തേക്കുകൂടി ശൂന്യവേതനാവധി അനുവദിക്കുന്നതിനും തീരുമാനിച്ചു.

ഇനംനമ്പർ 134/24.08/94361/AD A9-1/2022

**ഡോ. സ്മിത എസ് (അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്)- ശ്രീനാരായണ ട്രെയിനിംഗ് കോളേജ്, വർക്കല, തിരുവനന്തപുരം-ലെ മുൻകാല സേവനം കണക്കിലെടുത്ത് നിയമന തീയതി മുതൽ ഉയർന്ന അടിസ്ഥാന ശമ്പളം, കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ ഉൾപ്പെടെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നത് സംബന്ധിച്ച്.**

Item Deferred.

ഇനംനമ്പർ 135/24.08/126772/AD A1-1/2024

**ശ്രീമതി. അനിത പി സി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ – അഗ്രിക്കൾച്ചർ (സോയിൽ കൺസെർവേഷൻ യൂണിറ്റ്) വകുപ്പിലെ ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലെ മുൻകാല സേവനകാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യസേവനകാലയളവായി പരിഗണിക്കുന്നതിന് സമർപ്പിച്ച അപേക്ഷ – സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്.**

ശ്രീമതി. അനിത പി സി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ-ക്ക് 15.12.2003 അപരാഹ്നം മുതൽ 03.08.2006 അപരാഹ്നം വരെ ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിൽ അഗ്രിക്കൾച്ചർ (സോയിൽ കൺസെർവേഷൻ യൂണിറ്റ്) വകുപ്പിലുണ്ടായിരുന്ന മുൻകാല സേവനം സർവ്വകലാശാലയിൽ പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള യോഗ്യസേവന കാലയളവായി പരിഗണിക്കുന്നതിന് തീരുമാനിച്ചു.

ഇനംനമ്പർ 136/24.08/9991/AD A5-2/2021

**മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് പഠന വകുപ്പിൽ ഗ്രൗണ്ട്സ് മാൻ കം മാർക്കർ തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച്**

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് പഠന വകുപ്പിലെ ഗ്രൗണ്ട്സ് മാൻ കം മാർക്കർ തസ്തികയിലേക്ക് നിലവിലുള്ള യോഗ്യത, ശമ്പളം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു വർഷ കാലയളവിലേക്കുള്ള കരാർ നിയോഗം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 137/24.08/123406/AD A1-1/2024** **അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകൾക്ക് പുറമെ അന്തർ സർവ്വകലാശാല സ്ഥലംമാറ്റം ബാധകമായ അനധ്യാപക വിഭാഗത്തിലെ മുഴുവൻ ക്ലാസ് III, IV തസ്തികകൾക്കും പ്രൊബേഷൻ മാനദണ്ഡമാക്കാതെ പ്രസ്തുത സ്ഥലംമാറ്റം അനുവദിച്ചുകൊണ്ട് പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി സർക്കാരിനോട് അഭ്യർത്ഥിക്കുന്നത് – സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളുടെ യോഗ്യത, വയസ്, ശമ്പള സ്കെയിൽ, നിയമന രീതി എന്നിവ സംബന്ധിച്ച് സ.ഉ. (അച്ചടി) നമ്പർ 37/2020/ഉ.വി.വ. തീയതി 06.11.2020-ൽ എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. ടി ഉത്തരവിൽ പ്രൊഫഷണൽ അസിസ്റ്റന്റ് തസ്തികയുടെ അന്തർ സർവ്വകലാശാലാ സ്ഥലംമാറ്റം മാത്രമാണ് പ്രൊബേഷൻ മാനദണ്ഡമാക്കാതെ നടത്തുവാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ ടി ഉത്തരവിലെ ബാക്കിയുള്ള തസ്തികകളിലേക്കും അന്തർസർവകലാശാലാ സ്ഥലംമാറ്റം പ്രൊബേഷൻ മാനദണ്ഡമാക്കാതെ നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് കത്തയയ്ക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 138/24.08/107016/ADA 3-1/2024** **ക്ലറിക്കൽ അസിസ്റ്റന്റ് ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ സേവന കാലയളവ് കൂടി പരിഗണിച്ച് മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചത് – കേരള സ്റ്റേറ്റ് ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാട്ടിയ അപാകതകൾ – സംബന്ധിച്ച് :**

മഹാത്മാഗാന്ധി സർവകലാശാല ഓർഡിനനസ് 2023-ന്റെ കരടിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ഓഫീസ് അറ്റന്റന്റ് തസ്തികയുടെ 'direct line of promotion' (by promotion from the post of office attendant) ആയി നിർണയിച്ചിരിക്കുന്നതിനാലും ടി ഓർഡിനൻസ് ബഹു. ചാൻസലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നതിനാലും ആയതിൽ ബഹു. ചാൻസലറുടെ തീരുമാനം വരുന്നതുവരെ തൽസ്ഥിതി തുടരുന്നതിനും, ഒൻപതാം ശമ്പള പരിഷ്ക്കരണ ഉത്തരവിനും പത്താം ശമ്പള പരിഷ്ക്കരണ ഉത്തരവിനും വിപരീതമായി സർവ്വകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ സേവനകാലയളവ് പരിഗണിച്ചുകൊണ്ട് 22 വർഷത്തെ മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതിന്മേൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വിഭാഗം ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ ഒരു സെൽ രൂപീകരിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 139/24.08/75091/AD A2-2/2021 (PART I)** **സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്-ലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ .ജാസ്മിൻ അലക്സ്-ന് പരിവർത്തിത അവധി ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് ശമ്പളവും അലവൻസുകളും തടഞ്ഞുവെച്ച ഉത്തരവ് പിൻവലിച്ച് ശമ്പളവും, അലവൻസുകളും നൽകിയത് – മെമ്മോ ഓഫ് ചാർജസ് നൽകിയതിന്റെ വിശദവിവരങ്ങൾ – സിന്റിക്കേറ്റിന് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

സർവ്വകലാശാല നൽകിയ മെമ്മോ ഓഫ് ചാർജ്ജസ്-ന് ഡോ. ജാസ്മിൻ അലക്സ് നാളിതുവരെ വിശദീകരണം നൽകിയിട്ടില്ലാത്തതിനാൽ ആയതിന്മേൽ ടിയാൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാൾക്കെതിരെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997-ലെ ബന്ധപ്പെട്ട വ്യവസ്ഥകൾ അനുസരിച്ച് അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 140/24.08/125550/AD A5-2/2023** **മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് അദ്ധ്യാപകർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുന്നത് സംബന്ധിച്ച് :-**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി – സ്റ്റാഫ്-ന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 141/24.08/10670/AD A1-2/2024**

**സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് എന്നീ പഠന വകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലേക്കുള്ള നിയമനം – യോഗ്യതയില്ലാത്തവരുടെ പേര് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടത് – Ad A5 സെക്ഷൻ ഓഫീസർ ആയ ഡോ.അനിൽകുമാർ പി.കെ.യിൽ നിന്നും ലഭിച്ച വിശദീകരണം – മുൻ സിൻഡിക്കേറ്റ് അംഗം ഡോ. ബി. കേരളവർമ്മ അന്വേഷണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ – സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് –**

സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് എന്നീ പഠന വകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് തസ്തികയിലേക്കുള്ള നിയമനത്തിൽ യോഗ്യതയില്ലാത്തവരുടെ പേര് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നിയോഗിച്ചിരുന്ന കമ്മീഷൻ ഡോ. സെനോ ജോസ് സിൻഡിക്കേറ്റംഗത്തെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 142/24.08/135367/AD A1-2/2024**

**അനാരോഗ്യവും സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് Work from Home അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഫ്രണ്ട് ഓഫീസ് 1 സെക്ഷൻ ഓഫീസർ ആയ ശ്രീ. നവാസ് ഒ.എസ്. -ൽ നിന്നും ലഭിച്ച സമർപ്പണം – സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് –**

അനാരോഗ്യം പരിഗണിച്ച് ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകളോ/വ്യവസ്ഥകളോ നിലവിലുണ്ടെങ്കിൽ ആയത് ഉൾക്കൊള്ളിച്ച് ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 143/24.08/75697/AD A1-1/2023**

**പരീക്ഷാ വിഭാഗത്തിലെ പി ഡി 5 സെക്ഷനിൽ നിന്നും ഉപയോഗിക്കാത്ത 54 ഡിഗ്രി സർട്ടിഫിക്കറ്റ് ഫോർമാറ്റുകൾ കാണാതായ സംഭവം – പുതിയ സിൻഡിക്കേറ്റ് നിലവിൽ വന്ന സാഹചര്യത്തിൽ വിരമിച്ച അംഗങ്ങൾക്ക് പകരം പുതിയ അംഗങ്ങളെ അന്വേഷണ കമ്മീഷനിലേക്ക് നോമിനേറ്റ് ചെയ്ത് വകുപ്പുതല അന്വേഷണം തുടരുന്നത് – സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാലാ ഉത്തരവ് നം. 9055/AD A1/2023/എം ജി യു, തീയതി 16.08.2023 പ്രകാരം രൂപീകരിച്ചിരുന്ന അന്വേഷണ കമ്മീഷനിലെ അംഗങ്ങൾക്ക് പകരം ഡോ. ജോജി അലക്സ്, അഡ്വ. പി.ബി. സതീഷ് കുമാർ, ഡോ. സുജ ടി. വി. എന്നീ സിൻഡിക്കേറ്റംഗങ്ങളെ ഉൾപ്പെടുത്തി ടി അന്വേഷണ കമ്മീഷൻ പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 144/24.08/83867/AC A7-3/2024**

**സെന്റ് തോമസ് ആർട്സ് ആൻഡ് സയൻസ് കോളേജ്, പുത്തൻകരിശ്ശ്, എറണാകുളം– പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നത് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 26.09.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പര് 108/24.06/83867/ACA7-3/2024– തിരുത്തലുകൾ വരുത്തി പരിഷ്കരിക്കുന്നത് സംബന്ധിച്ച്–**

എറണാകുളം, പുത്തൻകരിശ്ശ്, സെന്റ് തോമസ് ആർട്സ് ആൻഡ് സയൻസ് കോളേജ്, ടി കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 26.09.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ 108/24.06/83867/ACA7-3/2024 പ്രകാരം കൈക്കൊണ്ട തീരുമാനത്തിലെ പിശകുകൾ തിരുത്തി താഴെ പറയുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

'എറണാകുളം, പുത്തൻകരിശ്ശ്, സെന്റ് തോമസ് ആർട്സ് ആൻഡ് സയൻസ് കോളേജ് –ടി കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് B Com Model II Computer Applications, B Com Model II Finance and

Taxation എന്നീ പ്രോഗ്രാമുകളുടെ 40 സീറ്റുകൾ വീതമുള്ള ഓരോ ബാച്ചുകൾ 2021–2022 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.'

**ഇനംനമ്പർ 145/24.08/82402/ACA1–3/2024** **തൃപ്പൂണിത്തുറ, ആർ. എൽ. വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ് – എം.എ. ഭരതനാട്യം പ്രോഗ്രാം –2024–'25 അദ്ധ്യയന വർഷം മാർജിനൽ സീറ്റ് വർദ്ധനവിനായി വൈകി നൽകിയ അപേക്ഷയിൽ 26.09.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.92/24.06/ 82402/ACA1–3/2024 തീരുമാനം – സംബന്ധിച്ച്.**

2024–25 അധ്യയന വര്ഷത്തേയ്ക്കുള്ള പ്രവേശന പ്രക്രിയ അവസാനിച്ചിരിക്കുന്നതിനാൽ തൃപ്പൂണിത്തുറ, ആർ. എൽ. വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സ് – എം. എ. ഭരതനാട്യം പ്രോഗ്രാം – 2024–'25 അദ്ധ്യയന വർഷം മാർജിനൽ സീറ്റ് വർദ്ധനവിനായി വൈകി നൽകിയ അപേക്ഷയിൽ 26.09.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.92/24.06/ 82402/ACA1–3/2024 പ്രകാരമുള്ള തീരുമാനം മരവിപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 146/24.08/67074/AC A1–1/2024** **അങ്കമാലി, മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിന്റെ പേര് മാറ്റുന്ന വിഷയത്തിൽ യൂണിവേഴ്സിറ്റി ഉത്തരവ് നം. 9268/AC A1/2024/എം.ജി.യൂ , തീയതി : 16/10/2024 പ്രകാരമുള്ള തുടർ നടപടികൾ സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

അങ്കമാലി, മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിന്റെ പേര് മോർണിംഗ് സ്റ്റാർ കോളേജ് എന്ന് മാറ്റുന്നതിനായി 16/10/2024 –ലെ യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ 9268/AC A1/2024/എം.ജി.യൂ പ്രകാരം കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)–നെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 147/24.08/85948/AC A7–2/2024** **അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ – KMP കോളേജ് ഓഫ് ആർട്സ് & സയൻസ്, അശമന്നൂർ, പെരുമ്പാവൂർ, എറണാകുളം – കോളേജിന്റെ പേര് ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് സയൻസ്, അശമന്നൂർ, പെരുമ്പാവൂർ, എറണാകുളം എന്ന് മാറ്റുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് :–**

KMP കോളേജ് ഓഫ് ആർട്സ് & സയൻസ്, അശമന്നൂർ, പെരുമ്പാവൂർ, എറണാകുളം എന്ന കോളേജിന്റെ പേര് ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആൻഡ് സയൻസ്, അശമന്നൂർ, പെരുമ്പാവൂർ, എറണാകുളം എന്ന് മാറ്റുന്നതിനായി ടി കോളേജിന്റെ ട്രസ്റ്റ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. രതീഷ് പി. ബി (സിൻഡിക്കേറ്റ് അംഗം) –നെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 148/24.08/45888/AC B7–2/2024** **മൂവാറ്റുപുഴ നിർമല സ്വയംഭരണ കോളേജിൽ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ 2024–2025 അധ്യയന വർഷത്തെ അഫിലിയേഷൻ പുതുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ പരിശോധന സമിതിയുടെ റിപ്പോർട്ട് സംബന്ധിച്ച് :–**

മൂവാറ്റുപുഴ, നിർമല കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ 2024–2025 അധ്യയന വർഷത്തെ അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിനും താഴെ പട്ടിക പ്രകാരമുള്ള സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024–2025 അക്കാദമിക വർഷത്തിലേക്ക് പുതുക്കിനൽകുന്നതിനും തീരുമാനിച്ചു.

| Type of UG/PG | Name of the Programme | Sanctioned Seats |
|---|---|---|
| BA Model III | BA English Literature and Communication Studies (Double Main) | 30 |
| BCA | BCA | 60 |
| B Com Model III | B.Com Taxation | 50 |
| B Com Model III | B.Com. Office Management & Secretarial Practice | 50 |
| B Com Model III | B.Com. Computer Applications | 30 |
| BTTM | BTTM | 40 |
| B Voc | B.Voc. Logistic Management | 50 |
| MCA | MCA | 120 |
| MCA | MCA | |
| MTTM | MTTM | 12 |
| MA(HRM) | MA(HRM) | 20 |
| M Com | M.Com. Finance and Taxation | 20 |

**ഇനംനമ്പർ 149/24.08/50950/AC B7-1/2023**

**ചങ്ങനാശ്ശേരി, എസ് ബി കോളേജ് (സ്വയംഭരണം) – 2024-25 അക്കാദമിക വർഷത്തിലേക്ക് 14 സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ നീട്ടിനൽകുന്നതുമായി ബന്ധപ്പെട്ട സിൻഡിക്കേറ്റ് പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച് :-**

ചങ്ങനാശ്ശേരി, എസ് ബി സ്വയംഭരണ കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ 2024-2025 അക്കാദമിക വർഷത്തിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ നീട്ടിനൽകുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിനും താഴെ പറയുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ താത്ക്കാലിക അഫിലിയേഷൻ 2024-2025 വർഷത്തേക്ക് നീട്ടിനൽകുന്നതിനും തീരുമാനിച്ചു.

1. ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ
2. ബി.കോം ഫിനാൻസ് & ടാക്സേഷൻ
3. ബി.കോം ഫിനാൻസ് & ടാക്സേഷൻ (അധിക ബാച്ച്)
4. ബി.സി.എ
5. ബിഎസ്.സി ഇൻഡസ്ട്രിയൽ മൈക്രോബയോളജി & സുവോളജി
6. ബിഎസ്.സി ബയോടെക്നോളജി & ബോട്ടണി
7. ബി.വോക് റിന്യൂവബിൾ എനർജി മാനേജ്മെന്റ്
8. എം.എസ്.സി ബയോടെക്നോളജി
9. എം.എസ്.സി ബയോകെമിസ്ട്രി
10. എം.എസ്.സി കമ്പ്യൂട്ടർ സയൻസ്
11. മാസ്റ്റർ ഓഫ് ലൈബ്രറി & ഇൻഫർമേഷൻ സയൻസ്
12. എം.ബി.എ
13. എം.കോം ഫിനാൻസ്
14. എം.എസ്.സി മൈക്രോബയോളജി

**ഇനംനമ്പർ 150/24.08/102966/AC A1-3/2024**

**കോതമംഗലം, ഇന്ദിരാഗാന്ധി ട്രെയിനിംഗ് കോളേജ് – 2025-26 അദ്ധ്യയന വർഷം – ബി.എഡ്. പ്രോഗ്രാമിന് അറബിക് ഐച്ഛിക വിഷയം ആരംഭിക്കുന്നത് സംബന്ധിച്ച്.**

കോതമംഗലം, ഇന്ദിരാഗാന്ധി ട്രെയിനിംഗ് കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിൽ ബി.എഡ്. പ്രോഗ്രാമിന് പുതിയ ഐച്ഛിക വിഷയം (അറബിക്) ആരംഭിക്കുന്നതിനായുള്ള പഠന ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. രതീഷ് പി ബി (സിൻഡിക്കേറ്റ് അംഗം) ശ്രീ. മുഹമ്മദ് എ., മഹാരാജാസ് കോളേജ്, എറണാകുളം (വിഷയ വിദഗ്ധൻ) എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 151/24.08/33837/AC A7-3/2023** **SNGIST ആർട്സ് ആൻഡ് സയൻസ് കോളേജ് മാനേജ്മെന്റിനനെതിരെ ശമ്പള കുടിശ്ശിക ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ഡോ.ബിന്ദി കെ.ആർ., ഡോ.എം.ജി രമേഷ് ബാബു, എന്നിവർ സമർപ്പിച്ച പരാതി സംബന്ധിച്ച് :-**

SNGIST ആർട്സ് ആൻഡ് സയൻസ് കോളേജ് മാനേജ്മെന്റിനനെതിരെ ശമ്പള കുടിശ്ശിക ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ഡോ. ബിന്ദി കെ. ആർ, ഡോ. എം. ജി രമേഷ് ബാബു, എന്നിവർ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണ കമ്മീഷനായി അഡ്വ. പി. ബി സതീഷ് കുമാർ (സിൻഡിക്കേറ്റ് അംഗം) -നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 152/24.08/106459/AC A7-1/2024** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - കാക്കനാട്, ഭവൻസ് കോളേജ് ഓഫ് ആർട്സ് ആൻഡ് കോമേഴ്സ് 2024-'25 അദ്ധ്യയനവർഷം പ്രോഗ്രാമുകൾ സ്ഥിരമായി നിർത്തലാക്കുന്നതിനു സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് :-**

കാക്കനാട്, ഭവൻസ് കോളേജ് ഓഫ് ആർട്സ് ആൻഡ് കോമേഴ്സ് കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Com (Hons) Finance and Taxation & Finacial Markets, B.Com (Hons) Logistics Management and Accounting, BBA(Hons), BA English (Hons) Film Studies and Cultural Studies എന്നീ 4 പ്രോഗ്രാമുകൾ 2024-2025 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 153/24.08/112473/AC A7-1/2024** **അൺ എയ്ഡഡ് /സ്വാശ്രയ കോളേജുകൾ - Girideepam Institute of Advanced learning, Vadavathoor - B.Sc Cyber Forensics പ്രോഗ്രാം 2024-'25 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2025-'26 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് :-**

വടവാതൂർ, ഗിരിദീപം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ലേർണിങ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ B.Sc Cyber Forensics പ്രോഗ്രാം 2024-2025 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2025-2026 അധ്യയനവർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 154/24.08/56375/AC A7-1/2024** **അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - IHRD കോളേജുകൾ AICTE യുടെ മുൻപാകെ സമർപ്പിക്കാനുള്ള NOCയുടെ അപേക്ഷ സംബന്ധിച്ച് :-**

College of Applied Science, Kuttikanam, College of Applied Science , Kaduthuruthy, College of Applied Science, Mallappaly, College of Applied Science, Puthupally എന്നീ കോളേജുകൾ AICTE-യുടെ മുൻപാകെ സമർപ്പിക്കനാനുള്ള NOC-ക്കായി ഫീസടച്ച് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിഗണിച്ച് IHRD കോളേജുകൾക്ക് AICTE യുടെ മുൻപാകെ സമർപ്പിക്കാനുള്ള NOC നൽകുന്നതിനും കുടിശ്ശികയുള്ള ഫീസ് അടക്കുന്നതിന് പ്രസ്തുത കോളേജുകൾക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 155/24.08/51125/AC B7-1/2024** **പാലാ, സെന്റ് തോമസ് കോളേജ് നിരാക്ഷേപപത്രം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സർക്കാരിന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച് :-**

പാലാ, സെന്റ് തോമസ് കോളേജ് ITEP പ്രോഗ്രാം തുടങ്ങുന്നതിനായുള്ള നിരാക്ഷേപ പത്രത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാരിന്റെ അഭിപ്രായം പരിഗണിച്ച് ടി കോളേജിന്റെ അപേക്ഷ തല്ക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 156/24.08/122141/AC A7-2/2024** **Mar Gregorious Abdul Jaleel Arts and Science College, North Paravur – B.A (Hons) English Media Studies പ്രോഗ്രാം – 2024-2025 അക്കാദമിക വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് – സംബന്ധിച്ച് :-**

നോർത്ത് പറവൂർ, Mar Gregorious Abdul Jaleel Arts and Science College സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BA (Hons) English Media Studies എന്ന പ്രോഗ്രാം 2024-2025 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 157/24.08/119082/AC A1-3/2024** **ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് – 2025 – '26 അദ്ധ്യയന വർഷം മുതൽ 60 സീറ്റുകളോടുകൂടി Three Year Unitary LL.B പ്രോഗ്രാമിനു ഒരു അധിക ബാച്ച് ആരംഭിക്കുവാനായി സമർപ്പിച്ച അപേക്ഷ- സംബന്ധിച്ച്:-**

ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിൽ Three Year Unitary LL.B പ്രോഗ്രാമിനു ഒരു അധിക ബാച്ച് ആരംഭിക്കുന്നതിനാവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്വ. റെജി സക്കറിയ (സിൻഡിക്കേറ്റ് അംഗം), ഡോ. പ്രേംസി പി. എൻ., ഗവ. ലോ കോളേജ്, എറണാകുളം (വിഷയ വിദഗ്ധ) എന്നിവരെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 158/24.08/3062/AC A7/1/2019** **24/10/2024 തീയതിലെ, പ്രിൻസിപ്പാൾ, കൊച്ചിൻ ആർട്സ് & സയൻസ് കോളേജ്, മനക്കക്കടവ് കോളേജിന്റെ പേര് കെ.എം.എം. കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി , കാക്കനാട് എന്ന് മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ട സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് :-**

കൊച്ചിൻ ആർട്സ് & സയൻസ് കോളേജ്, മനക്കക്കടവ് എന്ന കോളേജിന്റെ പേര് കെ.എം.എം. കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, കാക്കനാട് എന്ന് മാറ്റുന്നതിന് ടി കോളേജിന്റെ എഡ്യൂക്കേഷണൽ ഏജൻസി സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 159/24.08/52219/AC B7-2/2024** **എറണാകുളം, സെന്റ് തെരേസാസ് സ്വയംഭരണ കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-2025 അക്കാദമിക വർഷത്തിലേക്ക് നീട്ടി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ പരിശോധന സമിതിയുടെ റിപ്പോർട്ട് സംബന്ധിച്ച് :-**

എറണാകുളം, സെന്റ് തെരേസാസ് സ്വയംഭരണ കോളേജിലെ വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-2025 അക്കാദമിക വർഷത്തിലേക്ക് നീട്ടിനൽകുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിനും താഴെ പട്ടിക പ്രകാരമുള്ള സ്വാശ്രയ പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-2025 അധ്യയന വർഷത്തിലേക്ക് നീട്ടിനൽകുന്നതിനും തീരുമാനിച്ചു.

1. BA English Literature & Communication Studies
2. B.Sc. Computer Applications (Triple Main)
3. BA French Language & Literature
4. B.Sc. Apparel & Fashion Design
5. BA Bharathanatyam
6. B.Com – Finance & Taxation (Model I)
7. B.Voc. Food Processing Technology
8. B.Voc. Software Development
9. B.Sc. Psychology
10. B.Sc. Nutrition & Dietetics
11. B.Com – Capital Market (Model I)
12. B.Com – Finance & Taxation (Model I) (Second Batch)
13. Bachelor of Management Studies (International Business) (BMS)

14. BCA (Cloud Technology & Information Security Management)
15. B.Voc Applied Media Studies
16. MA History
17. MA Bharathanatyam
18. M.Com Finance
19. M.Sc.Zoology
20. M.Sc.Mathematics
21. Master of Tourism & Travel Management (MTTM)
22. Masters Programme in Fashion Designing.
23. Masters Programme in Clinical Nutrition & Dietetics
24. MA Malayalam
25. MA Journalism and Mass Communication
26. M.Sc. Applied Statistics & Data Analytics
27. M.Sc. Psychology
28. M.Voc Food Processing Technology
29. PG Diploma in Clinical Nutrition & Dietetics
30. PG Diploma in Fashion Designing
31. PG Diploma in Management in Business Analytics.

**ഇനംനമ്പർ 160/24.08/118023/AC A1-3/2024**

**Ilahia Trust, Muvattupuzha എന്ന എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് 'Ilahia Law College, Muvattupuzha' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ വ്യവസ്ഥകളോടുകൂടിയ ഇടക്കാല അനുമതി പത്രം , സർക്കാർ നിരാക്ഷേപപത്രം എന്നിവ പരിഗണിച്ച് കൊണ്ട് , 2024 -25 അദ്ധ്യയന വർഷം വിദ്യാർത്ഥി പ്രവേശനം നടത്തുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച് :-**

മൂവാറ്റുപുഴ, ഇലാഹിയ ട്രസ്റ്റ് എന്ന വിദ്യാഭ്യാസ ഏജൻസി സ്വാശ്രയ മേഖലയിൽ പുതിയ ലോ കോളേജ് ആരംഭിയ്ക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് Ilahia Trust, Muvattupuzha എന്ന വിദ്യാഭ്യാസ ഏജൻസിയ്ക്ക് 2024-25 അക്കാദമിക വർഷം 'Ilahia Law College, Muvattupuzha' എന്ന പേരിൽ താഴെ പട്ടിക പ്രകാരമുള്ള പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

| Name of the Educational Agency | Name of the College | Programmes Sanctioned |
|---|---|---|
| Ilahia Trust, Market P O, Muvattupuzha, Ernakulam District | Ilahia Law College, Muvattupuzha | • Five year Integrated BA LL.B (Hons) (60 seats)<br>• Three year Unitary LL.B (60 seats) |

**ഇനംനമ്പർ 161/24.08/126529/AC A7-1/2024**

**അൺ എയ്ഡഡ് /സ്വാശ്രയ കോളേജുകൾ - N. Paravur, HDPY കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജ് - 2024-'25 അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2025-'26 അധ്യയനവർഷം പുനരാരംഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് :-**

N. Paravur, HDPY കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BCom (Hons) (Finance & Taxation and Co operation), BA(Hons) Economics എന്നീ പ്രോഗ്രാമുകൾ 2024-25' അധ്യയനവർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2025-26' അധ്യയനവർഷം പുനരാരംഭിക്കുന്നതിനും അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 162/24.08/119621/AC A7-1/2024**

**അൺ എയ്ഡഡ് / സ്വാശ്രയ കോളേജുകൾ – DC School of Management and Technology എന്ന unaided self financing കോളേജും DC School of Architecture and Design എന്ന architectural കോളേജും ലയിപ്പിക്കുന്നതിനു ടി കോളേജുകളുടെ എഡ്യൂക്കേഷണൽ ഏജൻസിയായ ഡിസി കിഴക്കേമുറി ഫൗണ്ടേഷൻ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

DC School of Management and Technology എന്ന Unaided Self Financing Arts and Science കോളേജിന്റെ റെഗുലേറ്ററി ബോഡി UGC -യും DC School of Architecture and Design എന്ന കോളേജിന്റെ റെഗുലേറ്ററി ബോഡി കൌൺസിൽ ഓഫ് ആർക്കിടെക്ചറും ആണ്. ഒരേ മാനേജ്മെന്റിന് കീഴിലുള്ള രണ്ടു കോളേജുകൾ ലയിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ MGU Statutes-ൽ നിലവിലില്ലാത്തതും ടി കോളേജുകൾ വ്യത്യസ്ത റഗുലേറ്ററി ബോഡികളുടെ പരിധിയിൽപ്പെടുന്നതും ആയതിനാൽ DC School of Management and Technology എന്ന unaided self financing കോളേജും DC School of Architecture and Design എന്ന architectural കോളേജും ലയിപ്പിക്കുന്നതിനു ടി കോളേജുകളുടെ എഡ്യൂക്കേഷണൽ ഏജൻസിയായ ഡിസി കിഴക്കേമുറി ഫൗണ്ടേഷൻ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 163/24.08/84701/AC B7-1/2024**

**എറണാകുളം, മഹാരാജാസ് സർക്കാർ സ്വയംഭരണ കോളേജിലെ വിവിധ ഇനങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച് :-**

എറണാകുളം, മഹാരാജാസ് സർക്കാർ സ്വയംഭരണ കോളേജിന് സർവ്വകലാശാലയിൽ വിവിധ ഇനങ്ങളിലെ ഫീസ് കുടിശ്ശിക തീർപ്പാക്കുന്നത് ടി കോളേജ് പ്രിൻസിപ്പലിന് അടിയന്തിര നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 164/24.08/30001/AC A1-3/2019**

**കോതമംഗലം, ഇന്ദിരാഗാന്ധി ട്രെയിനിംഗ് കോളേജ് – 2022-23 മുതൽ 2024-'25 അദ്ധ്യയന വർഷം വരെ കോളേജിനും കോഴ്സിനും താല്ക്കാലിക അഫിലിയേഷൻ തുടരുന്നത് സംബന്ധിച്ച്.**

കോതമംഗലം, ഇന്ദിരാഗാന്ധി ട്രെയിനിംഗ് കോളേജിന് സർക്കാരിൽനിന്നും ലഭിച്ച നിരാക്ഷേപപത്രങ്ങൾ പരിഗണിച്ച്,

- 2022-23 അദ്ധ്യയന വർഷം സർക്കാരിൽനിന്നുള്ള നിരാക്ഷേപപത്രത്തിനു വിധേയമായി നൽകിയ താത്ക്കാലിക അഫിലിയേഷൻ (സർവകലാശാല ഉത്തരവ് നം.3202/ACA1/2023/MGU, തീയതി: 20.03.2023) പ്രകാരം കോതമംഗലം, ഇന്ദിരാഗാന്ധി ട്രെയിനിംഗ് കോളേജിൽ പ്രവേശനം നേടിയതും 2023 -24 അദ്ധ്യയന വർഷം അദ്ധ്യയനം പൂർത്തിയാക്കിയതുമായ 2022-24 ബാച്ച് വിദ്യാർത്ഥികളുടെ പ്രവേശനം ക്രമപ്പെടുത്തുന്നതിനും,
- 2023-24 അദ്ധ്യയന വർഷം സർക്കാരിൽനിന്നുള്ള നിരാക്ഷേപപത്രത്തിനു വിധേയമായി നൽകിയ താത്ക്കാലിക അഫിലിയേഷൻ (സർവകലാശാല ഉത്തരവ് നം.6518/ACA1/2023/MGU, തീയതി : 12.06.2023) പ്രകാരം കോതമംഗലം, ഇന്ദിരാഗാന്ധി ട്രെയിനിംഗ് കോളേജിൽ പ്രവേശനം നേടിയ 2023-25 ബാച്ച് വിദ്യാർത്ഥികളുടെ പ്രവേശനം ക്രമപ്പെടുത്തുന്നതിനും,
- 14.05.2024 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം.3984/ACA1/2024/എം.ജി.യു പ്രകാരം നിയമിതമായ പരിശോധന സമിതി നൽകിയ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് കോതമംഗലം, ഇന്ദിരാഗാന്ധി ട്രെയിനിംഗ് കോളേജിന്റെയും കോളേജിൽ നടത്തുന്ന ബി. എഡ് പ്രോഗ്രാമിന്റെയും താത്ക്കാലിക അഫിലിയേഷൻ 2024-25 അദ്ധ്യയന വർഷത്തേയ്ക്ക് പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 165/24.08/128895/AC A1-1/2024**

**സെൻറ് ജോർജ്ജ്സ് കോളേജ്, അരുവിത്തുറ – M.Sc Mathematics എന്ന സ്വാശ്രയ പ്രോഗ്രാം 2025 -'26 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് – സംബന്ധിച്ച്.**

അരുവിത്തുറ, സെൻറ് ജോർജ്ജ്സ് കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിൽ സ്വാശ്രയ രീതിയിൽ നടത്തിവന്നിരുന്നതും 2024-25' അക്കാദമിക വർഷത്തിൽ താത്കാലികമായി നിർത്തലാക്കിയതുമായ M.Sc Mathematics (SF) എന്ന പ്രോഗ്രാം 2025-26' അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 166/24.08/59108/AC B7-1/2024**

**ചങ്ങനാശ്ശേരി, അസംപ്ഷൻ സ്വയംഭരണ കോളേജിൽ 2024-25" അധ്യയന വർഷം മുതൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചത് സംബന്ധിച്ച് :-**

ചങ്ങനാശ്ശേരി, അസംപ്ഷൻ സ്വയംഭരണ കോളേജിൽ 2024-25' അധ്യയന വർഷം മുതൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കോളേജിൽ 2024-25' അധ്യയന വർഷം മുതൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 167/24.08/132667/AC A7-2/2024**

**പുത്തൻവേലിക്കര, എറണാകുളം, പ്രെസന്റേഷൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, "BCom (Hons) Marketing" പ്രോഗ്രാം- 2024-2025 അക്കാദമിക വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് - സംബന്ധിച്ച് .**

പുത്തൻവേലിക്കര, എറണാകുളം, പ്രെസന്റേഷൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിൽ 2024-25' അധ്യയന വർഷം മുതൽ B. Com (Hons) Marketing എന്ന പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 168/24.08/28798/AC A7-2/2024**

**അൺ-എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ 2024-2025 അദ്ധ്യയന വർഷത്തെ താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാ സമിതിയുടെ റിപ്പോർട്ട്-സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത്-സംബന്ധിച്ച്.**

അൺ-എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ 2024-2025 അദ്ധ്യയന വർഷത്തെ താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, ചുവടെ കൊടുത്തിരിക്കുന്ന കോളേജുകളുടെ 2024-25' അധ്യയന വർഷത്തെ താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതിനും തീരുമാനിച്ചു.

| Sl No | Name of College | Programme | Specialisation | Intake |
|---|---|---|---|---|
| 1 | Siena College of Professional Studies, Edacochi, Kochi. | BA (Hons) English | Cultural Studies & Film Studies | 60 |
| | | BCom (Hons) | Finance and Taxation | 60 |
| | | BCom (Hons) | Finance and Taxation and Accounting | 60 |
| | | BCom (Hons) | Accounting and Co-operation | 60 |
| | | BCom (Hons) | Marketing and Logistics Management | 60 |
| | | B.Sc(Hons) Computer Science | Data Science and Analytics & Web and mobile Technologies | 60 |
| | | BBA (Hons) | Nil | 60 |
| | | BCA (Hons) | Nil | 60 |
| | | M Com Finance and Taxation | | 20 |
| 2 | VNS College of Arts & Science, Konni,Konnappara, Athumpumkulam P.O. Pathanamthitta | 1.BA English (Hons) | Media Studies and Film Studies | 50 |
| | | 2.BCom (Hons) | Co-Operation and Accounting | 60 |

| | | | | |
|---|---|---|---|---|
| | | 3.BCom (Hons) | Finance and Taxation and Marketing | 40 |
| | | 4.BCom (Hons) | Logistics Management & Financial Markets | 60 |
| | | 5.BSc (Hons) Computer Science | Data Science and Analytics | 90 |
| | | 6.BSc (Hons) Zoology and Industrial Microbiology | Nil | 40 |
| | | 7.BBA (Hons) | Nil | 40 |
| | | 8.MA English | Nil | 15 |
| | | 9.M Sc IT | Nil | 15 |
| | | 10.M Com Finance and Taxation | Nil | 18 |

**ഇനംനമ്പർ 169/24.08/27891/AC A7-2/2024** **അൺ എയ്ഡഡ് /സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ-Mar Ivanios College for Advanced Studies, Chengaroor P.O ,Mallappally- 2024 - '25 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

Chengaroor, Mallappally Mar Ivanios College for Advanced Studies,- 2024 -'25 അദ്ധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ പരിശോധനാ സമിതിയായി നിയമിതമായ ഡോ. എ. ജോസ് -ന്റെ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത വിഷയത്തിന്മേൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അഡ്വ. പി.ബി സതീഷ് കുമാർ (സിൻഡിക്കേറ്റ് അംഗം) - നെ പരിശോധനാ സമിതിയായി നിയമിക്കുന്നതിന് തീരുമാനിച്ചു.

## (ii) മുൻ ഇനങ്ങൾ

**ഇനംനമ്പർ OA 12/24.07/88237/DASP-2/2024** **DASP ന്റെ അക്കാദമിക് പാർട്ണർ/സ്കിൽ പാർട്ണർ ആയി പ്രമുഖ റിസേർച്ച് /ട്രെയിനിങ് സ്ഥാപനങ്ങൾ,കോളേജുകൾ,നോൺ -ഗവണ്മെന്റ് ഓർഗനൈസേഷൻ എന്നിവയെ നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് DASP ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് - സംബന്ധിച്ച്**

DASP-ന്റെ അക്കാദമിക് പാർട്ണർ/സ്കിൽ പാർട്ണർ ആയി പ്രമുഖ റിസേർച്ച് /ട്രെയിനിങ് സ്ഥാപനങ്ങൾ, കോളേജുകൾ, നോൺ-ഗവണ്മെന്റ് ഓർഗനൈസേഷൻ എന്നിവയെ നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് DASP ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ OA 13/24.07/116936/AC A4-1/2024** **Ayyappa Institute of Management Studies ,Peerumade -ൽ (FYUGP ) ഒന്നാം സെമസ്റ്റർ വിദ്യാർത്ഥിനിയായ ഭദ്ര അജികുമാർ NSS Hindu College Changanassery -യിലേക്ക് കോളേജ് ട്രാൻസ്ഫർ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ നിലവിലെ കോളേജ് ട്രാൻസ്ഫർ നിബന്ധനകൾ FYUGP വിദ്യാർത്ഥികൾക്കായി പുനഃപരിശോധിക്കുന്നത് സംബന്ധിച്ച വിഷയം - സിന്ഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്. :-**

Ayyappa Institute of Management Studies, Peerumade-ൽ (FYUGP) ഒന്നാം സെമസ്റ്റർ വിദ്യാർത്ഥിനിയായ ഭദ്ര അജികുമാർ NSS Hindu College Changanassery -യിലേക്ക് കോളേജ് ട്രാൻസ്ഫർ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ നിലവിലെ കോളേജ് ട്രാൻസ്ഫർ നിബന്ധനകൾ FYUGP വിദ്യാർത്ഥികൾക്കായി പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് ഇന്റേർ

കോളേജ് ട്രാൻസ്ഫർ റൂൾസ് രൂപപ്പെടുത്തുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുമേഷ് എ.എസ്, ഡോ. ജോജി അലക്സ്, ഹരികൃഷ്ണൻ പി., ഡോ. സുജ റ്റി.വി., എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ OA 22/24.07/14414/DSS SO/2024** | Framing of Rules and Regulations applicable to the contingent – (contesting students, accompanying officials) – representing Mahatma Gandhi University for ensuring discipline and decorum in the Inter-University Youth Festivals (South Zone & National) conducted by the Association of Indian Universities (AIU) .– reg.– |

സർവ്വകലാശാല ഉത്തരവ് നം 4864/DSS/2024/MGU dated 06.06.2024 പ്രകാരം നിയമിതമായ കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 61/24.03/105650/ACA6 SO/2023 (AcAVI/1/RG/629/2023)** | **കൊച്ചി, ദി കൊച്ചിൻ കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. കൊച്ചുത്രേസ്യാ ജോസ് (Dr. Kochuthresia Jose) സർവ്വകലാശാലയുടെ റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടുവാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ –– സംബന്ധിച്ച്.** |

കൊച്ചി, ദി കൊച്ചിൻ കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. കൊച്ചുത്രേസ്യാ ജോസ് –ന് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 62/24.03/105546/ACA6 SO/2023** | **കൊച്ചി, ദി കൊച്ചിൻ കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. രേഖ പി. ജി. (Dr. Rekha P. G.) ടി കോളേജിലെ ഗവേഷണകേന്ദ്രത്തിൽ റിസർച്ച് ഗൈഡായി പ്രവർത്തിക്കുവാനുള്ള സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.** |

കൊച്ചി, ദി കൊച്ചിൻ കോളേജിലെ കോമേഴ്സ് വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറായ ഡോ. രേഖ പി. ജി. –ക്ക് യുജിസി കെയർ ലിസ്റ്റിൽ അംഗീകൃത ജേണലുകളുടെ പട്ടികയിൽ ഉൾപ്പെട്ട ജേണലുകളിലുള്ള മതിയായ പ്രസിദ്ധീകരണങ്ങൾ ഇല്ലാത്തതിനാൽ ടിയാൾ സമർപ്പിച്ച അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ OA 81/24.04/90592/AC A6-3/2023** | **കാഞ്ഞിരപ്പള്ളി സെൻ്റ് ഡൊമിനിക്സ് കോളേജിലെ ബിരുദാനന്തരബിരുദ ബോട്ടണി വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, അതേ കോളേജിലെ തന്നെ ബോട്ടണി വിഭാഗത്തിലെ അസിസ്റ്റൻ്റ് പ്രൊഫസർമാരായ ഡോ. സ്മിത ആർ. ബി, ഡോ. അരുൺരാജ് ആർ. ഡി, ഡോ. പ്രശാന്ത്കുമാർ എസ്, ഡോ. ജ്യോതി എബ്രഹാം എന്നിവരെ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്** |

Resolved to appoint an Inspection Commission comprising Dr. Jogy alex, Member Syndicate as convenor, Dr. Bins Mani, St. Thomas College, Pala as Subject Expert to inspect the Center and submit the report.

**ഇനംനമ്പർ OA 14/24.06/44257/AD A1.1/2019 (PART I)** **Low-paid വിഭാഗം ജീവനക്കാരിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം - ശ്രീമതി ഉഷ കെ എൻ, ക്ലറിക്കൽ അസിസ്റ്റന്റിനെ തസ്തികമാറ്റ നിയമന വ്യവസ്ഥയിൽ അസിസ്റ്റന്റ് തസ്തികയിൽ 39,300-83,000/- ശമ്പളനിരക്കിൽ താൽക്കാലികമായി മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, പ്രസക്തമായ സർക്കാർ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കുന്നത് സംബന്ധിച്ച ശുപാർശ സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് -സംബന്ധിച്ച്.**

ശ്രീമതി. ഉഷ കെ. എൻ. കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും വിദൂര വിദ്യാഭ്യാസം മുഖേന കരസ്ഥമാക്കിയ ബി.എ. സോഷ്യോളജി ബിരുദത്തിന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**<u>ഔട്ട് ഓഫ് അജൻഡ</u>**

**ഇനം നമ്പർ ഒ.എ. 1/24.08** **2025-26 സാമ്പത്തിക വർഷത്തേക്കുള്ള സർവ്വകലാശാലയുടെ ബഡ്ജറ്റ് കരട് നിർദ്ദേശങ്ങൾ - സംബന്ധിച്ച്.**

സാമ്പത്തികകാര്യ സമിതിക്ക് വേണ്ടി സിൻഡിക്കേറ്റിന്റെ സാമ്പത്തികകാര്യ സ്റ്റാൻഡിങ് കമ്മിറ്റി കൺവീനർ ശ്രീ. ഹരികൃഷ്ണൻ പി അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് അംഗീകരിക്കുവാൻ തീരുമാനിച്ചു.

(അനുബന്ധം-1)

**ഇനം നമ്പർ ഒ.എ. 2/24.08/130422/CBCSS.16-1/2024** **തൃക്കാക്കര, ഭാരത മാതാ കോളേജ്-ലെ - B.Sc. Physics Model II Computer Applications പ്രോഗ്രാമിന്റെ 2023 അഡ്മിഷൻ ബാച്ചിലെ 22 വിദ്യാർത്ഥികൾക്ക് രണ്ടാം സെമസ്റ്റർ മെയ് 2024 പരീക്ഷയിൽ ഇന്റേണൽ മാർക്ക് കോളേജിൽ നിന്നും തെറ്റായി രേഖപ്പെടുത്തിയത് തിരുത്തുന്നതിനുള്ള പ്രിൻസിപ്പലിന്റെ അപേക്ഷ സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-എക്സാമിനേഷന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ. 3/24.08/1138452/EH 7-1/2024** **അങ്കമാലി, ഡീപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി -2024 അഡ്മിഷൻ എം.കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ (SF) വിദ്യാർത്ഥിയായ Paul George ന്റെ പി ജി പ്രവേശന യോഗ്യത - സംബന്ധിച്ച്:-**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി- എക്സാമിനേഷന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ.4/24.08/105614/DASP-2/2024/DASTP** **DASP-ൽ താത്കാലിക ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സോഫ്റ്റ്‌വെയർ ഡവലപ്പറായ ശ്രീ. രോഹിത് കെ പി- work from home വ്യവസ്ഥ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്**

ഇനം പിൻവലിച്ചു.

**ഇനം നമ്പർ ഒ.എ്.5/24.08/4134883/AC B7-1/2024** **ചങ്ങനാശേരി, എസ് ബി കോളേജിന് മുൻ. വർഷങ്ങളിലെ അഫിലിയേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് അനുമതി നൽകിയത് സംബന്ധിച്ച്**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-അഫിലിയേഷന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ്.6/24.08/145151/EA 2-1/2024/EXAM** **റാന്നി സെന്റ് തോമസ് കോളേജിലെ സ്റ്റുഡന്റ്സ് ഫെഡറേഷൻ പ്രസിഡന്റ് സമർപ്പിച്ച പരാതി - എക്സാം വിജിലൻസ് സ്ക്വാഡ് അംഗങ്ങളിൽ നിന്നുമുണ്ടായ മോശം പെരുമാറ്റം - സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി- എക്സാമിനേഷന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ്.7/24.08/145809/DSS SO/2024** **മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ (2022-23)-ന്റെ ആഭിമുഖ്യത്തിൽ, 2024 ജൂൺ 21, 22, 23 തീയതികളിൽ (പുനഃനിശ്ചയിക്കപ്പെട്ട തീയതികൾ) എറണാകുളം മഹാരാജാസ് കോളേജിൽ വച്ച് ലിറ്ററേച്ചർ ഫെസ്റ്റ് സംഘടിപ്പിച്ച വകയിൽ ചെലവഴിച്ച തുക - അനുവദിക്കപ്പെട്ടതിലും അധികമായി ചെലവഴിച്ച തുക തിരിച്ച് നൽകുന്നത് സംബന്ധിച്ച് :-**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-ഫിനാൻസ്-ന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ്.8/24.08/105611/AC A 12-3/2024** **എം.എഡ്. പ്രോഗ്രാമിന്റെ ഭാഗമായിട്ടുള്ള തീസിസ് സമർപ്പിച്ച് കോഴ്സ് പൂർത്തിയാക്കുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. നെൽസൺ തോമസ് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി-അക്കാദമിക് അഫയേഴ്സ്-ന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ്.9/24.08/147359/OFFICE OF THE CE 1/2024** **മാന്നാനം സെൻറ് ജോസഫ്സ് ട്രെയിനിംഗ് കോളേജിലെ 2023-25 അഡ്മിഷൻ B.Ed വിദ്യാർത്ഥികളുടെ Recognition നടപടികൾക്കായി സമർപ്പിച്ച ഒറിജിനൽ PG ഡിഗ്രി സർട്ടിഫിക്കറ്റുകൾ കാണാതായത് - അന്വേഷണ കമ്മീഷനെ നിയമിക്കുന്നത് - സംബന്ധിച്ച്**

മാന്നാനം സെൻറ് ജോസഫ്സ് ട്രെയിനിംഗ് കോളേജിലെ 2023-25 അഡ്മിഷൻ B.Ed വിദ്യാർത്ഥികളുടെ Recognition നടപടികൾക്കായി സമർപ്പിച്ച ഒറിജിനൽ PG ഡിഗ്രി സർട്ടിഫിക്കറ്റുകൾ കാണാതായ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ഡോ. സുജ ടി. വി എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ്.10/24.08/139420/Ac A1-2/2024** **ചൂണ്ടി, ഭാരത് മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് - അധ്യാപികയെ ജാതിപ്പേര് വിളിച്ചാക്ഷേപിച്ചതുമായി ബന്ധപ്പെട്ട് സർവകലാശാലയിൽ സമർപ്പിച്ച പരാതി സംബന്ധിച്ച്:-**

ചൂണ്ടി, ഭാരത് മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിലെ അധ്യാപികയെ ജാതിപ്പേര് വിളിച്ചാക്ഷേപിച്ചതുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. പി. ബി. സതീഷ് കുമാർ, ശ്രീ. അരുൺ കെ. ശശീന്ദ്രൻ, ഡോ. സുജ ടി. വി. എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ:11/24.08**

**Degrees to be awarded to successful candidates who have passed various examinations conducted by the University under different faculties – reg.**

Resolved to award Certificate/Degree/Diploma to successful candidates who have passed various examinations conducted by the University, including the candidates of Autonomous Colleges under the University, who have followed University regulations under different faculties till 31.12.2024.

**ഇനം നമ്പർ ഒ.എ. 12/24.08**

**06.01.2025 മുതൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടക്കുന്ന ഇന്റർ-വാഴ്സിറ്റി വോളിബോൾ ചാമ്പ്യൻഷിപ്പ് – കോട്ടയം ഡിസ്ട്രിക്ട് വോളിബോൾ ടെക്നിക്കൽ കമ്മിറ്റി സമർപ്പിച്ച പരാതി – നടപടികൾ കൈക്കൊള്ളുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലാ തലത്തിൽ നടത്തുന്ന എല്ലാ മത്സരങ്ങളും കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ ചുമതലയിൽ നടത്തേണ്ടതാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 08.02.2023 തീയതീയതിയിലെ HDN-E1/91/2022-HEDN നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുള്ളതിനാൽ, 06.01.2025 മുതൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടക്കുന്ന ഇന്റർ-വാഴ്സിറ്റി വോളീബോൾ ചാമ്പ്യൻഷിപ്പ് ഗവൺമെന്റിന്റെ അംഗീകാരമുള്ള ഒഫീഷ്യലുകളുടെ നിയന്ത്രണത്തിൽ മാത്രം നടത്തുന്നതിനും ഇത്തരത്തിലുള്ള നിർദ്ദേശം ഡയറക്ടർ, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ്-ന് നൽകുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ. 13/24.08/145608/EA 2-2/2024**

**ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകളുടെ ഫലപ്രഖ്യാപനവുമായി ബന്ധപെട്ട് FYUGP മോണിറ്ററിങ് കമ്മിറ്റിയുടെ ശിപാർശ – മാർക്ക് എൻട്രിയിൽ വരുത്തുന്ന പിഴവ്, പുനർമൂല്യനിർണ്ണയം, ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ ലഭ്യമാക്കുന്നത് – ഫീസ് നിശ്ചയിക്കുന്നത് – സംബന്ധിച്ച്.**

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷകളുടെ മാർക്ക് എൻട്രിയിൽ കോളേജിന്റെ ഭാഗത്തു നിന്നും സംഭവിക്കുന്ന പിഴവുകൾക്ക്, ഒരു വിദ്യാർത്ഥിക്ക് ഒരു മാർക്ക് എൻട്രിയുടെ കറക്ഷന് (CCA, ESE വെവ്വേറെ (തിയറിയുടെയും പ്രാക്ടിക്കലിന്റെയും)), Rs. 200/- (ഇരുന്നൂറ് രൂപ മാത്രം) രൂപ നിരക്കിൽ പിഴ ഈടാക്കുന്നതിന് തീരുമാനിച്ചു.

MGU-UGP ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ റീവാല്യുവേഷൻ ഫീസ് നിലവിലുള്ള ബിരുദ പ്രോഗ്രാമുകളുടെ നിരക്കിൽ നിശ്ചയിക്കുന്നതിനും, ഉത്തരക്കടലാസുകളുടെ പകർപ്പുകൾ വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന പക്ഷം സ്കാൻ ചെയ്ത് E-mail മുഖാന്തരം നൽകുന്നതിന് ഒരു കോഴ്സിന് Rs. 300/-(മുന്നൂറ് രൂപ മാത്രം) രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ. 14/24.08/99473/EA 1-2/2024**

**പരീക്ഷ കലണ്ടർ 2025 – അംഗീകാരം നൽകുന്നത് സംബന്ധിച്ച്**

സർവ്വകലാശാലയുടെ 2025 വർഷത്തെ എക്സാമിനേഷൻ കലണ്ടറിന്റെ കരട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

(അനുബന്ധം-2)

**ഇനം നമ്പർ ഒ.എ. 15/24.08/146308/AC A7-3/2024 അൺഎയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ - റാവുത്തർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കോഴഞ്ചേരി, സെൻറ് ഗ്രിഗോറിയസ് കോളേജ് ഓഫ് സോഷ്യൽ സയൻസ്, പരുമല എന്നീ കോളേജുകളുടെ 2024-2025 അധ്യയന വർഷത്തെ അഫിലിയേഷന് പുതുക്കുന്നത് സംബന്ധിച്ച്**

കോഴ്സുകൾ നടത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളൊരുക്കാമെന്ന അഫിഡവിറ്റ് സർവ്വകലാശാലയിൽ സമർപ്പിച്ചിരിക്കുന്നത് പരിഗണിച്ച്, റാവുത്തർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കോഴഞ്ചേരി, സെൻറ് ഗ്രിഗോറിയസ് കോളേജ് ഓഫ് സോഷ്യൽ സയൻസ്, പരുമല എന്നീ കോളേജുകളുടെ താഴെ പട്ടിക പ്രകാരമുളള പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-2025 അക്കാദമിക വർഷത്തിലേക്ക് പുതുക്കിനൽകുന്നതിന് തീരുമാനിച്ചു.

| Sl.No | Name of The College | Programme | Specialization | Intake |
|---|---|---|---|---|
| 1. | Rawther College of arts and Science, Kozhenchery, Pathanamthitta. | 1. BA (Hons) | Cultural Studies and Film Studies | 24 |
| | | 2. BBA (Hons) | Nil | 40 |
| | | 3. BCom(Hons) | Co-Operation and Finance and Taxation | 40 |
| 2. | St. Gregorious College of Social Sciences, Parumala. | 1. MSW(Medical Psychiatry) | Nil | 25 |

**ഇനം നമ്പർ ഒ.എ. 16/24.08/27614/AD A7-3/2024 സർവ്വകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി/ഇന്റർ സ്കൂൾ സെന്ററുകൾക്ക് ഗസ്റ്റ് അധ്യാപക (അസിസ്റ്റന്റ് പ്രൊഫസ്സർ ഓൺ കോൺട്രാക്ട്) തസ്തികകൾ അനുവദിക്കുന്നത് - 14.11.2024 തീയതിയിലെ സിൻഡിക്കേറ്റ് യോഗ തീരുമാനം പരിഷ്കരിക്കുന്നത് - സംബന്ധിച്ച്.**

14.11.2024 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനം. നമ്പർ: 238/24.07/27614/AD A7-3/2024 പ്രകാരമുള്ള തീരുമാനം താഴെപ്പറയും പ്രകാരം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

ഇന്റർ യൂണിവേഴ്സിറ്റി/ഇന്റർ സ്കൂൾ സെന്ററുകളിൽ ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ അതത് സെന്ററുകളുടെ ഫണ്ട് ഉപയോഗിച്ച് സംവരണ തത്ത്വങ്ങൾ പാലിച്ച് സർവ്വകലാശാലയിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിച്ച് ഗസ്റ്റ്/കോൺട്രാക്ട് ഫാക്കൽറ്റികളെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ. 17/24.08/54109/P&D 1-1/2023 PRICE 3 (Project Information and Cost Estimation) software സർവ്വകലാശാലയിൽ നടപ്പിലാക്കുന്നത് - 100 ലക്ഷം രൂപ വരെയുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം സർവകലാശാല എഞ്ചിനിയർക്ക് നൽകുന്നത് - സംബന്ധിച്ച്:-**

PRICE 3 (Project Information and Cost Estimation) സോഫ്റ്റ്‌വെയർ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, PRICE-ൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന ഭരണ വിഭാഗത്തിന്റെ നിലവിലെ അധികാരം നിലനിർത്തുന്നതിനും, 100 ലക്ഷം രൂപ വരെയുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം സർവകലാശാല എഞ്ചിനിയർക്ക് നൽകുന്നതിനും തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ. 18/24.08/147141/PR 6-1/2024 പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ - ശ്രീമതി. ധനലക്ഷ്മി ഒരേ സമയം രണ്ട് കോഴ്സുകൾ പാസ്സായത് അംഗീകരിച്ച് നൽകണമെന്ന അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നത് - സംബന്ധിച്ച്.**

വിദ്യാർത്ഥിനിയുടെ അപേക്ഷ പരിഗണിച്ച്, രണ്ട് പ്രോഗ്രാമുകളും വിജയകരമായി പൂർത്തീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ ഒരു കോഴ്സ് ക്യാൻസൽ ചെയ്യാതെ തന്നെ പാസ്സായ രണ്ട് കോഴ്സുകളും അംഗീകരിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ. 19/24.08** **MGU UGP Honours – Printing Allowance – Reg.**

MGU UGP Honours മൂല്യനിർണ്ണയത്തിന് ചോദ്യപേപ്പർ, മാർക്ക് ഷീറ്റ്, സ്കീം ഓഫ് വാല്വേഷൻ എന്നിവ പ്രിന്റ് എടുക്കുന്നതിന് കോപ്പി ഒന്നിന് Rs. 30/- (മുപ്പത് രൂപ മാത്രം) രൂപ ക്രമത്തിൽ അനുവദിക്കുന്നതിന് സ.ഉ.നം.11050/EA2/2024/എം.ജി.യു. തീയതി 07.12.2024 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരമുള്ള പ്രിന്റിങ് ചാർജ്ജിന് അനുയോജ്യമായ Head of Account അനുവദിക്കുന്നതിന് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ. 20/24.08** **മൂന്ന് മേഴ്സി ചാൻസ് അവസരം കഴിഞ്ഞ MBBS വിദ്യാർത്ഥികൾക്ക് മേഴ്സി ചാൻസ് അവസരം നൽകുന്നത് സംബന്ധിച്ച്:-**

നിലവിൽ UG/PG/Paramedical/LLB കോഴ്സുകൾക്ക് മൂന്ന് മേഴ്സി ചാൻസ് അവസരവും കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഒരു ലാസ്റ്റ് ആൻഡ് ഫൈനൽ മേഴ്സി ചാൻസ് അവസരം നൽകുന്നതിന് സ.ഉ.നം. 4958/EI33/2024/MGU തീയതി 10.06.2024 പ്രകാരം തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്. മൂന്ന് മേഴ്സി ചാൻസ് അവസരം കഴിഞ്ഞ MBBS കോഴ്സ് വിദ്യാർത്ഥികൾക്കും സമാനമായി ഒരു ലാസ്റ്റ് ആൻഡ് ഫൈനൽ മേഴ്സി ചാൻസ് അവസരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ. 21/24.08** **സർവ്വകലാശാലയിലെ ഐ.ടി./ഇ-ഗവേണൻസ് സംബന്ധമായ നയപരമായ തീരുമാനങ്ങൾ – സംബന്ധിച്ച്.**

സർവ്വകലാശാലയിലെ ഐ.ടി./ഇ-ഗവേണൻസ് സംബന്ധിച്ച് കൈക്കൊള്ളേണ്ട നയപരമായ തീരുമാനങ്ങൾ സംബന്ധിച്ച എല്ലാ ഫയലുകളും സിൻഡിക്കേറ്റിൽ സമർപ്പിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

**ഇനം നമ്പർ ഒ.എ. 22/24.08/185109/P&D 1-1/2022** **സിൽവർ ജൂബിലി പരീക്ഷ ഭവനിൽ room No. 104, 124, 127, 126 ലെ കേടായ cubicles പൊളിച്ച് പുതിയത് നിർമിക്കുക, room no.124 ൽ കർട്ടൻ ഇടുക എന്നീ പ്രവൃത്തികൾക്കായി സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച ₹7,45,800/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് – സംബന്ധിച്ച്.**

14.11.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നം.178/24.07/185109/P&D1-1/2022 തീരുമാനം താഴെപറയുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

